L 241

# ഇരുപത്തിരണ്ടാം നൂററാണ്ട്

രാഹുൽ
സാംകൃത്യായൻ

ശ്രീകൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

4319
L. 241

# ഇരുപത്തിരണ്ടാം നൂററാണ്ട്.

# ERUPATHIRANDAM NOOTTANDU

*By*

*Rahul Samkrithyayan*

*Translated by*

*C. Chandrasekharan*

---

Published by

**CURRENT BOOKS**

TRICHUR.

Rs. 1. Np 25.

# ഇരുപത്തിരണ്ടാം നൂററാണ്ട്.

4319
L241

രാഹുൽ സാംകൃത്യായൻ

SREE KRISHNA VILASAM GRANTHASALA
Reg: No. 01 NTA 28
MALAYINKIL

പരിഭാഷകൻ:
സി. ചന്ദ്രശേഖരൻ.

NATIONAL BOOK STALL
TRIVANDRUM-1

---

പ്രസാധകന്മാർ
കറൻറ് ബുക്സ്,
തൃശ്ശൂർ.

1ക. 25 പൈസ.

Copies 1000

1957 MAY

Cover: SANKARAN

Cover Ptg: ORIENTAL PRINTERS

*Printed at*

GOOD LUCK PRESS, TRICHUR:

# മുഖവുര.

4319

പണ്ഡിതനായ ശ്രീ. രാഹുൽ സാംകൃത്യായന്റെ ഭാവനയിൽ നിന്നുടലെടുത്ത രസകരമായ ഒരു യാത്രാവിവരമാണണിതു്. 1924_ൽ ഹസാരിബാഗ് ജയിലിൽ വെച്ചാണു് അദ്ദേഹമിതെഴുതിയതു്. അന്നു തൊട്ടിന്നേവരെ ഒട്ടേറെ പരിവർത്തനങ്ങളുണ്ടായിട്ടുണ്ടു്. ഇന്ത്യയിലും, ലോകത്തിൽ മററെല്ലായിടത്തും.

"ഇരുപത്തിരണ്ടാം നൂററാണ്ടി"ലെ സംഭവവികാസങ്ങളെപ്പററി അദ്ദേഹത്തിന്റെ ഭാവനയിൽനിന്നുയിരെടുത്തിട്ടുള്ള ആശയങ്ങൾ, ~~ലോകത്തിൽ~~ ചിലേടങ്ങളിൽ, പ്രായോഗികമായി വരുന്നുണ്ടെന്നു വായനക്കാർ സമ്മതിക്കും. ആ ആശയങ്ങളെന്തൊക്കെയാണെന്നു നമുക്കൊന്നു നോക്കാം.

കാലികമായ പരിവത്തനങ്ങൾക്കൊത്തു്, മൂലഗ്രന്ഥത്തിൽനിന്നു തന്നെ, ഒഴിച്ചുകൂടാൻ വയ്യാത്ത ചില മാററങ്ങൾ ഞാൻ വരുത്തിയിട്ടുണ്ടു്.

20_4_1957. പരിഭാഷകൻ.

# വിഷയവിവരം.


ദീർഘനിദ്രയ്ക്കുശേഷം.

സേവാഗ്രാമം.

പുതിയലോകത്തിൽ.

നളന്ദാ സർവ്വകലാശാല

ഇരുപതാം നൂററാണ്ട്.

ഗ്രാമവും ഗ്രാമീണരും.

ശിശുസംരക്ഷണകേന്ദ്രം.

തീവണ്ടിയാത്ര.

നളന്ദായിൽ.

വിദ്യാഭ്യാസപദ്ധതി: ശിശുപാഠശാല.

,, ബാലപാഠശാല.

,, യുവപാഠശാല.

ഭരണസമ്പ്രദായം.

നളന്ദായിൽ നിന്നു്.

ഇന്നു്.


★

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്.

4319
L 241

# ദീർഘനിദ്രയ്ക്കുശേഷം.

ഹാ! എന്തൊരു പരിവർത്തനം! ഈ വലിയ വൃക്ഷങ്ങളൊക്കെ ആദ്യം എവിടെയായിരുന്നു? ഈ കൂററൻപാറയും ഇവിടെ ഉണ്ടായിരുന്നില്ലല്ലോ. ഇതെവിടുന്നു വന്നു? അതെ, അക്കാണുന്ന കൊടുമുടിയിൽനിന്നും തെറിച്ചുവീണതാണെന്നു തോന്നുന്നു. പക്ഷെ, വലിയ വലിയ വൃക്ഷങ്ങൾ തിങ്ങിക്കൂടി നില്ക്കുമ്പോൾ, അവയ്ക്കിടയിലൂടെ എങ്ങിനെയാണിവിടെയെത്തുക? ആ വൃക്ഷങ്ങൾ വളർന്നു വരുന്നതിനു മുൻപുതന്നെ ഈ പാറയിവിടെ വന്നു വീണിരിക്കണമെന്നൂഹിക്കയാണെളുപ്പം. ആ വൃക്ഷങ്ങൾ ആകൃതിയിൽ നൂറു കൊല്ലത്തെ വളർച്ചയെത്തിയതാണെന്നു തോന്നുന്നു. അങ്ങിനെയാണെങ്കിൽ ഞാനിവിടെ വന്നിട്ടെത്രനാളായി? അതെയതെ, എനിയ്ക്കോർമ്മയുണ്ട്. ഞാൻ വന്നതു 1924 ഫെബ്രുവരിയിലായിരുന്നു. അതിനുശേഷം നൂറുവർഷമായിട്ടുണ്ടെങ്കിൽ ഇപ്പോൾ 2024 ആയിരിക്കണം

ഇനി ഇവിടുന്നിറങ്ങുവാനും വിഷമം. "ബാഗ്മതി"നദി വളരെ താഴെ ഒഴുകുന്നു. അതിൻെറ തീരത്ത് തലയുയൎത്തി നിന്നിരുന്ന ആ പാറക്കെട്ടുകഠം ഇന്നില്ല. ഞാനിങ്ങോട്ടു കയറിവന്ന ആ കുറുക്കുവഴി ഒരു തോടായിത്തീൎന്നിരിക്കുന്നു. എന്നാൽ പൎവ്വത രാജാവിൻെറ യൗവനം ഒന്നുകൂടി വൎദ്ധിച്ചിരിക്കയാണ്. എമ്പാടും പച്ചപ്പുതന്നെ. ഒരു കൊച്ചരുവിയും, ഇതാ ഒരു ചെറിയ വെള്ളച്ചാട്ടമായി അതു മാറിയിരിക്കുന്നു എന്ത്! ഇനിയുമിവിടെ കാട്ടാറുകളൊഴുകുന്നുണ്ടോ? എന്നാലും ബാഗ്മതിയുടെ കളകള ശബ്ദം അതുതന്നെ. പറയത്തക്ക മാററമൊന്നും അതിന്നു വന്നു ചേൎന്നിട്ടില്ല. മുമ്പു തീരത്തിൽക്കണ്ട ആ മരം ഇപ്പോഠം കാണുന്നില്ല. ഇവിടെത്തന്നെ ഇത്രയധികം മാററമുണ്ടായിരിക്കുന്നു. അപ്പോഠം ജനവാസസ്ഥലങ്ങളിലെ സ്ഥിതിയെന്തായിരിക്കണം? എനിക്ക് അവാച്യമായ ഒരാനന്ദവും അന്യാദൃശമായ ഒരു കുതൂഹലവും തോന്നുന്നു. ഇനി മനുഷ്യലോകം എന്തെന്തു പരിവൎത്തനങ്ങളാണു വരുത്തിവച്ചിട്ടുള്ളതെന്നു കാണുകതന്നെ വേണം. —അതാ ഒരു വഴി. അത് വളഞ്ഞുപുളഞ്ഞു പോകുന്നു. ആ വളവിന്നപ്പുറത്താരെങ്കിലുമുണ്ടാകും. അവരെ കാണണം. അവരിൽ നിന്നെന്തെങ്കിലും വിവരം കിട്ടിയേക്കും.

ഇങ്ങനെ ചിന്തിച്ചുകൊണ്ടു ഞാനെൻെറ ചിരകാല സഹചാരിയായ ഗുഹാന്തരത്തിൽനിന്നും യാത്രതിരിച്ചു. ഏകദേശം അമ്പതോ, അറുപതോ അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ആ ഗുഹയിൽനിന്നും താഴേക്കിറങ്ങിവരാൻ എനിക്ക് കുറച്ചു പ്രയാസപ്പെടേണ്ടിവന്നു. അപ്പോഴാണെനിക്കെൻെറ വസ്ത്രങ്ങളെപ്പററി ഓൎമ്മവന്നത്. ഞാൻ തികച്ചും നഗ്നനായിരുന്നു. എൻെറ വസ്ത്രങ്ങഠം പണ്ടുതന്നെ നശിച്ചുപോയിരിക്കണം. പരിഷ്കൃത ജനസമുദായത്തോടു സമ്പൎക്കംപുലൎത്തേണ്ടതല്ലേ? തീൎച്ചയായും ശരീരംമറക്കുന്നതിന്ന് വസ്ത്രം വളരെ ആവശ്യമാണ്. ഉടനെ ഒരു വൃക്ഷത്തിൽനിന്നും വലിയ വലിയ ഇലകഠം പറിച്ചെടുത്തു കാട്ടുവള്ളികഠംകൊണ്ട് അരയിൽകെട്ടി നഗ്നതമറച്ചു.

ഞാൻ താഴേക്കിറങ്ങിവന്നു. നദി ഒഴുകിപ്പോകുന്നു. ഞാനതിൻെറ തീരത്തുകൂടി നടന്നു. അതാണു നല്ലതെന്നു എനിയ്ക്കു തോന്നി. പരിശുദ്ധമായ ജലം കണ്ടപ്പോറം നല്ലപോലെയൊന്നു കുളിക്കാമെന്നു തോന്നി. നീണ്ട, വിസ്മൃതമായ ഒട്ടനവധി സംവത്സരങ്ങറംക്കുശേഷം ഇന്നാദ്യമായി എൻെറ അഭിലാഷം പൂവിടുകയാണ്; സൂര്യനുദിച്ചുയന്നിരുന്നു. പക്ഷെ, പവ്വതപ്രാന്തങ്ങളിൽ ശൈത്യം നിശ്ശേഷം കുറഞ്ഞിരുന്നില്ല. എങ്കിലും, ഞാൻ നന്നായൊന്നു മുങ്ങിക്കുളിച്ചു കുളി കഴിഞ്ഞപ്പോറം കുറെ ഫലങ്ങറം പഴുത്തുനില്ക്കുന്നതായി കണ്ടു. ഞാനവ പറിച്ചെടുത്തു ആവശ്യംപോലെ ഭക്ഷിച്ചു. അങ്ങിനെ വിശപ്പും ദാഹവും മാററി, നിശ്ചിന്തനായി ഞാൻ മുന്നോട്ടുനീങ്ങി.

ഇവിടെ വന്നപ്പോറം എനിയ്ക്കുറപതുവയസ്സ് പ്രായമായിരുന്നു. തലമുടി മിക്കവാറും നരച്ചു കഴിഞ്ഞിരുന്നു, പക്ഷെ ഇപ്പോറം അതെല്ലാം തുമ്പപൂവിനു തുല്യമായിത്തീന്നിരിക്കുന്നു. വളരെ നാളുകളായി വെള്ളമോ ഭക്ഷണമോ ലഭിക്കാത്തതുകൊണ്ടു എൻെറ ശരീരമാകെ ചുക്കിച്ചുളിഞ്ഞു എന്നാൽ എൻെറ ഉത്സാഹവും പ്രസരിപ്പും മാത്രം ഇനിയുമെന്നെ അപ്പാടെ ഉപേക്ഷിച്ചുവെന്നു പറഞ്ഞുകൂടാ.

നടന്നു നടന്നു നാലഞ്ചുമണിക്കൂർ കഴിഞ്ഞു. കുറെക്കൂടി മുന്നോട്ടുച്ചെന്നപ്പോഴാണ് മുകളിലൂടെ ഘടിപ്പിച്ചിട്ടുള്ള കുറെ കമ്പികറം കണ്ടതു്. വെയിലിൽ മിന്നിയിരുന്നതുകൊണ്ട് ചെമ്പുകമ്പിയാണെന്നു് മനസ്സിലായി മുൻപ് അതൊന്നും കണ്ടിരുന്നതുകൊണ്ടു ഇതൊരു പുതിയ പരിവത്തനമാണെന്നു മനസ്സിലായി. ഒരു പക്ഷെ, ഇവിടെ വിദ്യുഛക്തിയുൽപ്പാദിക്കുന്നുണ്ടാകുമെന്നും ഈ കമ്പികറം വഴി വൈദ്യുതവിതരണം നടത്തുകയായിരിക്കുമെന്നും ഞാനൂഹിച്ചു.

ഞാൻ കുറച്ചുകൂടി മുന്നോട്ടുചെന്നു എൻെറ നാലുഭാഗത്തും പഴവഗ്ഗത്തോട്ടങ്ങളാണ്. ആ തോട്ടങ്ങറംക്കിടയിൽ ഒരു വഴി

കണ്ടു. ആ വഴിയെ പോയാൽ ആരെയെങ്കിലും ദൎശിക്കാനുള്ള സൌഭാഗ്യം സിദ്ധിച്ചെങ്കിലോ എന്നു വിചാരിച്ച് നദീതീരവും വിട്ട് ഞാൻ തോട്ടങ്ങളിലൂടെ നടന്നുതുടങ്ങി വലിപ്പത്തിലും, ആകൃതിയിലും അസാധാരണമായ കാഴ്ചയിൽ മനോഹരമായ ഏത്തക്കായ്, മധുരനാരങ്ങ, കൈതച്ചക്ക മുതലായ പഴത്തു പാകം വന്ന പഴങ്ങൾ എന്നെ ഇരുഭാഗത്തുനിന്നും സ്വാഗതം ചെയ്തുകൊണ്ടിരുന്നു. ആ മനോഹാരിതയെപ്പററി ഞാനെന്തൊന്നു വൎണ്ണിക്കാൻ? ഈ തോട്ടംസൂക്ഷിപ്പുകാരെ കണ്ടിരുന്നെങ്കിൽ..........എന്നു ഞാൻ പലപ്പോഴും വിചാരിച്ചു. പക്ഷെ ഇതുവരെ ആരെയും കണ്ടെത്തിയിട്ടില്ല. ഞാനങ്ങിനെ മുന്നിൽ കാണുന്ന പാതയിലൂടെ മുന്നോട്ടു മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു; അതോടൊപ്പം എൻെറ അടക്കാനാവാത്ത ഔത്സുക്യവും അടിക്കടി വൎദ്ധിച്ചുകൊണ്ടിരുന്നു.

ഓറഞ്ചുതോട്ടങ്ങൾ അവസാനിക്കുകയും ആപ്പിൾത്തോട്ടങ്ങൾ ആരംഭിക്കുകയും ചെയ്തു. നേപ്പാളിൽ ഇതു് നവീനമായൊരു കൃഷിയായിട്ടാണ് എനിക്കു തോന്നിയതു്. ആപ്പിൾത്തോട്ടം പൎവ്വതശിഖരത്തോടൊപ്പം നീണ്ടുകിടന്നിരുന്നു. പൎവ്വതപ്രദേശങ്ങളിൽ പെയ്യുന്ന വെള്ളം മുഴുവനും ചെടികൾക്കു കോട്ടം തട്ടാതെ ഒഴുകിപ്പോകുന്നതിന്നായി തോടുകളും കുഴലുകളുമുണ്ട്.

വഴിയിൽനിന്നും മാറി കുറച്ചു ദൂരെയായി ഒന്നുരണ്ടു വീടുകൾ കണ്ടതുപോലെ തോന്നി. ഇനിയും മുന്നോട്ടുപോയാൽ ആരെയെങ്കിലും കാണാതിരിക്കയില്ലെന്ന് എനിക്കു പരിപൂൎണ്ണമായ വിശ്വാസമുണ്ടായിരുന്നു.

നാലഞ്ചുനാഴികകൂടി നടന്നുകഴിഞ്ഞപ്പോഴാണ് മനുഷ്യശബ്ദം തന്നെ കേട്ടതു്. അടുത്തടുത്തുവരുംതോറും ശബ്ദം പ്രസ്പഷ്ടമായി കേൾക്കാമായിരുന്നു. അനേക സംവത്സരക്കാലം പൎവ്വതപ്രാന്തത്തിലെ ഒരു ഗുഹാന്തരത്തിൽ ഏകാന്തനായി കഴിച്ചുകൂട്ടിയതിനുശേഷം ഇന്നാദ്യമായി മനുഷ്യവൎഗ്ഗത്തിൻെറ മുഴുലവും മനോ

ഹരവുമായ ശബ്ദം ഞാൻ ശ്രവിക്കുകയാണു്. എനിക്കപ്പോൾ അനുഭവപ്പെട്ട ആനന്ദത്തെപ്പററി ഒന്നും വർണ്ണിക്കാതിരിക്കുന്നതാണ് നല്ലതെന്നും തോന്നിപ്പോകുന്നു.

ഞാൻ അടുത്തുചെന്നു. അവർ കുറെ സ്ത്രീകളും പുരുഷന്മാരുമാണ്. പ്രഥമവീക്ഷണത്തിൽതന്നെ അവരുടെ ശുഭ്രമായ വസ്ത്രങ്ങളും ഉല്ലാസപ്രഫുല്ലമായ മുഖഭാവവും കണ്ടപ്പോൾ ഞാൻ വിചാരിച്ചതു്, അവർ നേപ്പാൾ രാജകുടുംബത്തിൽനിന്നു് ഉല്ലാസയാത്രക്കു പുറപ്പെട്ടിരിക്കുന്നവരാണെന്നാണ്. പക്ഷെ ഇപ്പോൾ തോന്നുന്നതങ്ങിനെയല്ല. അവരിൽ ചിലർ വൃക്ഷങ്ങളിൽനിന്നു പഴങ്ങൾ പറിച്ചെടുക്കുകയും മററു ചിലർ കുട്ടകളിലാക്കി അതുകൊണ്ടുപോകുകയുമാണ്. ഒരു പക്ഷെ അവർ പഴങ്ങൾ പെറുക്കിക്കൂട്ടുകയാകാം. പിന്നെ, രാജകുടുംബക്കാരുടെ പരമ്പരാഗതമായിത്തന്നെയുള്ള ഇരുപതു ഗജം നീളമുള്ള പൈജാമയല്ല. ആ സ്ത്രീകൾ ധരിച്ചിരുന്നതു്. അവരുടെ വേഷവിധാനങ്ങളും ഹാവഭാവങ്ങളും ശരീരഘടനയും പ്രവൃത്തനകുശലതയും കാണുമ്പോൾ സാമാന്യക്കാരല്ലെന്നു തോന്നുന്നു; എന്നാൽ രാജവംശക്കാരല്ലതാനും. പുരുഷന്മാർ പാൻറാണ് ധരിച്ചിരിക്കുന്നതു്. കൈകാലുകൾ മഫ്ളർ കൊണ്ട് പൊതിഞ്ഞിരിക്കുന്നു. എല്ലാവരുടേയും കാലുകളിൽ ചെരിപ്പു കാണുന്ന ശരി; അവരെ കാണുകതന്നെവേണം.

ഞാനവരെ സമീപിച്ച് കാൎയ്യങ്ങൾ ഗ്രഹിക്കാൻതന്നെ തീരുമാനിച്ചു.

ഇപ്പോൾ ഞാൻ വളരെ അടുത്തെത്തിയിരിക്കുന്നു. ജോലിയിൽ വ്യാപൃതരായിരിക്കുന്നതുകൊണ്ട് അവരാരും എന്നെ കണ്ടിട്ടില്ല. പക്ഷെ അതാ നോക്കു, അവരിലൊരാൾ എന്നെ നോക്കി കൂട്ടുകാരോടെന്തൊക്കെയൊ സംസാരിച്ചുവല്ലോ എല്ലാവരും എന്റെ നേരെതന്നെ സൂക്ഷിച്ചുനോക്കുകയാണ്. ചിലരെന്റെ പച്ചിലകൊണ്ടു കെട്ടിപ്പടച്ച 'വസ്ത്ര'ത്തിലേക്കു നോക്കുന്നു. മററു ചിലർ നരച്ച "താടി"യിലേക്കും..............

അതാ, ഒരാൾ ഇങ്ങോട്ടുതന്നെ വരുന്നു അയാളിൽനിന്നു് സംഗതികളെല്ലാം എളുപ്പത്തിൽ ഗ്രഹിക്കാമെന്നു് ഞാനാഗ്രഹിച്ചു.

അയാൾ എന്റെ നേരെയാണു വന്നിരുന്നതെങ്കിലും, വർദ്ധിച്ചുകൊണ്ടിരുന്ന ഉൽക്കണ്ഠ എന്നെ ദുർബ്ബലമാനസനാക്കിക്കൊണ്ടിരുന്നു.

4319

# സേവാഗ്രാമം

അയാൾ പതുക്കെപ്പതുക്കെ അടുത്തു വന്നു. "സ്വാഗതം" പറഞ്ഞു. ആ വാക്ക് അയാൾ ഒരിക്കൽമാത്രമേ ഉപയോഗിച്ചുള്ളുവെങ്കിലും അതിന്റെ മന്ദ്രധ്വനി എന്റെ കർണ്ണപുടങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് മുഴങ്ങിക്കേട്ടു. ആ ശബ്ദത്തിന്നത്ര തന്മയത്വവും ആ സന്ദർഭത്തിന്നതിലേറെ വശ്യവശ്യതയുമുണ്ടായിരുന്നു. അനന്തരം ഞങ്ങൾ സംഭാഷണമാരംഭിച്ചു:—

"താങ്കൾ എവിടെനിന്നു വരുന്നു?" ആഗതൻ. "അധികം ദൂരെ നിന്നല്ല. നേരം വെളുത്തു ഏകദേശം രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ ഞാനെന്റെ വാസസ്ഥലത്തുനിന്ന് പുറപ്പെട്ടതാണ്."

"ഇപ്പോൾ"—പെട്ടെന്ന് റിസ്റ്റ്‌വാച്ച് നോക്കിയിട്ട്—"മൂന്ന് മണി കഴിഞ്ഞു' ഇരുപതു മിനിട്ടായിരിക്കുന്നു പിന്നെ........"

അയാൾ ആ വാചകം മുഴുമിപ്പിക്കുന്നില്ല ആ മുഖത്തു അസ്പഷ്ടമായ ചില ഭാവഭേദങ്ങൾ സ്ഫുരിക്കുന്നു. അയാൾ എന്നെ അത്യത്ഭുതത്തോടെ സൂക്ഷിച്ചുനോക്കുന്നു.

"താങ്കളെ ദർശിച്ച മാത്രയിൽ തന്നെ എൻെറ ഹൃദയം ഉൽക്കണ്ഠാകുലമായ് തീൎന്നിരിക്കുകയാണ്. ഇപ്പോൾ എന്താണ് ചോദിക്കേണ്ടതെന്നു'പോലും എനിക്കറിഞ്ഞുകൂടാ." ആഗതൻ

"ഓ. അതു സ്വാഭാവികമാണ്. എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം. എൻെറ ജിജ്ഞാസയും നിങ്ങളുടേതിനേക്കാൾ ഒട്ടും കുറവല്ല. യഥാൎത്ഥത്തിൽ ഇവിടെനിന്നും ഞാൻ താമസിച്ചിരുന്ന സ്ഥലത്തേക്കു അധികം ദൂരമൊന്നുമില്ല എങ്കിലും എനിക്കിവിടെ നടന്നെത്തുന്നതിന്' വളരെ മണിക്കൂറുകൾ വേണ്ടിവന്നു. ശരി. ഇതേതു സംവത്സരമാണ്?"

"കൊല്ലവൎഷം 100"

"ഏതു കൊല്ലവൎഷം?"

"സാൎവ്വഭൗമി. താങ്കൾ ഏതാണ് ചോദിക്കുന്നത്?"

"ക്രിസ്ത്വാബ്ദം"

"ഓ. ക്രിസ്ത്വാബ്ദം 2124."

"ഓഹോ, അപ്പോൾ ഞാൻ ഗുഹയിൽ പ്രവേശിച്ചിട്ടു 200 കൊല്ലമായയോ? എത്ര അസാധാരണമായ പരിവൎത്തനങ്ങളുണ്ടായിരിക്കുന്നു. ശരി. നിങ്ങൾക്കു ചോദിക്കാനുള്ളതൊക്കെ ചോദിച്ചുകൊള്ളു."

"താങ്കൾ ഗുഹയിൽ പ്രവേശിച്ചിട്ടു 200 കൊല്ലമായെന്നോ? അപ്പോൾ ഇതുവരെ ഗുഹയിലായിരുന്നോ? അന്നു താങ്കൾക്കെത്ര പ്രായമായിരുന്നു?"

"60 വയസ്സ്"

"നീണ്ട 260 വൎഷം! എനിക്കിപ്പോൾ 60 വയസ്സാണ്. നൂറും നൂററിരുപതും വയസ്സു പ്രായമുള്ളവർ ഇന്നു സാധാരണയാണെങ്കിലും താങ്കളുടെ പ്രായത്തിനൊത്തവരെപ്പററി ഞാൻ കേട്ടിട്ടുപോലുമില്ല. ഈ സംഗതികൾ കേൾക്കുമ്പോൾ എനിക്കാശ്ചൎയ്യം

തോന്നുന്നു; ഒപ്പംതന്നെ, വളരെയധികം ചോദിക്കാനും അറിയാനുമുള്ള അഭിലാഷം കൂടിക്കൂടി വരികയും ചെയ്യുന്നു. പക്ഷെ, എന്റെ കൂട്ടുകാരും ഔത്സുക്യം പ്രകടിപ്പിക്കുന്നതുകൊണ്ട് താങ്കൾ അവരുടെ സന്നിധിയിൽ വെച്ച് പ്രസ്താവിക്കുന്നതായിരിക്കും കൂടുതൽ നല്ലത്.................അതെ, ഇന്ന് ഇമ്മാതിരിയിലുള്ള വസ്ത്രങ്ങളൊന്നുമല്ല നടപ്പിലുള്ളത്. അതുകൊണ്ടു ബുദ്ധിമുട്ടുതോന്നുന്നില്ലെങ്കിൽ, ഞാൻ നല്ല വസ്ത്രങ്ങൾ കൊണ്ടുവരാം"

"ഓ വളരെ നല്ലത്. ഈ പ്രാഥമികാവശ്യത്തെപ്പററി ഞാനും മുൻപേ ആലോചിക്കാതിരുന്നില്ല."

ഞാൻ പറഞ്ഞു കഴിഞ്ഞപ്പോഴേക്കും അദ്ദേഹം "അർജ്ജുനാ," എന്നുറക്കെ വിളിച്ചു. ഒരു യുവാവോടിയെത്തി അയാൾ സ്മേരവദനനായി എന്നെ സ്വാഗതംചെയ്യുകയും "എന്താണ്?" എന്ന് കൂട്ടുകാരനോടു ചോദിക്കുകയും ചെയ്തു.

"ഈ വീട്ടിൽ വസ്ത്രങ്ങളുണ്ടായിരിക്കും. ഓടിപ്പോയി ഒന്നു രണ്ടു വസ്ത്രങ്ങൾ കൊണ്ടുവരൂ"

"ശരി—" അയാൾ തിരിച്ചുപോയി. രണ്ടുമിനിട്ടിനുള്ളിൽ ശുഭ്രമായ വസ്ത്രങ്ങൾ കൊണ്ടുവന്നു. ഞാൻ ആ വസ്ത്രങ്ങൾ സ്വീകരിച്ചുകൊണ്ടു തന്നെ പറഞ്ഞു:—

"നമുക്കനേകം കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനുണ്ടെങ്കിലും ആദ്യമായിത്തന്നെ പരസ്പരം പേരറിഞ്ഞിരിക്കേണ്ടതാവശ്യമാണല്ലോ? എന്റെ പേരു് "വിശ്വബന്ധു" താങ്കളുടെ?

"സുമേധൻ."

"സുമേധന്നെന്റെ ഹൃദയംനിറഞ്ഞ നന്ദി."

"ഓ, അങ്ങിനെയൊന്നുമില്ല." അദ്ദേഹം വിനയം നടിച്ചു. "ഇപ്പോൾ നമുക്ക് ലഘുഭക്ഷണത്തിന്നുള്ള സമയമായിരിക്കുന്നു. താങ്കൾ നടന്നു നടന്നു ക്ഷീണിച്ചിരിക്കും. നമുക്ക് ലഘുഭക്ഷണം കഴിക്കാം."

"സുമേധൻ, യഥാർത്ഥത്തിൽ നിങ്ങളുടെ സരസമായ സംഭാഷണം എന്നെ തികച്ചും ആകൃഷ്ടനാക്കിയിരിക്കുന്നു. എനിക്ക് നിങ്ങളിൽനിന്നു് അറിയാനും അങ്ങോട്ട് അറിയിക്കാനും ധാരാളമുണ്ട്."

സുമേധനോടൊപ്പം ഞാൻ അടുത്തുള്ള ഒരു വീട്ടിലേക്കു തിരിച്ചു. ഇതിനിടയിൽ പെട്ടെന്നു് ഒരു പീരങ്കിശബ്ദം കേട്ടു. ആദ്യം ഞാൻ ഞെട്ടിത്തിരിഞ്ഞു. പിന്നീടു ചോദിച്ചപ്പോഴാണു മനസ്സിലായതു്, അതു് ലഘുഭക്ഷണത്തെക്കുറിക്കുന്ന സൂചനയാണെന്നാണ്. എന്റെ ജിജ്ഞാസകളിൽ ഒന്നുകൂടി സ്ഥാനംപിടിച്ചു. ഞാൻ വിദൂരതയിലേക്കു കണ്ണയച്ചു. ജോലിയിൽ വ്യാപൃതരായിരിക്കുന്ന ആ സ്ത്രീകളും പുരുഷന്മാരും ഈ വീട്ടിനു നേർക്കു വരികയാണ്.

അവർ വീടിന്നടുത്തെത്തി. ഞാൻ ആകെയൊന്നു കണ്ണോടിച്ചു. ശുദ്ധജലം നിറച്ച എത്രയെത്ര കുഴലുകളാണ്! കുളിക്കാനുള്ള വെള്ളം നിറച്ച എത്രയെത്ര ടബ്ബുകളാണ്! വൃത്തിയും വെടിപ്പുമുള്ള വീട്. മൂന്നുനാലു വലിയ വലിയ മുറികൾ. കുറഞ്ഞതു ഇരുനൂറാളുകൾക്കെങ്കിലും ഒരുമിച്ചിരിക്കുവാൻ സൗകര്യമുള്ള ഒരു ഹാൾ. ഓരോ മുറിയിലും വളരെ വൃത്തിയും കലാഭംഗിയുമുള്ള കസേരകളുമുണ്ട്.

ഞാൻ ഹാളിലേക്കു നോക്കി. വരിയായി മേശകളും കസേരകളും കിടക്കുന്നു. മേശകളിൽ പലതരം മധുരഫലങ്ങൾ നിറച്ച ഓരോ പ്ലെയ്ററ്, പാലു് നിറച്ച ഗ്ലാസ്സ്—മുതലായവ നിരത്തി വച്ചിരിക്കുന്നു. ഞങ്ങൾ ഏകദേശം നൂറുപേരോളമുണ്ടായിരുന്നു; അത്രക്ക് പാത്രങ്ങളും കണ്ടപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടുപോയി. കാരണം, സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതു് എന്നിലൊരു പുതുമയാണുളവാക്കിയതു്.

എല്ലാവരും വന്നുചേർന്നു. ഓരോരുത്തരും മന്ദസ്മിതത്തോടെ എന്നെ അഭിവാദ്യംചെയ്തു. സുമേധൻ സംസാരിക്കാനെഴുന്നേററു.

അദ്ദേഹം തുടൎന്നു:—"സുഹൃത്തുക്കളെ, നമ്മുടെ മാന്യനായ അതിഥിയെ കണ്ടിട്ടു അദ്ദേഹത്തിൽനിന്നു പലതും അറിയാനുള്ള ആഗ്രഹം നമുക്കോരുത്തൎക്കുമുണ്ട്. അതുകൊണ്ടാണ് ഞാൻ തനിയെ എല്ലാം കേൾക്കുന്നതു ശരിയല്ലെന്നു വിചാരിച്ചതു്. ഇതുവരെ ഞാൻ മനസ്സിലാക്കിയതു് നമ്മുടെ അതിഥിയായ വിശ്വബന്ധു 1924 മുതൽ ഇവിടെനിന്നു കദേശം പത്തുപതിമൂന്നുനാഴിക ദൂരെ സ്ഥിതിചെയ്യുന്ന ഒരു ഗുഹയിലായിരുന്നുവെന്നും ഇപ്പോൾ അവിടെ നിന്നാണിങ്ങോട്ടു വന്നിരിക്കുന്നതെന്നുമാണ്."

ഇതു കേട്ടപ്പോഴേക്കും ഓരോരുത്തരുടേയും മുഖത്തു ആശ്ചൎയ്യത്തിൻെറയും ആനന്ദത്തിൻെറയും നേരിയ നിഴൽപ്പാടുകൾ വ്യക്തമായി കണ്ടു പക്ഷെ, ലഘുഭക്ഷണത്തിന്നു നിശ്ചയിച്ച സമയം കഴിയുകയായിരുന്നു. അതുകൊണ്ടു് എല്ലാവരും കൈ കഴുകി വന്നു പ്രത്യേക സ്ഥലങ്ങളിൽ ആസനസ്ഥരായി. സുമേധനും എൻെറ അരികെത്തന്നെ ഇരുന്നു. അദ്ദേഹത്തിന്നടുത്തായി മററൊരു സ്ത്രീയും കൂടിയുണ്ടായിരുന്നു. പിന്നീടവർ അദ്ദേഹത്തിൻെറ ഭാൎയ്യ "സുമിത്ര"യാണെന്നു് മനസ്സിലായി

എല്ലാവരും ഭക്ഷണം കഴിക്കാൻ തുടങ്ങി. ഞാനും ആദ്യം തന്നെ ഒരു കഷണം ആപ്പിൾപഴം സ്വാദുനോക്കി അതിൻെറ അസാധാരണമായ മാധുൎയ്യമെന്നെ ആശ്ചൎയ്യപ്പെടുത്തി. എനിക്കപ്പോൾ തോന്നിയതു് ഞാൻ വളരെ നാളുകൾക്കുശേഷം തിന്നുന്നതുകൊണ്ടായിരിക്കണമെന്നാണ്. പക്ഷെ, അതു ശാസ്ത്രീയമായ രീതിയിൽ ഉൽപ്പാദിപ്പിക്കപ്പെട്ടതിൻെറ ഗുണവും മെച്ചവുമാണെന്നു മനസ്സിലായി. ഞാനധികം വിശന്നിരിക്കുമെന്നു വിചാരിച്ച് എനിക്കു വിഭവങ്ങളെല്ലാം കൂടുതൽ വിളമ്പിയിരുന്നു. നല്ല തുടുതുടുത്ത ഓറഞ്ചു് ഞാൻ തൊലികളഞ്ഞു തിന്നു. ഹാ! എന്തൊരാസ്വാദ്യത! എത്രയോ തവണ ഞാൻ നേപ്പാളിലെ ഓറഞ്ചു തിന്നിട്ടുണ്ട്. എന്നാൽ ഇതുപോലെ മാധുൎയ്യമേറിയതു കിട്ടിയിട്ടേയില്ല. നാരുമില്ല, കുരുവുമില്ല. മുന്തിരിപ്പഴം അതിലേറെ വിശേഷം!

"ഈ മുന്തിരി എവിടെയുണ്ടാകുന്നതാണ്?"

"ഇവിടെനിന്നു നാലഞ്ചുനാഴിക ദൂരെ ഒരു തോട്ടമുണ്ട്."

"ഇപ്പോഴ് ഇവിടെ മുന്തിരിങ്ങയുണ്ടാകുന്നുണ്ടോ?"

"ഓ! ധാരാളം! നൂറിലധികംകൊല്ലമായി ഇവിടെ കൃഷി ചെയ്തു തുടങ്ങിയിട്ട്. ഇപ്പോഴ് ബീഹാർ, ഒറീസ്സ, അലഹബാദ് മുതലായ സ്ഥലങ്ങളിലേക്ക് മുന്തിരി ഇവിടെ നിന്നാണു കയററി അയക്കുന്നത്."

ഭക്ഷണം കഴിഞ്ഞു. എല്ലാവരും അടുത്ത മുറിയിലേക്കു പോയി. അവിടേയും കസേരകഠ നിരത്തിയിട്ടിരുന്നു. സുമേധൻെറ അഭ്യൎത്ഥനയനുസരിച്ച് ഞാനൊരു ചാരുകസേരയിലിരുന്നു.

എല്ലാവരും എന്നെ നോക്കി, ഒരു പ്രത്യേകതയോടെ. അതു അവജ്ഞയുടേയോ, അത്ഭുതത്തിൻേറയോ ആണെന്നു എനിക്കു വ്യക്തമായി അറിഞ്ഞുകൂടാ അങ്ങിനെയാകുന്നതിൽ അവരെ തെററുകാരാക്കിക്കൂടാ, ഒരു പക്ഷെ അവരെന്നെ ഇരുപതാംനൂററാണ്ടിലെ കാട്ടുമനുഷ്യനാണെന്നു കണക്കാക്കിയിരിക്കണം ഒന്നാമതായി ഇവരെന്നെ കാണുന്നതു പച്ചിലകഠകൊണ്ടു നഗ്നതമറച്ചിരിക്കുന്ന ഒരപരിഷ്കൃതനായിട്ടാണ്. രണ്ടാമതായി ഇവൎക്ക് താടിയിലും മീശയിലും യാതൊരു "കമ്പ"വുമില്ല. എൻെറ നരച്ചമീശയും..........

ഇവർ തോട്ടത്തിൽ ജോലിചെയ്യുന്നതായിട്ടാണ് ഞാൻ ആദ്യം കണ്ടതു്. അതുകൊണ്ട് ഇവർ തൊഴിലാളികളായിരിക്കണം അങ്ങിനെയാണെങ്കിൽ ഇവൎക്കു മുതലാളിയുമുണ്ടായിരിക്കണമല്ലോ! ഈ കാണുന്ന തോട്ടങ്ങളുടെയൊക്കെ ഉടമസ്ഥനാരാണെന്നു പല പ്രാവശ്യം ചോദിക്കാൻ തോന്നി. പക്ഷെ എന്തുകൊണ്ടാണെന്നറിഞ്ഞില്ല; എനിക്കു ചോദിക്കാനൊരു വിഷമം..........

---

# പുതിയ ലോകത്തിൽ.

"താങ്കളുടെ വിവരങ്ങളറിയാൻ ഞങ്ങൾക്കതിയായ ആഗ്രഹമുണ്ട്." സുമേധൻ.

"നിങ്ങളേക്കാൾ കൂടുതൽ താൽപ്പര്യം എനിക്കാണ്. എനിക്കതികമൊന്നും പറയാനില്ല. വളരെ കുറച്ച്; ചെറിയൊരു കഥ. ആ ഗുഹയിൽ വരുന്നതിനു മുൻപ് ഞാൻ ബീഹാറിലാണു താമസിച്ചിരുന്നതു്. അവിടത്തെ വിഖ്യാതമായ നളന്ദാ സർവ്വകലാശാലയിലാണ് ഞാൻ പഠിച്ചിരുന്നതും പഠിപ്പിച്ചിരുന്നതും."

"താങ്കൾ നളന്ദാ സർവ്വകലാശാലയിലെ അദ്ധ്യാപകനായിരുന്ന വിശ്വബന്ധുവാണോ? വാസ്തവത്തിൽ, താങ്കളെ നേരിട്ടു കാണാൻ സാധിച്ച ഞങ്ങൾ ഏററവും ഭാഗ്യശാലികളാണ്. ഞാനും മൂന്നുവയസ്സു മുതൽ ഇരുപതുവയസ്സു വരെ അവിടെത്തന്നെയാണു പഠിച്ചതു്. അവിടത്തെ 'വസുബന്ധു" ഭവനത്തിൽ ഞാൻ താങ്കളുടെ പ്രതിമ കണ്ടതായോർക്കുന്നു."

"എന്തു്! ആ വിദ്യാലയം ഇപ്പോഴുമുണ്ടോ?" "ഉണ്ടെന്നു മാത്രമല്ല. ഇന്നതിനോട്ട കിടനില്ക്കത്തക്ക മറെറാരു വിദ്യാലയവു മില്ല. ചരിത്രം, തത്വശാസ്ത്രം, ഭാഷാശാസ്ത്രം, രാജ്യനീതി, മുത ലായ വിഷയങ്ങൾക്ക നാളന്ദ അദ്വിതീയമാണ്."

നളന്ദയുടെ സമുൽക്കഷ്ത്തെപ്പററി കേട്ടപ്പോൾ എൻെറ ഭാവന ഭൂതകാലത്തിൻെറ മധുരചിന്തയിലേറി ചിറകുവിടർത്തി പറക്കാൻ തുടങ്ങി എന്നോടൊപ്പമുണ്ടായിരുന്നവരും പ്രസന്ന ചിത്തരായി കാണപ്പെട്ടു എന്നെ സംബന്ധിച്ചേടത്തോളം അവരുടെ മനോമണ്ഡലത്തിൽ പടന്നുപിടിച്ചിരുന്ന അവജ്ഞയുടെ മാറാലകൾ: (അങ്ങിനെയൊന്നുണ്ടായിരുന്നെങ്കിൽ) തീരെ മാററ പ്പെട്ടുവെന്നു ഞാൻ വിശ്വസിച്ചു ഇപ്പോൾ എല്ലാവരും എന്നെ ഒരവാച്യമായ ആദരാനുഭൂതിയോടെ വീക്ഷിക്കുകയാണ്.

ഞാൻ തുടന്നു:—"ഏകദേശം മുപ്പതുകൊല്ലത്തോളം സർവ്വ കലാശാലയിൽ സേവനമനുഷ്ഠിച്ചതിനുശേഷം ഞാൻ ഇന്ത്യയുടെ വടക്കെ അററത്തേക്ക യാത്രതിരിച്ചു. പലഭാഗങ്ങളും ചുററിയടി ച്ചതിനുശേഷം ആ ഗുഹയിൽ—ഇവിടെനിന്നും പത്തുപതിമൂന്നു നാഴിക ദൂരം കാണും—എത്തിയപ്പോൾ എനിക്കൊരു തരത്തി ലുള്ള നിദ്രയോ ആലസ്യമോ അനുഭവപ്പെട്ടു പിന്നെയെനിക്ക ബോധമുണ്ടായിരുന്നില്ല. ഇന്നാണു ഞാനാ ഗാഢനിദ്രയിൽ നിന്നുണന്നതു്. എഴുന്നേററു എമ്പാടും കണ്ണോടിച്ചപ്പോൾ എങ്ങും ഒരു വിലക്ഷണമായ പരിവർത്തനവും, എൻെറ നേത്ര ങ്ങൾക്ക് ഒരാനന്ദവുമാണ് തോന്നിയതു്. ഇതാണെൻെറ കഥയു ടെ ചുരുക്കം. ഇനി നിങ്ങളെപ്പററി ഞാനറിയാനാഗ്രഹിക്കുന്നു. നിങ്ങളാരാണ്? നിങ്ങളുടെ ജന്മദേശമേതാണ്? നിങ്ങളെന്തു ചെയ്യുന്നു? ഭാഷ നേപ്പാളിയല്ലെന്നു തോന്നുന്നല്ലോ?"

"ഇന്നു നേപ്പാളിഭാഷ പഴയ ഗ്രന്ഥങ്ങളിലും മററുമല്ലാതെ വേറെയെങ്ങും കാണുകയില്ല. ഇന്നിന്ത്യയിലാകമാനം ഒരേ ഒരു ഭാഷയാണുപയോഗിക്കുന്നതു്. എൻെറ പിതാവിൻെറ ജന്മദേശം

'കാട്ട്മാണ്ഡു''വാണ്. പക്ഷെ അദ്ദേഹം നളന്ദയിൽ വിദ്യാഭ്യാസം കഴിച്ചതിനുശേഷം "ഗയാ''ജില്ലയിലെ "ശാകഗ്രാമ''ത്തിൽ ചെന്നു താമസിച്ചു. അവിടെയാണ് ഞാൻ ജനിച്ചതു്. ഇപ്പോൾ എൻെറ മാതാപിതാക്കന്മാർ "ഹസാരിബാഗി''ലുള്ള വയോധിക കേന്ദ്രത്തിലാണ്. ഇപ്പോൾ എൻെറ പിതാവിന്നു് നൂറുവയസ്സു പ്രായം കാണും. എൻെറ ഭാൎയ്യ—സുമിത്ര (അടുത്തിരിക്കുന്ന സ്ത്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) ജനിച്ചതു് കാശിയിൽ: വിദ്യാഭ്യാസം നളന്ദായിലും വിവാഹാനന്തരം ഞങ്ങളൊരുമിച്ചിവിടെ താമസിക്കുകയാണ്. അൎജ്ജുനൻ സിലോണിൽ ജനിച്ചു. ഒരു വയസ്സു പ്രായമായപ്പോൾ അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ "ഗയ''യിൽ വന്നു താമസമാക്കി അദ്ദേഹത്തിൻെറ വിദ്യാഭ്യാസം നളന്ദയിൽ തന്നെ ഭാൎയ്യ—പ്രതിഭ കാശ്മീർകാരിയാണ്. അവർ പഠിച്ചതും നളന്ദയിൽ തന്നെ ചുരുക്കിപ്പറഞ്ഞാൽ, ഇവിടെയുള്ള ഓരോരുത്തരും പല സ്ഥലങ്ങളിൽ നിന്നും വന്നിട്ടുള്ളവരാണ്.

ഈ ഗ്രാമത്തിൽ 5000 പേർ താമസിക്കുന്നു. അതിൽ ഭൂരിഭാഗവും മററു സ്ഥലങ്ങളിൽ നിന്നും വന്നിട്ടുള്ളവരാണ്. ഇതിനു കാരണമുണ്ടു്. കുട്ടികൾക്കു മൂന്നുവയസ്സാകുമ്പോൾ സ്കൂളിൽ ചേൎക്കുന്നു ഇരുപതുവയസ്സുവരെ അവരുടെ താല്പൎയ്യത്തിനനുസരിച്ചു് വിദ്യാഭ്യാസം നേടിയതിനുശേഷം അവരവരുടെ ജന്മസ്ഥലത്തേയ്ക്കോ, ഇഷ്ടമുള്ള മറെറതെങ്കിലും സ്ഥലത്തേയ്ക്കോ പോയി ജോലിയിൽ പ്രവേശിക്കുന്നു.''

"അപ്പോൾ പഴയകാലത്തെക്കാൾ വലിയൊരന്തരം വന്നിരിക്കുന്നു. ശരി. ഒന്നു ചോദിക്കട്ടെ, ഇപ്പോഴത്തെ നേപ്പാൾ രാജാവാരാണ്?''

"രാജാവോ? അങ്ങിനെയൊരു ശബ്ദം തന്നെ ഇന്നു് നാമാവശേഷമായിരിക്കുകയാണ്.''

"ഈ തോട്ടങ്ങളൊക്കെ ആരുടേതാണ്?''

"ഇപ്പോഠം എല്ലാം രാഷ്ട്രത്തിൻേറതാണ്. തോട്ടം തന്നെയല്ല ഈ കാണുന്ന മേശയും കസേരയും സ്ത്രീകളും പുരുഷന്മാരും കുട്ടികളും—എല്ലാവരും രാഷ്ട്രത്തിൻേറതാണ്.

"അപ്പോഠം ഭരണം നടത്തുന്നതു്?"

"ജനങ്ങഠം തിരഞ്ഞെടുക്കുന്ന പ്രതിനിധിസഭയാണ് ഭരണം നടത്തുന്നതു്. ഗ്രാമഭരണം മുതൽ അന്തരാഷ്ട്രഭരണം വരെ ഇങ്ങിനെത്തന്നെയാണ്."

"എന്തു്! ലോകം മുഴുവൻ ഒരു രാഷ്ട്രമായിത്തീൎന്നുവെന്നാണോ പറഞ്ഞതു്?"

"അതെ, 100 കൊല്ലമായി അങ്ങിനെയായിട്ടു്. അതുകൊണ്ടാണു താങ്കഠം തോട്ടത്തിൽവെച്ചു് ഈ കൊല്ലവഷ്മേതാണെന്നു ചോദിച്ചപ്പോഠം, ഞാൻ "സാവ്വഭൗമി 100" എന്നു പറഞ്ഞതു്. (വാച്ചു് നോക്കിയിട്ടു്) "നാലുമണിയായി ഞങ്ങഠം അവശേഷിച്ചിട്ടുള്ള ജോലി മുഴുമിക്കട്ടെ. അഞ്ചുമണിക്കു് നമുക്കു് ഇവിടെനിന്നും ഗ്രാമത്തിലേക്കു യാത്രതിരിക്കാം. ഞാൻ ഗ്രാമപ്രധാനിയെ വിവരമറിയിക്കട്ടെ. വൈകീട്ടു അവിടെ വിശ്രമിക്കുകയും ചെയ്യാം."

"ശരി. നിങ്ങഠം ജോലിചെയ്തുകൊള്ളുക. ഞാനിവിടെയിരുന്നു വിശ്രമിച്ചുകൊള്ളാം."

സുമേധൻ എഴുന്നേററു. മറെറല്ലാവരും തോട്ടത്തിന്നു നേരെ തിരിച്ചു. സുമേധൻ ഫോണിൽ വിളിച്ചു. അതിന്നു മറുപടി കിട്ടി അയാഠം എന്തോ സംസാരിച്ചു. എന്തോ കേട്ടതിന്നു ശേഷം എന്നോടു പറഞ്ഞു:—

"ഞങ്ങളുടെ ഗ്രാമപ്രധാനിയോടാണ് ഞാൻ സംസാരിച്ചതു്. അദ്ദേഹം താങ്കളോടു സംസാരിക്കാനാഗ്രഹിക്കുന്നു. ഞാൻ ജോലിക്കു പോകുയാണ്."

ഇത്രയും പറഞ്ഞ് അയാൾ സ്ഥലംവിട്ടു. ഞാൻ റേഡിയോ ഫോണിന്നടുക്കലെത്തി. അവിടെ കണ്ണാടിയിൽ ഒരു പ്രതിബിംബം കാണുന്നു. ഞാൻ ആശ്ചര്യപ്പെട്ടുപോയി അതെൻെറ പ്രതിബിംബമല്ല. പക്ഷെ, മറെറാരാളുടേതാണെന്നു പറയുവാൻ അടുത്താരേയും കാണുന്നില്ല, അതൊരു ചിത്രവുമല്ല. ഞാനാകെ സ്തബ്ധനായിനിന്നുപോയി. ഒരു നിമിഷം ആ പ്രതിബിംബത്തിൻെറ അധരങ്ങളനങ്ങുന്നു ടെലിഫോണിലൂടെ "ഒരു ശബ്ദം സ്വാഗതം." ഞാൻ—ദേവമിത്രൻ—ഗ്രാമസഭാ പ്രസിഡണ്ടാണ്. ഇപ്പോൾത്തന്നെ സുമേധൻ താങ്കളെപ്പററി പറഞ്ഞതേയുള്ളു. ആദ്യമായിത്തന്നെ, ഞാൻ താങ്കളുടെ വിവരണക്കുറിപ്പുകൾ ഫോട്ടോസഹിതം പാട്നയിലേക്കയക്കുകയാണ് അവിടെനിന്നും ആറുമണിക്കൂറിന്നുള്ളിൽ ലോകമാസകലം പ്രസിദ്ധപ്പെടുത്തും. ഞാൻ താങ്കളുടെ ആഗമനത്തെ പ്രതീക്ഷിച്ചിരിക്കുകയാണ്. ഇപ്പോൾ താങ്കൾ ക്ഷീണിച്ചിരിക്കകൊണ്ടു വിശ്രമിക്കാം.

ആ പ്രതിബിംബം മറഞ്ഞു. ഞാൻ വീണ്ടും പൂർവ്വസ്ഥാനത്തേക്കു മടങ്ങി. ശാസ്ത്രത്തിൻെറ പുരോഗതിയിൽ ഞാൻ അഭിമാനംകൊണ്ടു. ആയിരക്കണക്കിന്നു ദൂരെയുള്ള ആരോടും ഒരേ നിമിഷത്തിൽ അഭിമുഖസംഭാഷണം നടത്താനുള്ള സാദ്ധ്യത കൈവന്നിരിക്കുന്നുവെന്നറിയുമ്പോൾതന്നെ നമ്മുടെ ആനന്ദത്തിന്നതിരുണ്ടാകുമോ?

വളരെനാളുകൾക്കുശേഷമാണ് ഞാനിന്നു ദീർഘയാത്രചെയ്തത്. എൻെറ കാലുകൾക്കു തീച്ചയായും വേദനയനുഭവപ്പെടുന്നുണ്ട്. പക്ഷെ, ഒന്നു മയങ്ങാൻപോലും എനിക്കു തോന്നുന്നില്ല. ഏതായാലും ഒന്നു കിടക്കണമെന്ന് വിചാരിക്കുകയായിരുന്നു. അതിനിടക്കു ഞാൻ മറെറാരു മുറിയിലേക്കു നോക്കി. വലിയൊരലമാരി. അതിനടുത്തൊരു മേശ—അവ രണ്ടിലും ധാരാളം പുസ്തകങ്ങൾ അടക്കിയടക്കിവച്ചിരിക്കുന്നു.

ഞാൻ അലമാരിയുടെ അടുത്തായി ഒരു കസേരയിലിരുന്നു. തുറന്നുകിടന്നിരുന്ന ആ അലമാരിയിൽ നിന്നും ഒരു പുസ്തകമെടുത്തു.

അതിന്ന സാധാരണയിൽ കവിഞ്ഞു ഭാരം തോന്നി. തുറന്നുനോക്കിയപ്പോ൦ വെള്ളിനിറത്തിലുള്ള ഒരു തരം ലോഹംകൊണ്ടുള്ള ഏട്ടുകളാണ്. അച്ചടി സുന്ദരമായിരിക്കുന്നു. എവിടെയാണിതച്ചടിച്ചിരിക്കുന്നതെന്നു നോക്കി. നളന്ദാ പ്രസ്സിലാണ്. 2024ൽ 100 കൊല്ലം മുൻപ്. പക്ഷെ, ഇന്നുതന്നെ പ്രസിദ്ധീകരിച്ചതാണെന്നേ ആൎക്കും തോന്നുകയുള്ളൂ. മറിച്ചുനോക്കിയപ്പോ൦ ഓരോ ഏട്ടും വളരെ നേരിയതായിത്തോന്നി. ഒരിഞ്ചു ഘനത്തിൽ ഏകദേശം 3000 പേജുകൾ കൊള്ളിക്കാം ഞാൻ സൂചിക മറിച്ചുനോക്കി. ശാസ്ത്രം, സാഹിത്യം, ചരിത്രം, ഭൂമിശാസ്ത്രം മുതലായ വിഷയങ്ങളെപ്പററിയുള്ള ഇരുനൂറിൽപരം ഗ്രന്ഥങ്ങളുണ്ടവിടെ. ഭാഷാപരമായി നോക്കുമ്പോ൦ മിക്കവാറും ഹിന്ദിയാണ്. കുറച്ചു പുസ്തകങ്ങൾ അന്താരാഷ്ട്രഭാഷയിലും, ഒന്നുരണ്ടെണ്ണം ഇംഗ്ലീഷിലും ആ സമയത്തു ഞാൻ ഏററവും പ്രധാനമായി തിരഞ്ഞെടുത്തതു് "അന്താരാഷ്ട്രസംഘടനാ ചരിത്രം" എന്ന ഗ്രന്ഥമാണ്. പുസ്തകത്തിൻെറ അച്ചടി, ബയിണ്ടിങ്ങ് മുതലായവ വളരെ വിശേഷം. ഇക്കൊല്ലത്തെ പ്രസിദ്ധീകരണമാണിതു്. ഗ്രന്ഥകത്താവു് നളന്ദാ സൎവ്വകലാശാലയിലെ ഒരു ചരിത്രാദ്ധ്യാപകനായ വിശ്വാമിത്രനാണ്. രണ്ടായിരത്തഞ്ഞൂറപേജുള്ള ആ പുസ്തകം ഒരു മണിക്കൂറിൽ വായിച്ചുതീക്കുന്നതസാദ്ധ്യമായതുകൊണ്ടു് ഞാനുള്ളടക്കത്തിലേക്കു നോക്കി.

1924നു ശേഷമുള്ള സുപ്രധാനമായ സംഭവവികാസങ്ങളുടെ ഒരു സമാഹാരമാണതു്:—

1947—ഇന്ത്യയ്ക്കു് സ്വാതന്ത്ര്യം.

1990—സംയുക്ത ഏഷ്യ.

2000—ഏഷ്യ-ആഫ്രിക്ക-ആസ്ട്രേലിയാ സംയോജനം.

2010—യൂറോപ്പ്-അമേരിക്ക സംയോജനം.

2024—അന്താരാഷ്ട്രസംഘടന.

അന്താരാഷ്ട്രസംഘടനയുടെ ഇന്നത്തെ പ്രസിഡണ്ടാരാണെന്നറിയുവാൻ വലിയൊരാഗ്രഹം തോന്നി. ഗ്രന്ഥത്തിൻെറ അവസാനത്തെ അദ്ധ്യായം നോക്കിയപ്പോറം ഭരണത്തലവന്മാരുടെ പേരും ജനനസ്ഥലവും വിദ്യാഭ്യാസസ്ഥലവും സൂചിപ്പിച്ചിരിക്കുന്നതായി കണ്ടു.

ഇന്ത്യക്കാരനായ ഒരു "ദത്ത്" ആണ് അടുത്ത മൂന്നുകൊല്ലത്തേക്കു പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. അദ്ദേഹം "തക്ഷശില"യിലാണ്. അദ്ധ്യയനം നടത്തിയിട്ടുള്ളതു്. 74 വയസ്സ് പ്രായം.

പ്രധാനമന്ത്രി—ഓഹാര, ജപ്പാൻകാരൻ.

വിദ്യാഭ്യാസമന്ത്രി—മനോലിൻ, റഷ്യൻ വനിത.

ആരോഗ്യമന്ത്രി—ഡേവീഡ്, അമേരിക്കക്കാരൻ.

അങ്ങിനെ ഓരോ വകുപ്പിനും ഓരോ രാജ്യക്കാരാണ്. ഞാൻ വളരെ ശ്രദ്ധിച്ചുനോക്കിയിട്ടും സൈന്യവകുപ്പുമന്ത്രിയുടെ പേരു കാണുന്നില്ല. അച്ചടിപ്പിശകായിരിക്കുമോ? പക്ഷെ, ഇത്രയും പ്രധാനപ്പെട്ട ഒരു വാക്കെങ്ങിനെയാണു നഷ്ടപ്പെടുക. ഞാൻ ഓരോ രാഷ്ട്രത്തിലേയും രാഷ്ട്രസഭകളെപ്പററി വായിച്ചുനോക്കി, എങ്ങും പോലീസ്മന്ത്രിയോ പട്ടാളമന്ത്രിയോ ഇല്ല. ഒടുവിൽ സംശയനിവൃത്തിവരുത്താൻ ഞാൻ അവസാനഭാഗത്തിലുള്ള ടിപ്പണികറം മറിച്ചുനോക്കി. അവിടെ സൈന്യം, സേനാനായകൻ, സൈന്യമന്ത്രി എന്നുള്ള പദങ്ങറം കണ്ടു. പക്ഷെ വായിച്ചതിനുശേഷം മനസ്സിലായതു്, ക്രിസ്താബ്ദം 2024ൽ, അതായതു് അന്താരാഷ്ട്രസംഘടന രൂപമെടുത്തതിനുശേഷം, പഴയകാലത്തെ പ്രധാനമായിരുന്ന ആ പദങ്ങളെല്ലാം എടുത്തുകളഞ്ഞിരിക്കുന്നു എന്നാണ്. ഇപ്പോറം ലോകത്തിലൊരിടത്തു സൈനികത്താവളങ്ങളും സൈനാധിപന്മാരുമില്ലത്രെ!

ഇത്രയുമായപ്പോഴേക്കും എല്ലാവരും ജോലി കഴിഞ്ഞു വന്നുചേർന്നു. സുമേധൻെറ അഭ്യർത്ഥനയനുസരിച്ച് ഞാൻ അവരോ

ടൊപ്പം പുറത്തേക്കിറങ്ങി. അവർ തോട്ടങ്ങളിൽനിന്നും ഗ്രാമത്തിലേയ്ക്കു യാത്രതിരിക്കുകയാണ്. ജനൽ മാത്രം അടക്കുന്നതു കണ്ടപ്പോഠം ഞാൻ ചോദിച്ചു:—

"ഇവിടെ രാത്രിയിലാരെങ്കിലും താമസിക്കുന്നുണ്ടോ?"

"എന്താണാവശ്യം?"

"ഈ സാധനങ്ങളൊക്കെ സൂക്ഷിക്കാൻ. അല്ലെങ്കിൽ പൂട്ടിപ്പോകാത്തതെന്താ?"

"പരിചയമില്ലാത്തവർ വൈദ്യുതസെല്ലുകളിൽ അറിയാതെ സ്പർശിച്ചെങ്കിലോ എന്നു ഭയന്ന് ഞങ്ങഠം ഇലക്ട്രിക്ഹൌസുകഠം മാത്രം പൂട്ടിയിടുന്നു. ഇവിടെ പുസ്തകങ്ങഠം തൊട്ടാൽ ആക്കാണുപദ്രവം? യാതൊരു ജീവികളും പ്രവേശിച്ചു സാധനങ്ങഠം കേടുവരുത്താതിരിക്കാൻ മാത്രമാണ് ഞങ്ങഠം ജനലുകളടച്ചിടുന്നതു്."

ജന്തുക്കഠം എന്നു കേട്ടപ്പോഠം ഇവിടെ മുൻപുണ്ടായിരുന്ന കുരങ്ങുകളെപ്പററി എനിക്കോർമ്മവന്നു.

"ആദ്യമാദ്യം ഇവിടെ ധാരാളം കുരങ്ങുകളുണ്ടായിരുന്നല്ലോ? ഇപ്പോഠം എവിടെയാണ്."

"താങ്കഠം 100 കൊല്ലം മുൻപുള്ള കായ്യമാണി ചോദിക്കുന്നതു്. ഇവിടെ ധാരാളം കുരങ്ങുകളുണ്ടായിരുന്നുവെന്നും അവ വിളവു നശിപ്പിച്ചിരുന്നുവെന്നുമൊക്കെ ഞാൻ പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ടു്. അവയെക്കൊണ്ടു നഷ്ടമല്ലാതെ പറയത്തക്ക ലാഭമൊന്നുമില്ലാത്തതിനാൽ ഒന്നടങ്കം പിടിച്ച്, പെൺവർഗ്ഗത്തെ മാത്രം കൂട്ടിലാക്കി ബാക്കിയുള്ളവയെ ഒരു ദ്വീപിലേക്കു വിട്ടു. അങ്ങിനെ ഏറെ നാളുകഠംക്കുള്ളിൽ വംശവർദ്ധനവില്ലാതെയായ് തീരുകയും ആ വർഗ്ഗം നാമാവശേഷമായിത്തീരുകയും ചെയ്തു"

"ഇനി കുരങ്ങുകളൊന്നും ബാക്കിയില്ലേ?"

"കുറച്ചുണ്ടു്. ജന്തുശാസ്ത്രവിദ്യാർത്ഥികളുടെ ആവശ്യാർത്ഥം ലാബറട്ടറികളിൽ സൂക്ഷിച്ചിട്ടുണ്ടു്. ആവശ്യമനുസരിച്ച് ഉല്പാദ

നം വദ്ധിപ്പിക്കുകയും ചെയ്യുന്നു. കുരങ്ങു തന്നെയല്ല; പണ്ടുകാലത്തു മനുഷ്യർ വളരെ ശ്രദ്ധയോടും ശുഷ്കാന്തിയോടും കൂടി പരിപാലിച്ചുകൊണ്ടു വന്നിരുന്ന ധാരാളം മൃഗങ്ങളും ഇന്നു പരീക്ഷണോപയോഗത്തിനു വേണ്ടിയല്ലാതെ മറെറങ്ങും കാണുകയില്ല."

ഞാൻ പഴയകാലത്തെപ്പററി ഓത്തു:—

"പട്ടിയും പൂച്ചയും ഈന്നു ഗ്രാമങ്ങളിലില്ലേ!"

"ഇല്ല. അവയെക്കൊണ്ടെന്താണു പ്രയോജനം?"

റോഡിൽ വാഹനങ്ങറം കണ്ടു. ഞങ്ങറം വണ്ടികളിൽ കയറിയിരുന്നു. ഓരോന്നിലും ഇരുപതാളുകറംക്കിരിക്കാനുള്ള സൌകര്യമുണ്ടു് വണ്ടിയിൽ കയറിയപ്പോറം സംസാരിക്കാൻ കൂടുതൽ സൗകര്യം കിട്ടിയതുകൊണ്ടു് ഞാൻ സംഭാഷണമാരംഭിച്ചു:—

"നേരത്തെ പറിച്ചെടുത്ത പഴങ്ങളെവിടെ?"

"അതൊക്കെ പറിച്ചെടുക്കുന്ന സമയത്തുതന്നെ വണ്ടികളിൽ കയററി അയക്കുന്നു. ഇവിടെ പറിച്ചതിനുശേഷം അധികനേരം സൂക്ഷിക്കുന്നതു നന്നല്ല അതുകൊണ്ടുടനെത്തന്നെ റെയിൽവെസ്റ്റേഷനിലെത്തിക്കുകയും അവിടെ ഐസ് നിറച്ച വണ്ടികളിലാക്കി അതാതു സ്ഥലങ്ങളിലേക്കു കൊണ്ടുപോകുകയും ചെയ്യുന്നു

"ഈ ഗ്രാമത്തിൽ പഴങ്ങറം മാത്രമെ കൃഷിചെയ്യുന്നുള്ളു?"

"അതെ ആപ്പിറംത്തോട്ടങ്ങളാണധികവും അതുകൊണ്ടാണു് ഞങ്ങറം ഈ ഗ്രാമത്തിൻെറ പേരു് "*സേവഗ്രാമ"മെന്നാക്കിയതു് ഇവിടെനിന്നും പതിനഞ്ചുനാഴിക ദൂരെ ഓറഞ്ചുതോട്ടങ്ങറം ധാരാളമുണ്ടു്. കൂടാതെ താങ്കറം വരുമ്പോറം നദീതീരത്തു് ധാരാളം വാഴത്തോട്ടങ്ങളും കണ്ടിരിക്കും."

"ഉവ്വ്. കണ്ടിരുന്നു"

---

* സേവ്=ആപ്പിറം എന്നാണു് ഹിന്ദിയിൽ അത്ഥം,

"അവിടെ വാഴയും ഓറഞ്ചും സുലഭമായി കൃഷിചെയ്യുന്നു ണ്ടു—താങ്കാംക്ക് ഭക്ഷണത്തിനു വിളമ്പിയ വാഴപ്പഴം അവിടെ നിന്നും കൊണ്ടുവരുന്നതാണ്."

"എല്ലാ പഴങ്ങളിലും ഒരു പ്രത്യേക സ്വാദ്ദും, മാധുര്യവും ആകൃതിയിൽ അസാധാരണ വലിപ്പവും കണ്ടു. അതിൻെറ പ്രധാന കാരണമെന്താണ്?"

"ശാസ്ത്രത്തിൻെറ വളച്ച്യുടെ ഫലമാണതു്. ഫലങ്ങളിൽ വിചിത്രമായ രൂപവും ഗന്ധവും വരുത്തുവാൻ മനുഷ്യന്നിന്നു എളു പ്പത്തിൽ സാധിക്കും."

ഞങ്ങാം സംഭാഷണം തുടൎന്നുകൊണ്ടിരുന്നു. റോഡിൻെറ ഇരുഭാഗങ്ങളിലും ആപ്പിാംത്തോട്ടങ്ങാം കാണപ്പെട്ടു. നിരത്തി ൻെറ വലതുഭാഗത്തു് ചിലേടങ്ങളിൽ 400 അടിയും, മററു ചിലേ ടങ്ങളിൽ അതിനു കൂടുതലും താഴെയായി ഒഴുകിക്കൊണ്ടിരുന്നു. നദിയും ഇടത്തുഭാഗത്തു് ഉയൎന്ന പൎവ്വതങ്ങളുമാണ്. വലിയ വലിയ പാറക്കെട്ടുകളൊക്കെ പിഴുതുകളഞ്ഞു് റോഡു വളരെ നി രപ്പാക്കിയതുകൊണ്ടു് ഉയൎന്നഭാഗങ്ങളിലൂടേയും താഴ്ന്നഭാഗങ്ങളി ലൂടേയും വണ്ടി കടന്നുപോകുമ്പോാം യാതൊരു വ്യത്യാസവും അനുഭവപ്പെട്ടന്നില്ല

ആപ്പിളും നാരങ്ങയും എല്ലാ കാലത്തും കൃഷിചെയ്യുകയില്ല ല്ലോ. അതുകൊണ്ടു മററു സമയങ്ങളിൽ ഇവക്ക് ജോലിയെന്താ യിരിക്കും? ഈ ചോദ്യം ഞാൻ ചോദിക്കുന്നതിനു മുൻതന്നെ അടുത്തതായി ചെറിയ ഫലങ്ങാം കണ്ടു. ഞാൻ ചോദിച്ചു:—

"ഈ കാണുന്നതും ആപ്പിാംതന്നെയാണോ?"

"അതെ. പക്ഷെ, തരത്തിൽ സാധാരണ ആപ്പിളും ഇതും തമ്മിൽ സാരമായ വ്യത്യാസമുണ്ടു്. വലിപ്പവും ഭംഗിയും ഇതിനാ ണ് കൂടുതൽ രണ്ടുമാസത്തിനുള്ളിൽ ഇവയും പാകംവരും. ചുരു ക്കിപ്പറഞ്ഞാൽ ഞങ്ങളുടെ ഗ്രാമത്തിൽ എല്ലാ കാലത്തും പഴങ്ങളു ണ്ടാകുകയും പറിച്ചെടുക്കുകയും ചെയ്യുന്നു."

ഞങ്ങഠം കയറിയിരുന്ന വാഹനം റെയിൽവെപാളയത്തി നട്ടത്തെത്തി. അടുത്തുതന്നെ ഒരു തീവണ്ടി നില്ക്കുന്നതു കണ്ടു. ഞാൻ ചോദിച്ചു:—

"ഈ തീവണ്ടി എവിടെപ്പോകുന്നു?"

"ഖാട്ട്മണ്ഡുവിലേക്ക്."

4319

എനിയ്ക്കടക്കാനാകാത്ത ആശ്ചര്യം തോന്നി!

"ആ പവ്വതത്തിലൂടേയും തീവണ്ടിപോയിത്തുടങ്ങിയോ? മുൻപൊക്കെ അവിടെ ഭാരവണ്ടി മാത്രമെ പോയിരുന്നുള്ളു. അന്ന് "ഫർപ്പിങ്" പവ്വർഹൌസിൽ നിന്നാണ് വിദ്യുച്ഛക്തി ഉല്പാദിപ്പിച്ചിരുന്നത്.

"ഇന്നവിടെ പവ്വർഹൌസൊന്നുമില്ല മുൻപു ചന്ദ്രശേഖർ എന്നൊരു രാജാവ് ആ രാജ്യത്തിൻെറ പുരോഗതിയെമാത്രം ലാക്കാക്കി പവ്വർഹൌസ് സ്ഥാപിച്ചുവെന്നും; നൂറനൂററമ്പതു കൊല്ലങ്ങഠംക്കശേഷം അതു തീരെ നിഷ്ഫലാക്കിയെന്നും ഞാൻ പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്.

"നിഷ്ഫലാക്കാൻ കാരണമെന്താണെന്നറിയാമോ?"

"അടുത്തടുത്തുള്ള പവ്വതങ്ങളിൽനിന്നു വരുന്ന വെള്ളം മുഴുവനും ഒരു ജലാശയത്തിൽ നിറച്ച് അതിൽ നിന്നാണ് വിദ്യുച്ഛക്തിയുല്പാദിപ്പിച്ചിരുന്നത്. തന്മൂലം പവ്വതങ്ങളിലെ പച്ചപ്പു മുഴുവനും നഷ്ടപ്പെട്ടു കൂടാതെ നേപ്പാഠം രാജാവ് മററു ചില കാര്യ്യങ്ങഠം കൂടി ചെയ്തു"

"എന്താണ്?"

"അദ്ദേഹം പവ്വതമൊക്കെ വെട്ടിത്തെളിയിച്ച് അവിടം കൃഷിക്കുപയുക്തമാക്കിത്തീർത്തു."

"അതുകൊണ്ടെന്താണു ദോഷം."

"പൎവ്വതപ്രാന്തങ്ങളിൽ മഴ കുറഞ്ഞു. ഒടുവിൽ അവശരും നിരാശ്രയരുമായ ജനങ്ങൾക്ക് ആ സ്ഥലവുമുപേക്ഷിച്ച് ഓടിപ്പോകേണ്ടിവന്നു."

"ശരി! ഇപ്പോൾ ആ പവ്വർഹൌസ് നിൎത്തലാക്കിയതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ?"

"ഓ! ധാരാളം. താങ്കൾ ഇപ്പോൾ അങ്ങോട്ടുപോകുന്നതായാൽ അവിടത്തെ പച്ചപ്പ് പാടിച്ചുകിടക്കുന്ന പൎവ്വതശ്രേണികൾ കണ്ട് കണ്ണഞ്ചിപ്പോകും. എങ്ങും ആപ്പിൾ, മുന്തിരി, കൈതച്ചക്ക മുതലായ പഴവൎഗ്ഗങ്ങൾ നിറഞ്ഞു നില്ക്കുന്ന തോട്ടങ്ങൾ കാണാം. പൎവ്വതസാനുക്കൾ ഇന്നും ആൎദ്രമായിരിക്കുന്നു; അങ്ങുമിങ്ങും നിരവധി കാട്ടാറുകൾ ഒഴുകുന്നു."

"താങ്കൾ നേപ്പാളിലാകമാനം സഞ്ചരിച്ചിട്ടുണ്ടോ."

"ഉവ്വ്. പല പ്രാവശ്യവും സഞ്ചരിച്ചിട്ടുണ്ട്. 30 കൊല്ലമായി ഞാനിവിടെ സ്ഥിരതാമസമാക്കിയിട്ട്. കൊല്ലന്തോറും 3 മാസം വീതം ഞങ്ങൾക്കൊഴിവാണ്. അപ്പോഴാണ് ഞങ്ങൾ യാത്രചെയ്യുക. ഞാൻ പത്തുപന്ത്രണ്ട് ഒഴിവുകാലം നേപ്പാളിലും തിബത്തിലുമായി കഴിച്ചുകൂട്ടിയിട്ടുണ്ട്. എനിയ്ക്കിപ്പോൾ ഈ പ്രദേശങ്ങളിലെ സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ മിക്ക വിവരങ്ങളുമറിയാം."

അദ്ദേഹത്തിൻെറ സംഭാഷണം കേൾക്കുന്തോറും എൻെറ ആഗ്രഹം കൂടിക്കൂടിവന്നു. ഇരുപതാംനൂററാണ്ടിലാണെങ്കിൽ ഇദ്ദേഹം തീൎച്ചയായും ഒരു പ്രൊഫസറാകുമായിരുന്നു. പക്ഷെ ഇന്നദ്ദേഹം സാമാന്യജനതയിലെ ഒരംഗമെന്നുമാത്രമേയുള്ളൂ. വിദ്യാഭ്യാസത്തിൻെറ അന്തസ്സ് കൂട്ടുകയോ കുറയുകയോ? ഞാനദ്ദേഹത്തോടു ചോദിച്ചു:—

"താങ്കളുടെ ഈ വിപുലമായ ജ്ഞാനംകൊണ്ടു മററുള്ളവൎക്ക പ്രത്യേകിച്ചു മെച്ചമുണ്ടാകുന്നുണ്ടോ?"

"എന്തുകൊണ്ടില്ല? ഞങ്ങൾക്ക് 4 മണിക്കൂറാണ് ജോലി. ബാക്കിയുള്ള ഒഴിവുസമയങ്ങളിൽ പ്രസംഗങ്ങളും ചർച്ചകളും മററു വിനോദങ്ങളും നടത്തുന്നു."

"ഒരു കാര്യം കൂടി ചോദിച്ചുകൊള്ളട്ടെ നേപ്പാളിലെന്തൊക്കെ ഉല്പാദിപ്പിക്കുന്നുണ്ട്?"

"അവിടെ വിദ്യുച്ഛക്തി ഗണ്യമായ തോതിൽ ഉല്പാദിപ്പിക്കപ്പെടുന്നു. ഇന്ത്യയിലെ ജനങ്ങളിൽ പകുതിയിലധികം പേർക്കും കമ്പിളിവസ്ത്രങ്ങൾ കിട്ടുന്നതും അവിടെനിന്നാണ്."

"നെല്ലും ഗോതമ്പും അവിടെ കൃഷിചെയ്യുന്നില്ലേ?"

"ഇല്ല. ആ വക പദാർത്ഥങ്ങൾ മററു സ്ഥലങ്ങളിൽ നിന്നാണങ്ങോട്ടു പോകുന്നത്. ഇയ്യിടെയായി വിളവധികമുണ്ടാകുന്ന സ്ഥലങ്ങളിൽ മാത്രമേ തക്ക പദാർത്ഥങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ അങ്ങിനെ ഓരോ ഗ്രാമത്തിലും പ്രത്യേക തരത്തിലുള്ള വിളവാണെടുക്കുന്നത്. അതുകൊണ്ടു അതാതു ഗ്രാമങ്ങളിലേക്കു ആവശ്യമനുസരിച്ചു ഉല്പന്നങ്ങൾ അയക്കുന്നു."

ഞങ്ങൾ ഗ്രാമത്തിലേക്കു പ്രവേശിച്ചു ഞാൻ ടെലിഫോൺ വഴി സംസാരിച്ച—കണ്ണാടിയിൽ കണ്ട—ദേവമിത്രൻ—ഗ്രാമപ്രധാനി—സഹപ്രവർത്തകരോടൊപ്പം എന്നെ അഭിവാദ്യം ചെയ്തു. റോഡിന്നിരുഭാഗത്തും വരിവരിയായി പണിതിട്ടുള്ള ഒരുപോലെയുള്ള വീടുകൾ! പുഞ്ചിരിച്ചുനില്ക്കുന്ന ഒട്ടനവധി പൂന്തോട്ടങ്ങൾ! ശുചിയും ആരോഗ്യവുമുള്ള ജനങ്ങൾ! ഒരു പുതിയ ലോകത്തിലേക്ക് പ്രവേശിച്ച അനുഭൂതിയാണെനിക്കുണ്ടായത് എൻെറ ചിന്താശക്തിക്ക് പറഞ്ഞെത്താൻ കഴിയാത്ത ഒരന്യാദൃശമായ പ്രഭാവം എന്നിലുളവായി. ഞാൻ ചിന്തിക്കുകയായിരുന്നു.

ഞാൻ ദേവമിത്രൻെറ പിന്നാലെ നടന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഞങ്ങൾ ഒരു കെട്ടിടത്തിൽ ചെന്നു കയറി. അതിൻെറ പുരോഭാഗത്ത് വലിയ അക്ഷരങ്ങളിൽ "അതിഥിമന്ദിരം" എന്ന് എഴുതപ്പെട്ടിരുന്നു.

ഞങ്ങറം മുറിയിൽ പ്രവേശിച്ചു. അപ്പോറം ദേവമിത്രൻ പറഞ്ഞു:— "താങ്കറം കുറച്ചുനേരം വിശ്രമിക്കണം. അതിനിട യിൽ താങ്കളോട്ട അതുമിതും ചോദിച്ചു ഞങ്ങറം അലട്ടുന്നില്ല. എട്ടുമണിക്കാണു ഭക്ഷണം. അതിനുശേഷം താങ്കളെ ദശിക്കാനാ ഗ്രഹിക്കുന്നവരെല്ലാം സന്ദശനഹാളിൽ എത്തിച്ചേരും. എന്നെ താങ്കറംക്കറിയാമല്ലോ? ഞാൻ ഗ്രാമസഭാ പ്രസിഡണ്ടാണ്. ഈ ഇരുപതുപേരും (അടുത്തു നിന്നിരുന്ന സ്ത്രീകളേയും പുരുഷന്മാരേ യും ചൂണ്ടിക്കാണിച്ചുകൊണ്ട്) ഗ്രാമസഭാംഗങ്ങളാണ്. ഇദ്ദേഹം ഞങ്ങളുടെ രണ്ടാമത്തെ അതിഥി—വിശ്വാമിത്രൻ—നളന്ദാ സവ്വ കലാശാലയിലെ ചരിത്രാദ്ധ്യാപകനാണ്. പണ്ഡിതാഗ്രേസര നായ ഇദ്ദേഹം ചരിത്രപരമായ ചില ഗവേഷണങ്ങറംക്കുവേണ്ടി തിബത്തിലേക്കുപോയിരുന്നു. ഇപ്പോറംത്തന്നെ വിമാനമാഗ്ഗം മടങ്ങിഎത്തിയതേയുള്ളൂ. പിന്നീട്ട സംസാരിക്കുമ്പോറം താങ്കറം ക്ക് ഇദ്ദേഹത്തെ കൂട്ടതൽ പരിചയപ്പെട്ടവാൻ സാധിക്കും."

നേരം ഇരുട്ടിത്തുടങ്ങി. അതുകൊണ്ട് എന്നോടൊപ്പം വന്നിരുന്നവരെല്ലാം യാത്രചോദിച്ചു പിരിഞ്ഞുപോയി. എനി ക്ക് വിശ്രമിക്കാൻ അഞ്ചാംനമ്പർ മുറിയാണ് തന്നിരുന്നതു്. എന്തുകൊണ്ടും സൌകര്യപ്രദമായിരുന്നു ആ മുറി. വിശ്വാമിത്ര നും എന്നോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹം എൻെറ അടുത്തു തന്നെയാണ് ഇരുന്നതു്.

പേരുകേട്ട മാത്രയിൽതന്നെ ഞാൻ തോട്ടത്തിൽവച്ചു വാ യിച്ച ഐതിഹാസികഗ്രന്ഥത്തിൻെറ പ്രണേതാവായ വിശ്വാ മിത്രൻ ഇദ്ദേഹമായിരിക്കുമെന്ന് എനിക്ക് ബോദ്ധ്യമായിക്കഴി ഞ്ഞിരുന്നു; എങ്കിലും ഞാൻ ചോദിച്ചു:—

"അന്താരാഷ്ട്രസംഘടനാചരിത്രം" എന്ന ഗ്രന്ഥത്തിൻെറ രചയിതാവായ വിശ്വാമിത്രൻ താങ്കറംതന്നെയല്ലേ?

"അതെ." അദ്ദേഹം വിനയപൂവ്വം മറുപടി പറഞ്ഞു.

"താങ്കളെ നേരിൽകാണാൻ സാധിച്ചതിൽ എനിയ്ക്കതിയായ സന്തോഷമുണ്ട്."

"അതിലുമുപരി താങ്കളെക്കാണാൻ സാധിച്ചതിൽ ഞാനിന്നു് അഭിമാനംകൊള്ളുകയാണ്. നളന്ദാ സർവ്വകലാശാലയെപ്പററി ഓക്കുന്തോറും താങ്കളെക്കുറിച്ചു എൻെറ ആദരാശംസകൾ ഉയന്നു യന്നു വരുന്നു. താങ്കളന്നു പാകിയ വിത്തു് ഇന്നും തഴച്ചുവളന്നിരിക്കുന്നതു കാണുമ്പോൾ എങ്ങിനെ സന്തോഷിക്കാതിരിക്കും? കുറച്ചു മുൻപാണ് എനിക്കു താങ്കളുടെ വിവരം ലഭിച്ചതു്. താങ്കളെ കാണാൻ നളന്ദാ സർവ്വകലാശാല സീമാതീതമായ ഔത്സുക്യം പ്രകടിപ്പിക്കുന്നുണ്ട്. താങ്കളുടെ മഹത്തായ സന്ദർശനം മുൻപു തന്നെ അങ്ങോട്ടായിരിക്കണമെന്നു് ഇപ്പോഴത്തെ പ്രിൻസിപ്പാൾ—വസിഷ്ഠൻ—എന്നെ അറിയിച്ചിരിക്കുന്നു.

"താങ്കൾ ടെലിഫോൺവഴിയാണോ അദ്ദേഹത്തിൻെറ അഭിമതമറിഞ്ഞതു്?"

"അതെ. ഞാനിപ്പോൾതന്നെ വായനശാലയിലുള്ള ഫോണിൽ സംസാരിക്കുകയായിരുന്നു. താങ്കളിങ്ങോട്ടു വന്നിരിക്കുന്ന വിവരം ഞാനാണദ്ദേഹത്തിന്നു നല്കിയതു്. ബുദ്ധിമുട്ടില്ലെങ്കിൽ, ഇപ്പോൾത്തന്നെ താങ്കളെ കാണാനും സംസാരിക്കാനും അദ്ദേഹം ആഗ്രഹിക്കുന്നു"

ഞങ്ങൾ രണ്ടുപേരും വായനശാലയിലേക്കു് ചെന്നു. അവിടെ നൂറോന്നൂററമ്പതോ ആളുകൾക്കിരിക്കാനുള്ള സൗകര്യമുണ്ട്. വൈദ്യുതവിളക്കുകളാൽ പ്രകാശപൂരിതമായ ആ മുറിയിൽ ചെന്നപ്പോൾ ഞാൻ എന്നെത്തന്നെ വിസ്മരിച്ചുപോയി.

വിശ്വാമിത്രൻ ഫോണിൽ എന്തോ സംസാരിച്ചു. അനന്തരം എൻെറ നേരെ തിരിഞ്ഞു്. "ഞങ്ങളുടെ പ്രിൻസിപ്പാൾ താങ്കളെ പ്രതീക്ഷിച്ചുനില്ക്കുന്നു." എന്നു പറഞ്ഞു.

ഞാനടുത്തുചെന്നു് കണ്ണാടിയിലേക്കു നോക്കി. അതാ, ഒരു വൃദ്ധൻെറ പ്രതിബിംബം കാണുന്നു. മധുരമന്ദഹാസം ചൊരി

യുന്ന മുഖം. ആ ചുണ്ടുകൾ അനങ്ങുന്നു നരശിരസ്സായി കൈ കൂപ്പുന്നു. ഒപ്പംതന്നെ "സ്വാഗതം" എന്ന ശബ്ദവും. ഞാനും തലകുനിച്ചു സ്വാഗതം പറഞ്ഞു. അപ്പോഴേക്കും വിശ്വാമിത്രൻ എനിക്കു് അദ്ദേഹത്തെക്കുറിച്ചു് ഒരു ലഘുവിവരണം നല്കി:—

'ഇദ്ദേഹം നീണ്ട എഴുപതുകൊല്ലക്കാലത്തോളം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. അതിൽ കഴിഞ്ഞ ഇരുപതുകൊല്ലക്കാലമായി സർവ്വകലാശാലയിലെ പ്രിൻസിപ്പാൾ സ്ഥാനം അലങ്കരിക്കുകയാണു്'"

ഞാൻ ഫോണിൽ സംസാരിച്ചു—"താങ്കളെ കാണാൻ സാധിച്ചതിൽ എനിക്കതിയായ സന്തോഷമുണ്ടു്. യഥാർത്ഥത്തിൽ താങ്കളെപ്പോലുള്ള നിസ്വാർത്ഥസേവകന്മാർ എന്നുമെന്നും അഭിനന്ദ്യരാണു്."

"ഇതു് ഞങ്ങളുടെ കർത്തവ്യം മാത്രമാണു്........അതെ, മററന്നും യാത്ര പുറപ്പെടുന്നതിനു മുൻപു താങ്കൾ ഇങ്ങോട്ടു വന്നുചേരണമെന്നു് ഈ കലാശാലയെ പ്രതിനിധീകരിച്ചുകൊണ്ടു് ഞാനപേക്ഷിച്ചുകൊള്ളട്ടെ."

"എൻെറയും അഭീഷ്ടം അങ്ങിനെതന്നെയാണു് ഞാനിവിടെ നിന്നു് നേരെ അങ്ങോട്ടുതന്നെ പുറപ്പെടുകയും ചെയ്യും."

"വിശ്വാമിത്രൻ താങ്കളോടൊപ്പം ഉണ്ടെന്നറിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. താങ്കൾ വിശ്രമാനന്തരം അദ്ദേഹത്തോടൊപ്പം വരുമല്ലോ."

"നിശ്ചയമായും. എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികളേയും അദ്ധ്യാപികാദ്ധ്യാപകന്മാരേയും എൻെറ അഭിവാദനം അറിയിക്കുക."

"അതെ, ഇപ്പോൾ എല്ലാവരും താങ്കളുടെ സംഭാഷണം ശബ്ദപ്രസാരിണിയിലൂടെ ശ്രവിച്ചുകൊണ്ടിരിക്കുകയാണു്. ശരി, താങ്കൾ വിശ്രമിച്ചാലും."

ഈ സംഭാഷണത്തിനുശേഷം എൻെറ ഹൃദയാന്തരാളത്തിൽ മൊട്ടിട്ടുവന്നിരുന്ന ആശയാഭിലാഷങ്ങളുടെ പൂവല്ലരികൾ നൃത്തം ചെയ്യുകയായിരുന്നു. കളറെട്ടി; വളമിട്ട്; നട്ടുനനച്ച് വളത്തിയെടുത്ത്, ഒടുവിൽ എമ്പാടും പുഷ്പിച്ചുനില്ക്കുന്ന പൂച്ചെടികൾ കാണുമ്പോൾ ഒരു തോട്ടക്കാരനുണ്ടാകുന്ന ആനന്ദവും അനുഭൂതിയുമാണ് എനിക്കുണ്ടായതു്. ആ സർവ്വകലാശാലയെപ്പററി ഓക്കുമ്പോൾ എൻെറ കരളിലൊരു കോരിത്തരിപ്പ്! ആ പുരോഗതിയിലേക്ക് കണ്ണയക്കുമ്പോൾ അവർണ്ണനീയമായ ഒരനുഭൂതി വിശേഷം! ഈ നൂററാണ്ടിലെ സാംസ്കാരികമായ നവോത്ഥാനത്തിൻെറ ഓരോ പ്രകാശരശ്മിയും എൻെറ കൺമുൻപിൽ നിപതിക്കുമ്പോൾ എൻെറ ഭാവന വെണ്മയേറിയ പൂഞ്ചിറക് വിടുർത്തി ഭൂതകാലത്തിൻെറ ഇരുളടഞ്ഞ ലോകത്തിലേക്ക് പറന്നുചെല്ലുകയാണ്.

ഞങ്ങൾ തിരികെ എൻെറ മുറിയിലേക്ക് വന്നു. ഞാൻ പറഞ്ഞു:—

"വിശ്വാമിത്രൻ, അന്നുമിന്നും തമ്മിൽ വലിയൊരന്തരമുണ്ട്. നിങ്ങളൊരു ചരിത്രാദ്ധ്യാപകനായതുകൊണ്ട് ഞാൻ പ്രത്യേകം പറഞ്ഞറിയിക്കണമെന്നില്ലല്ലോ. ഇരുനൂറുകൊല്ലങ്ങൾക്കു മുൻപുള്ള ലോകത്തെ ഞാൻ ഈ കണ്ണുകൾകൊണ്ടു തന്നെയാണ് കണ്ടതു്. എനിക്ക് ആ കാര്യങ്ങളൊക്കെ ഇന്നലെ കഴിഞ്ഞമാതിരിയാണ് തോന്നുന്നതു് അന്നു് ജനതാമദ്ധ്യത്തിൽ സമത്വത്തെപ്പററിയും, സ്വാതന്ത്ര്യത്തെപ്പററിയുമൊക്കെ തികച്ചും അമന്ന, നേരിയ ഒരു ശബ്ദം മാത്രമെ കേട്ടിരുന്നുള്ളു. അന്നത്തെ സ്വപ്നത്തിൻെറ സാക്ഷാൽക്കാരമാണീ ലോകമെന്നു്, അഥവാ അന്നു് സ്വപ്നം കാണാൻ പോലും കഴിയാത്ത ഒരു ലോകമാണിന്നത്തേതെന്നു് പറയാതെ തരമില്ല. ഞാനിന്നാണ്— കേവലം മൂന്നോനാലോ മണിക്കൂറുകൾക്കു മുമ്പ്— നിങ്ങളുടെ ലോകത്തിലേക്ക് കാലുകുത്തിയതു്. നിങ്ങളുടെ പുരോഗതിയെപ്പററി, അഥവാ പുരോഗതിയുടെ ശതാംശംപോലും, കണ്ടറിയാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഈ ലോകത്തിൻെറ ആശാതീതമായ സമുന്നതിയെപ്പററി ഞാൻ കണ്ടതെല്ലാം

എനിക്കു വിസ്മരിക്കുവാൻ സാദ്ധ്യമല്ല. നിങ്ങളുടെ നാടിനെപ്പറ്റി, നിങ്ങളുടെ ജീവിതരീതിയെപ്പറ്റി, നിങ്ങളുടെ വിദ്യാഭ്യാസപുരോഗതിയെപ്പറ്റി, അതിലുമുപരി നിങ്ങളുടെ സാംസ്കാരികമായ നവോത്ഥാനത്തെപ്പറ്റി ഓരോ കാര്യവും മനസ്സിലാക്കി വരുന്തോറും എൻെറ ഹൃദയത്തിൽ എന്തെന്നില്ലാത്ത ഒരു സുഖാനുഭൂതിയാണുളവാകുന്നത്!

---

# നളന്ദാ സവ്വകലാശാല.

"ശരി. ഈയ്യിടെയായി നളന്ദാ സർവ്വകലാശാലയിലെ സ്ഥിതിഗതികളെന്തൊക്കെയാണ്?"

"ഇപ്പോഠ നളന്ദാ ലോകപ്രസിദ്ധമായ ഒരു വിദ്യാലയമാണ്. ചരിത്രവും, തത്വശാസ്ത്രവും അവഗാഢമായി അദ്ധ്യയനം നടത്തുവാൻ ഇത്രയും മഹത്തായ മററൊരു കേന്ദ്രം ഇന്നു് ലോകത്തിൽ മററൊരിടത്തും കാണുകയില്ല. യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, ആസ്ത്രേലിയ, ജപ്പാൻ എന്നിങ്ങനെ നാനാവിധ സ്ഥലങ്ങളിൽ നിന്നും വിദ്യാത്ഥികഠ വന്നു പഠിക്കുന്നു. പ്രാചീന വസ്തുക്കളുടെ പ്രധാനമായ ഒരു സംരക്ഷണകേന്ദ്രമെന്ന നിലയ്ക്കും, പ്രാചീന ലിപികളേയും ഭാഷകളേയും പററി സമഗ്രമായി പഠനം നടത്തുവാനുതകുന്ന സൌകര്യപ്രദമായ ഒരു സ്ഥാപനമെന്ന നിലയ്ക്കും, അതിലുമുപരിയായി അന്താരാഷ്ട്ര ചരിത്രം തയ്യാറാക്കുന്നതിൽ

ഏറിയ ഒരു പങ്ക് വഹിച്ചിട്ടുണ്ടെന്ന നിലക്കും നളന്ദാ സർവ്വകലാശാല ലോകപ്രസിദ്ധമായി വിരാജിക്കുന്നു. തത്വശാസ്ത്രത്തിൽ മികവുററ പാണ്ഡിത്യംനേടിയിട്ടുള്ള ഒരാളാണ് ഞങ്ങളുടെ പ്രിൻസിപ്പാൾ. നവീനവും പ്രാചീനവുമായ, പൌരസ്ത്യവും പാശ്ചാത്യവുമായ തത്വശാസ്ത്രത്തിൻെറ വിവിധ വശങ്ങളേയും പററി സമത്ഥമായ് പരിചിന്തനം ചെയ്ത് പഠിപ്പിക്കുന്ന ഒരു വ്യക്തിയാണദ്ദേഹം

"സംസ്കൃതം, പാലി, പ്രാകൃതം, ജന്ഡ്, ഗ്രീക്ക്, ലാററിൻ അങ്ങിനെ നിരവധി ഭാഷകൾക്കും പ്രഗൽഭരായ പണ്ഡിതന്മാരുണ്ട് ഓരോ ഭാഷയും അതാതിൻെറ അന്തസ്സിന്നനുയോജ്യമായ വിധത്തിൽ പഠിപ്പിയ്ക്കുന്നു. നിഷ്കൃഷ്ടമായ നിരീക്ഷണത്തിന്നും ഗഹനമായ ഗവേഷണത്തിന്നുവേണ്ടി ഓരോ ഭാഷയേയും മറേറതെങ്കിലും ഭാഷയോട് താരതമ്യ വിവേചനം ചെയ്താണു പഠിപ്പിക്കുന്നതു്."

"ലോകത്തിലെ പ്രമുഖ വിജ്ഞാനകേന്ദ്രങ്ങളായി നളന്ദയും തക്ഷശിലയും ഗണിക്കപ്പെട്ടുവരുന്നു. തക്ഷശില അതുല്യമായ കീത്തിയാജ്ജിച്ചിരിക്കുന്നതു്; ആയുർവ്വേദം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നീ വിഷയങ്ങളിലാണ്."

"ശരി, വിദ്യാഭ്യാസകാലാവധി എത്രയാണ്? നിയമവും പരിക്ഷാസമ്പ്രദായവും എങ്ങിനെയാണ് നടപ്പിലുള്ളതു്?

"പതിനേഴ് വഷമാണ് വിദ്യാഭ്യാസകാലാവധി. ഇന്ത്യയിൽ തന്നെയല്ല, ലോകത്തിലാകമാനം ഇതാണ് സ്ഥിതി. ആദ്യമായിത്തന്നെ കുട്ടികൾക്ക് മൂന്നുവയസ്സ് പ്രായമാകുമ്പോൾ സ്കൂളിൽ ചേക്കുന്നു അതിനുശേഷം ആറുവയസ്സുവരെ ശിശുപാഠശാലയിലും, അനന്തരം പതിനാലുവയസ്സുവരെ ബാലപാഠശാലയിലും, പതിനാല് മുതൽ ഇരുപതുവയസ്സുവരെ യുവപാഠശാലയിലുമായിട്ടാണ് കഴിച്ചുകൂട്ടേണ്ടതു്. സാമാന്യേന ഇതോടുകൂടി വിദ്യാഭ്യാസം അവസാനിക്കുകയും വിദ്യാത്ഥികൾ തങ്ങളുടെ പ്രവത്തനയോഗ്യതയും താല്പയ്യവുമനുസരിച്ച് ഉദ്യോഗങ്ങളിൽ

പ്രവേശിക്കുകയും ചെയ്യുന്നു. പക്ഷെ, വിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകിച്ചു താല്പര്യം പ്രദർശിപ്പിക്കുന്നവർക്കു് അവരുടെ ആശയാഭിലാഷങ്ങൾക്കുതകുന്ന വിധത്തിൽ വിജ്ഞാനമണ്ഡലത്തെ വികസിപ്പിക്കുവാൻ വേണ്ട സകലവിധ സാദ്ധ്യതകളും ചെയ്തുകൊടുക്കുന്നു. അതിനു ക്ലിപ്തമായ പരിധിയൊന്നുമില്ല; എത്ര വേണമെങ്കിലും പഠിക്കാൻ സൌകര്യമുണ്ടു്."

അങ്ങിനെ വിവിധ വിഷയങ്ങളെക്കുറിച്ചു ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരുന്നു. അപ്പോഴേയ്ക്കും മണി എട്ടായി. ഇതിന്നിടയിൽ അതിഥിശാലയിലെ ശ്രീമതി പത്മാവതി വന്നു ഞങ്ങളെ അഭിവാദ്യംചെയ്തു ഞങ്ങളുടെ സംഭാഷണം മുടക്കേണ്ടെന്നു കരുതി ഒന്നും മിണ്ടാതെ ആ സ്ത്രീ അവിടം വിട്ടു. ഊണു കഴിയ്ക്കേണ്ട സമയമായെന്നു അറിയിയ്ക്കാൻ അവർ വീണ്ടും വന്നു ഞങ്ങൾക്ക അവിടുന്നു ഇളകണമെന്നായി.

---

4319
L 241

# ഇരുപതാംനൂററാണ്ട്.

"ഇടക്കിടെ പീരങ്കിശബ്ദം കേറംക്കുന്നുണ്ടല്ലോ എന്തിനാണിതു്."

"അതു് ഭക്ഷണസമയത്തെക്കുറിക്കുന്ന സൂചനയാണ്. എല്ലാവരും വാച്ചുപയോഗിക്കുന്നില്ല. രാഷ്ട്രത്തിലൊട്ടാകെ ഇതൊരു നിയമമാണ്. ഭക്ഷണത്തിന്നു് ദിവസത്തിലാകെ നാലു് സമയമാണ്. രാവിലെ 7 മണിക്കു് പ്രാതൽ; 11 മണിക്കു് മദ്ധ്യാഹ്നഭക്ഷണം; 3½ മണിക്കു് ലഘുഭക്ഷണം; 8 മണിക്കു് അത്താഴം."

"പക്ഷെ ഞാൻ സുമേധന്റെ കയ്യിൽ റിസ്റ്റ്‌വാച്ചു് കണ്ടല്ലോ?"

"വെളിയിൽ ജോലിക്കുപോകുമ്പോറം സമയനിശ്ചയത്തിന്നുവേണ്ടി അതാതു് സംഘത്തലവന്റെ കയ്യിൽ വാച്ചു് കൊടുക്കുന്നു"

"പീരങ്കിശബ്ദം........!

ഞങ്ങൾ പുറപ്പെട്ടു. തെരുവീഥിയാകമാനം വൈദ്യുതവിളക്കുകളാൽ പ്രശോഭിതമായിരുന്നു. അതിൻെറ ഇരുഭാഗങ്ങളിലും ഒരേ മാതൃകയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഒട്ടനവധി വീടുകളും ഓരോ വീടിനു മുമ്പിൽ സുഗന്ധപൂരിതമായ കുസുമവല്ലരികളാൽ ആച്ഛാദിതമായ പൂവാടികളുമാണ്. നിലാവുള്ള രാത്രിയിൽ മണൽവിരിച്ച ഉദ്യാനത്തിലിരുന്ന് മാദകമായി പൊട്ടിച്ചിരിച്ച ഒരനുഭൂതിയാണെന്നിലുളവായത്

വിശ്വാമിത്രൻ ആ വീടുകളെപ്പററി വിവരിച്ചുതന്നു. ഓരോ വീടിന്നും മൂന്ന് മുറികൾ വീതമുണ്ട് അതിൽ ആദ്യത്തേത് സന്ദർശനമുറി പത്തു കസേരകളെങ്കിലും ശരിയായി നിരത്തുവാൻ കഴിയുമത്രെ. അതിൽ പിന്നിലായി ആദ്യത്തേതിനേക്കാൾ നീളത്തിലിരട്ടിയും വീതിയിൽ പകുതി കുറഞ്ഞതുമായ രണ്ടു മുറികൾ—ഒന്ന് ഉറങ്ങുവാനും, മറേറത് കുളിക്കുവാനും ഇങ്ങനെയുള്ള നൂറു വീടുകൾ കൂടുമ്പോൾ അത് ഒരു "വിഭാഗ"മായി മാറുന്നു അങ്ങിനെയുള്ള വിഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുണ്ട്. പിന്നീടെനിക്കു മനസ്സിലായി, സുമേധൻ ഇതുപോലെയുള്ള ഒരു വിഭാഗത്തിൻെറ പ്രധാനിയാണെന്ന്. ഓരോ വിഭാഗത്തിലും വിശാലമായ ഓരോ ഹോൾ വീതമുണ്ട്. അതിൽ പുസ്തകങ്ങൾ, വാദ്യസാമഗ്രികൾ, ടെലിഫോൺ മുതലായവയുണ്ട്. ചുരുക്കത്തിൽ ഇങ്ങനെയുള്ള ഇരുപത്തിയഞ്ചു് വിഭാഗങ്ങൾ ഈ സേവാഗ്രാമത്തിലുണ്ടത്രെ!

സ്ത്രീകളും പുരുഷന്മാരും അങ്ങോട്ടുമിങ്ങോട്ടും പൊയ്ക്കൊണ്ടിരുന്നു എല്ലാവരും എന്നെ ഒരു പ്രത്യേക അനുഭൂതിയോടെ വീക്ഷിക്കുകയാണ്.

ഞങ്ങൾ കുറച്ചുകൂടി മുന്നോട്ടുപോയപ്പോൾ ഭോജനശാല കണ്ടു കണ്ണഞ്ചിക്കുന്ന വിദ്യുൽപ്രവാഹം ആരേയും കോൾമയിർ കൊള്ളിച്ചിരുന്നു. പുറത്തുള്ള പൈപ്പിലെ ചുടുവെള്ളത്തിൽ കൈ കഴുകി. അവിടെത്തന്നെ തൂക്കിയിട്ടിരിക്കുന്ന റുമാൽകൊണ്ട്

തുടച്ച് കഴിഞ്ഞ് ഞങ്ങൾ ഉള്ളിലേക്കു പ്രവേശിച്ചു. ആ വിസ്തൃതമായ ഹാളിൽ കുറഞ്ഞത് അയ്യായിരം പേർക്കെങ്കിലും സുഖമായിരുന്ന് ഭക്ഷണം കഴിക്കാൻ സാധിക്കും. ഇതിനിടക്ക് ഗ്രാമപ്രധാനിയും (ദേവമിത്രൻ) മററു ചിലരും എന്നെ എതിരേററു സ്വീകരിച്ചു. ഞങ്ങൾ ഓരോ കസേരകളിലായി ഉപവിഷ്ടരായി. എൻെറ വലതുഭാഗത്ത് വിശ്വാമിത്രനും ഇരുന്നു.

ഭക്ഷണം വിളമ്പിക്കഴിഞ്ഞു. ഭക്ഷണപദാത്ഥങ്ങളിൽ റൊട്ടിയും മാംസവും, രണ്ടുതരം പച്ചക്കറികളുമുണ്ടായിരുന്നു. കൂടാതെ, ഒരു പാത്രത്തിൽ അല്പ്പറയും, മററൊരു പാത്രത്തിൽ കുറെ പഴങ്ങളും ഒരു ഗ്ലാസ് വെള്ളവും—ഇതായിരുന്നു വിഭവങ്ങൾ. രണ്ടു മിനിട്ടു കഴിഞ്ഞു. ഒരു മണിമുഴക്കം. ഭക്ഷണം കഴിക്കാനുള്ള സൂചനയാണത്.

എല്ലാവരും എത്തിയിരുന്നു. വിദ്യാഭ്യാസപരമായും സാംസ്കാരികമായും പുരോഗതിയുടെ പാരമ്യത്തിൽ എത്തിയിരുന്ന അവരിലുണ്ടോ വണ്ണവ്യത്യാസം. എല്ലാവരും യൂറോപ്യന്മാരെ പോലെ വെളുത്തിരിക്കുന്നു.—അവിടെവെച്ച് എനിക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു ഈ ലോകത്തിൽ ഒരേ ഒരു വണ്ണമേ ഉള്ളുവെന്ന്—"ഏകവണ്ണമിദം സവ്വം."

എല്ലാവരും ഭക്ഷണാനന്തരം സന്ദർശനഹാളിലേക്ക് തിരിച്ചു. കുറച്ചു ദൂരെയായിരുന്നു. ഒരുയന്ന കെട്ടിടമാണത്. ദൂരെനിന്നു തന്നെ വൈദ്യുതവിളക്കിൻെറ പ്രഭാപ്രസരത്തിൽ "സന്ദർശനഹാൾ" എന്നെഴുതിയിരിക്കുന്നതായി കാണപ്പെട്ടു. ഞങ്ങളുള്ളിലേക്കു പ്രവേശിച്ചു.

എല്ലാവരും എത്തിച്ചേരുന്നതുവരെ എന്നോടു പ്ലാററഫോമിൻെറ പിന്നിലുള്ള മുറിയിൽ ഇരിക്കാൻ അഭ്യത്ഥിച്ചുകൊണ്ടു ദേവമിത്രൻ പുറത്തേക്കുപോയി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഒരു മണിമുഴക്കം കേട്ടു. ഗ്രാമപ്രധാനി എന്നെ പ്ലാററഫോമിലേക്ക് ക്ഷണിച്ചു. എങ്ങും ആകഷ്കമായ നിശ്ശബ്ദത. എല്ലാ കണ്ണു

കളും എനിക്കഭിമുഖമായി പ്രകാശിച്ചുനില്ക്കയാണ്. ഞാനിരുന്നു. ഞാൻ എമ്പാടും ദൃഷ്ടികൾ പായിച്ചു. എന്തൊരു സുന്ദരമായ ഭവനമാണതു്!

വിവിധ വർണ്ണത്തിലുള്ള വിദ്യുച്ഛക്തിവിളക്കുകൾകൊണ്ടു രാത്രിയെ പകലാക്കിയ മുറി, ഒരു ഭാഗത്തു് തണുപ്പു കുറക്കുന്ന താപയന്ത്രം മനോഹരമായ ചുമരുകളിൽ പലതരത്തിലുള്ള ചിത്രങ്ങളും തൂക്കിയിട്ടിരിക്കുന്നു. ഒരു ഭാഗത്തു് ബുദ്ധൻ, മറുഭാഗത്തു് റൂസ്സോ—ചില ഭാഗങ്ങളിൽ മാർക്സ്, ഏംഗൽസ്, സോക്രട്ടീസ്സ്, ഫ്ളാറ്റോ, ലെനിൻ, ന്യൂട്ടൻ, മുതലായ എത്രയെത്ര ലോകപ്രസിദ്ധന്മാരായ മഹാന്മാരുടെ ചിത്രങ്ങളാണ്! മററു ചിലേടങ്ങളിൽ സുഭാഷിതങ്ങളും എഴുതപ്പെട്ടിരുന്നു.

ഏകദേശം അയ്യായിരം പേരെങ്കിലും അവിടെ സമ്മിളിതരായിരിക്കണം രാഷ്ട്രീയവും, സാഹിത്യപരവുമായ ആവശ്യങ്ങൾക്കുവേണ്ടിയാണ് ആ മനോഹര ഭവനം ഉപയോഗിക്കപ്പെട്ടിരുന്നതു്. സംഗീതം, നൃത്തം മുതലായവയും ചരിത്രം, സയൻസ് മുതലായവയെപ്പററി പ്രൗഢഗംഭീരമായ പ്രസംഗങ്ങളും, ഗ്രാമസഭാസമ്മേളനവും അതിലാണ് നടത്തപ്പെട്ടിരുന്നതു്. ഞാൻ പ്രേക്ഷകരിലേക്കു കണ്ണോടിച്ചു. ഇരുപതാംനൂററാണ്ടിലെ മെലിഞ്ഞ, എല്ലുന്തിയ, അസ്ഥിമാത്രശേഷരായ മനുഷ്യരുടെ നേരിയ ഒരു പ്രതിഫലനംപോലും ഞാനവിടെ കണ്ടില്ല. അരോഗദൃഢഗാത്രരും ശുഭ്രവസ്ത്രധാരികളുമായ ഓരോരുത്തരുടേയും മുഖത്തു ശാന്തിയും ശാലീനതയും നിഴലടിച്ചിരുന്നു.

ദേവമിത്രൻ എഴുന്നേററു. അദ്ദേഹം അദ്ധ്യക്ഷസ്ഥാനത്തേക്ക് ശ്രീ. ഇന്ദ്രസ്വെയിലിനെ ക്ഷണിച്ചു ഒപ്പംതന്നെ അദ്ദേഹം സ്വാഗതം പറഞ്ഞു—ശ്രീ. ഇന്ദ്രസ്വെയിൽ നമുക്ക് സുപരിചിതനാണെങ്കിലും ഇന്നത്തെ സംപൂജ്യനായ നമ്മുടെ അതിഥിയെ കൂടി പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാവശ്യമാണല്ലോ? ശ്രീ. ഇന്ദ്രസ്വെയിൽ പല പ്രാവശ്യവും നമ്മുടെ ഗ്രാമസഭാ പ്രസിഡണ്ടെന്ന നി

ലക്കും, നേപ്പാൾ പ്രജാതന്ത്രത്തിന്റെ പ്രസിഡണ്ടെന്ന നിലക്കും അനുപമേയമായ പേരും പ്രശസ്തിയും ആജ്ജിച്ചിട്ടുള്ള ഒരു വ്യക്തിയാണ്. ഇദ്ദേഹത്തിന്ന് അറുപതുവയസ്സ് പ്രായമായി. എങ്കിലും ഒരു യുവാവിന്റെ തന്റേടത്തോടുകൂടി ജോലിചെയ്യുന്നതു കാണുമ്പോൾ നമുക്കാശ്ചയ്യം തോന്നിപ്പോകും. ഇദ്ദേഹം നളന്ദയിലെ ഒരു വിദ്ധ്യാത്ഥിയായിട്ടാണ് പുറത്തുവന്നതു്. നമ്മുടെ മാന്യാതിഥി സുപ്രസിദ്ധനായ "ശഫി"യെപ്പററിയോക്കുന്നുണ്ടായിരിക്കും. അദ്ദേഹത്തിന്റെ പൌത്രനാകാനുള്ള ഭാഗ്യവും ശ്രീ. ഇസ്മെയിലിന്നു സിദ്ധിച്ചിട്ടുണ്ട്. ലോകത്തിലെ എണ്ണപ്പെട്ട രാജ്യതന്ത്രജ്ഞന്മാരിൽ ഒരാളാണിദ്ദേഹം. ഞങ്ങളുടെ സംസ്ഥാനത്തിന്നു്, പ്രത്യേകിച്ചും ഈ ഗ്രാമത്തിന്നു് ഇദ്ദേഹത്തിന്റെ പേരിൽ അസ്സീമമായ അഭിമാനമുണ്ട്."

ഹോളിൽ നീണ്ടുനിന്ന കയ്യടി.

ഇസ്മെയിൽ എഴുന്നേററു. ഒററനോട്ടത്തിൽതന്നെ അദ്ദേഹത്തിന്റെ മുഖത്തു് ഒരു തരത്തിലുള്ള തേജോപ്രഭാവം പ്രശോഭിക്കുന്നതായി തോന്നുമായിരുന്നു. യഥാത്ഥത്തിൽ അദ്ദേഹത്തെ അറുപതുവയസ്സുപ്രായമുള്ള ഒരു യുവാവെന്നു് പറയുന്നതായിരിക്കും കൂടുതൽ ശരി. അദ്ദേഹം തന്നെയല്ല ഇന്നത്തെ അറുപതും എഴുപതും വയസ്സ് പ്രായമുള്ളവർ 30ഉം 40ഉം വയസ്സ് പ്രായമുള്ളവരെ ഉന്മേഷശാലികളായി കാണപ്പെടുന്നു. ഇസ്മെയിൽ സംസാരിക്കുവാൻ തുടങ്ങി:—

സുഹൃത്തുക്കളെ,

"അനേകം പണ്ഡിതപ്രവരന്മാരുടെ മദ്ധ്യത്തിൽവെച്ച് എന്നെ ഈ സ്ഥാനം സ്വീകരിക്കുവാൻ പ്രേരിപ്പിച്ചതു് നിങ്ങൾ എന്നോട്ട് കാണിച്ച നിസ്വാത്ഥമായ സഹാനുഭൂതിയാണെന്നതിൽ ഒട്ടുംതന്നെ സംശയമില്ല. ഞാൻ ഇങ്ങനെയുള്ള ഒരു മഹാന്റെ പ്രത്യാഗമനത്തിൽ അതീവ സന്തുഷ്ടനാണ്. ഞാൻ നളന്ദയിലാണ് വിദ്ധ്യാഭ്യാസം നേടിയതെന്നതുകൊണ്ടും, അതിലുമുപരി, അവിടെയാണ് ജനിച്ചുവളന്നതെന്നതുകൊണ്ടും അഭിമാനംകൊ

ള്ളുന്നു. നിങ്ങൾക്കെല്ലാവൎക്കും അറിയാമല്ലോ, എന്റെ പിതാമഹൻ 150 കൊല്ലത്തെ ജീവിതത്തിന്നുശേഷമാണ് മരണമടഞ്ഞതെന്നു്. നളന്ദാ സൎവ്വകലാശാലക്ക് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള വിഷമപ്രശ്നങ്ങളെപ്പററിയും, അതിന്റെ ഭാവിശ്രേയസ്സിന്നു് വേണ്ടി അനവരതം പരിശ്രമിച്ചിരുന്ന ചില നിസ്വാൎത്ഥസേവകന്മാരെപ്പററിയും—ആ സേവകന്മാരിൽ ഒരാളാണ് നമ്മുടെ ഇന്നത്തെ അതിഥി—അദ്ദേഹം എനിക്ക് വളരെയേറെ പറഞ്ഞുതന്നിട്ടുണ്ട്. ഇരുപത്തിയഞ്ചുവയസ്സ് മുതൽ വിദ്യാലയത്തിന്റെ ഉന്നമനത്തിന്നുവേണ്ടി അവിശ്രമം പരിശ്രമിച്ച അദ്ദേഹം അവിടത്തന്നെ സമാധിയടയുകയാണ് ചെയ്തതു്.

“പണ്ഡിതനായ വിശ്വബന്ധു 30 കൊല്ലക്കാലത്തെ വിദ്യാലയസേവനത്തിന്നുശേഷം വടക്കുഭാഗത്തേക്ക് യാത്രതിരിച്ചതും, പിന്നെ അദ്ദേഹത്തിന്റെ യാതൊരു വിവരവും അറിയാതിരുന്നതും നിങ്ങൾക്കെല്ലാവൎക്കും അറിയാമല്ലോ. അദ്ദേഹം തിരിച്ചുവരുമെന്നു്, അദ്ദേഹത്തെ നേരിൽ കാണാനുള്ള സൌഭാഗ്യം നമുക്ക് സിദ്ധിക്കുമെന്നു ആരെങ്കിലും സ്വപ്നത്തിൽപോലും കരുതിയിരിക്കുമോ? പ്രതീക്ഷാനിൎഭരമായ മൂന്നു് തലമുറകൾ കഴിഞ്ഞുപോയി! അദ്ദേഹം നമ്മുടെ ഇടയിലേക്ക് തിരിച്ചുവന്നിരിക്കുകയാണ്. നമുക്ക് സന്തോഷിക്കുക

“ഇതിനിടയിൽ, എന്റെ പിതാമഹൻ എന്നെ കേൾപ്പിച്ച ചില കാൎയ്യങ്ങൾ ഞാനിവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ കുടിലമായ സ്വാൎത്ഥതസ്ഥാനം പിടിച്ചിരുന്ന അക്കാലത്തു് സാധാരണക്കാൎക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. ധൎമ്മവും മതവുമൊക്കെ സ്ത്രീവിദ്യാഭ്യാസത്തിന്നു് വിലങ്ങുതടിയായിരുന്നു നമ്മുടെ പൂൎവ്വികന്മാരായ മുസൽമാൻ സഹോദരന്മാർ സ്ത്രീകളെ പൎദ്ദക്കുള്ളിൽ മറച്ചുനിൎത്തിയിരുന്ന—ആ മതത്തിന്റെ ചട്ടക്കൂട്ടിൽ കിടന്നു് ഞെങ്ങിഞെരുങ്ങിയിരുന്ന—അന്ധതനിറഞ്ഞ കാലത്തു് വടക്കെ ഇന്ത്യ മുഴുവനും സ്ത്രീവൎഗ്ഗത്തിന്റെ ഒരു കാരാഗൃഹമായിരുന്നുവത്രെ! ചില ഉത്സവക്കാലങ്ങ

ളിൽ മാത്രം സ്ത്രീകൾ വെളിയിൽ വന്നിരുന്നുവെന്നതു് തികച്ചും
അനുമോദനാർഹമായ ഒരു സഹാനുഭൂതിയായിരുന്നുവെന്നു് വേണം
വിചാരിക്കുവാൻ. അന്നു് കാലത്തു് സ്ത്രീകളോടു കാണിച്ചിരുന്ന
നീചനീചമായ അനീതികൾ എപ്പോഴെങ്കിലും നാം കണ്ടിട്ടുണ്ടോ?
ചരിത്രത്തിൽ വായിച്ചിരിക്കും—അതാ, ചരിത്രാദ്ധ്യാപകനായ വി
ശ്വാമിത്രൻ ഇവിടെ സന്നിഹിതനായിട്ടുണ്ടല്ലോ. മതത്തിന്റെ
പേരിൽ പരസ്പരം വെട്ടിമരിച്ച കാര്യങ്ങളെപ്പററി വായിക്കു
മ്പോൾ, പണ്ടുകാലത്തു് രാജകല്പനയനുസരിച്ചു് ആയിരക്കണക്കി
നു് വീരയോദ്ധാക്കൾ രണാങ്കണത്തിൽ ചത്തൊടുങ്ങിയെന്നു്
കേൾക്കുമ്പോൾ, ചില സാമ്രാജ്യകൊതിയന്മാർ ഒത്തുചേർന്നു്
ജപ്പാനിൽ ആററംബോംബു് പൊട്ടിക്കുകയും ഏതാനും നിമിഷ
ങ്ങൾക്കുള്ളിൽ ലക്ഷക്കണക്കിനു് മനുഷ്യജീവികളെ ചുട്ടുചാമ്പലാ
ക്കുകയും ചെയ്തു എന്ന കഥ കേൾക്കുമ്പോൾ, ആ മൃഗീയതയ്ക്കു
മുമ്പിൽ നാം ലജ്ജിച്ചു തലതാഴ്ത്തേണ്ടിവരുന്നു.

"ആ ഇരുളടഞ്ഞ ലോകത്തിൽ പ്രകാശത്തിന്റെ കിരണം
പരത്താൻ പരിശ്രമിച്ചവർ ഭാഗ്യവാന്മാരാണു്; അഭിനന്ദനീയ
രാണു് (ചുമരിൽ തൂക്കിയിട്ടിരിക്കുന്ന മഹാന്മാരുടെ ചിത്രങ്ങൾക്കു
നേരെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) ആ മനുഷ്യസ്നേഹികളെ നാമെ
ങ്ങിനെയാണു പ്രശംസിക്കേണ്ടതു്. ഹൃദയത്തിലെ ഭാവങ്ങളെ
യും ഭക്തിസ്ഫുരണത്തെയും വാക്കുകളെക്കൊണ്ടു് എങ്ങനെ
പ്രകടിപ്പിക്കാനാണു്! നമ്മുടെ ഹൃദയഭിത്തികളിൽ തന്നെ ഒരിക്ക
ലും മായാത്ത മഷികൊണ്ടു് ആലേഖനം ചെയ്യുന്നതല്ലേ നല്ലതെന്നു്
തോന്നിപ്പോകുന്നു; അങ്ങിനെ നമുക്കു് സംതൃപ്തിയടയുക.

സുഹൃത്തുക്കളെ,

ഇദ്ദേഹം ആദ്യമായിത്തന്നെ ഇവിടെയാണു് കാലുകുത്തിയ
തെന്നുള്ളതിൽ നമുക്കഭിമാനിക്കാം. ഈ സംപൂജ്യനായ മനുഷ്യ
സ്നേഹിയെ നമുക്കെങ്ങിനെ സ്വാഗതംചെയ്യണം? അധികമാ
യൊന്നുമില്ല:—"മഹാത്മാവെ" ഞങ്ങൾ കൃതാർത്ഥരാണു്; താങ്ക
ളോടെന്നുമെന്നും കടപ്പെട്ടവരാണു്; സ്നേഹിതന്മാരെ, നാമിന്നു്

ഇദ്ദേഹത്തിൽ നിന്നു് എന്തെങ്കിലും കേൾക്കാൻ ഔത്സുക്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ; ഒരു പക്ഷെ, അതൊരു ബലപ്രയോഗമായിരിക്കും. കാരണം സ്പഷ്ടമാണല്ലോ? നീണ്ട ഇരുനൂറുകൊല്ലത്തെ ഉപവാസവും. നാമെങ്ങിനെയാണു് ഔത്സുക്യം പ്രകടിപ്പിക്കുക? അതിരിക്കട്ടെ, നിങ്ങളെല്ലാവരേയും പ്രതിനിധീകരിച്ചുകൊണ്ടു് ഞാനിദ്ദേഹത്തെ ഹൃദയപൂർവ്വം അഭിവാദനം ചെയ്തുകൊള്ളുന്നു അതോടൊപ്പം തന്നെ നിങ്ങൾ എന്നോടു കാണിച്ച അത്ഭുതപൂർവ്വമായ ദയാവായ്പിന്നും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു"

ഞാനിതെല്ലാം വളരെ ശ്രദ്ധയോടെ കേട്ടു. ഭൂതകാലസ്മരണകളോരോന്നായി എൻെറ ചിന്താമണ്ഡലങ്ങളിൽ പ്രതിഫലിച്ചുകൊണ്ടിരുന്നു. എനിക്കു് വളരെ കാര്യങ്ങൾ അറിയിക്കാൻ ഉണ്ടായിരുന്നു ഞാനെഴുന്നേററു. ഞാൻ തുടൎന്നു:

"ബന്ധുക്കളേ,

"ഞാനിന്നു് കണ്ടുകൊണ്ടിരിക്കുന്ന ലോകംമുൻപൊരു സ്വപ്നം മാത്രമായിരുന്നു; അതിൻെറ സാക്ഷാൽക്കാരത്തിന്നുവേണ്ടി അനേകലക്ഷം മഹാന്മാരുടെ അമൂല്യമായ ജീവിതം ബലിയൎപ്പിക്കപ്പെട്ടിട്ടുള്ളതാണു്. ആ നിലക്കു്, ഇന്നു് ഞാനിതു് കണ്ടുകൊണ്ടിരിക്കുമ്പോൾ അനുഭവിക്കുന്ന ആനന്ദത്തിന്നു് ഒരതിരുകല്പിക്കുവാൻ സാധിക്കുമോ എന്നു് നിങ്ങൾതന്നെയൊന്നാലോചിച്ചുനോക്കിയാൽ മതി ഈ നവീനലോകത്തിൻെറ അത്യത്ഭുതകരമായ പ്രവണതകളൊന്നും എനിക്കു് കാണാൻ കഴിഞ്ഞിട്ടില്ല; പക്ഷെ, ഞാനീകണ്ടതൊക്കെയെന്താണു്? ഒന്നു മനസ്സിലാക്കണം, ഞാൻ 1923_ലെ ഏതെങ്കിലും ഒരു ഗ്രാമത്തിലേക്കാണു് പോയിരുന്നതെങ്കിൽ എനിയ്ക്കീ സേവാഗ്രാമത്തെപ്പററി എന്തെങ്കിലും അറിയാൻ സാധിക്കുമായിരുന്നോ? ഈ ഗ്രാമത്തിലെ 5000 പേരെയും ഞാനന്നത്തെ ഗ്രാമങ്ങളിലെ പാരവശ്യംനിറഞ്ഞ സ്ഥിതിഗതികളറിയിക്കുവാനാഗ്രഹിക്കുകയാണു്.

"ഇടിഞ്ഞുപൊളിഞ്ഞു തകൎന്നുവീഴാറായ മൺകൂരകൾ—വൈക്കോലുകൊണ്ടോ, ഓലകൊണ്ടോ ഉള്ളതു മേൽക്കൂരകൾ കീറിപ്പൊ

ളിഞ്ഞിരിക്കുന്നു. മഴക്കാലത്ത് ചോൎന്നുപോകാത്ത ഒരു വീടുപോലുമുണ്ടായിരിക്കുകയില്ല. ചപ്പുചവറുകൾ ചിതറിക്കിടക്കുന്ന ഇടുങ്ങിയ പാതകൾ—അവയുടെ ഇരുഭാഗങ്ങളിലുമുള്ള ഓവുചാലുകളിലൂടെ ഒഴുകിപ്പോകുന്ന ദുർഗന്ധപൂരിതമായ അഴുക്കുവെള്ളം മനം മടുപ്പിക്കുന്നതായിരിക്കും. പാതയിൽത്തന്നെ അടുത്തടുത്തിരുന്ന് കുട്ടികൾ മലവിസൎജ്ജനം നടത്തുന്നു മഴക്കാലത്ത് അനുഭവപ്പെടുന്ന ചളിയും ദുർഗ്ഗന്ധവും അസഹനീയമായിരുന്നു നാലു ഭാഗത്തും പരന്നുകിടന്നിരുന്ന വയലുകൾ മലവിസൎജ്ജനസ്ഥലങ്ങളാണ്. പട്ടികളും കുറുക്കന്മാരും അവിടവിടെ അലഞ്ഞു നടന്നിരുന്നു.

“വണ്ടികൾക്ക് പ്രയാസപ്പെട്ട് നീങ്ങാൻ കഴിഞ്ഞിരുന്ന പാതകളാണ് അന്നുകാലത്തെ തെരുവുകൾ. അന്നത്തെ കാളവണ്ടികളും, കുതിരവണ്ടികളും, ഉന്തുവണ്ടികളും, റിക്ഷാവണ്ടികളും ഇന്നെവിടെയാണ്? ഞാനെത്ര തവണ കാളവണ്ടിയിലിരുന്ന് എട്ടും പത്തും നാഴിക ദൂരം രാത്രികാലങ്ങളിൽ സഞ്ചരിച്ചിട്ടുണ്ട്!

“അതെ. ഞാൻ ഗ്രാമത്തെപ്പററി വൎണ്ണിക്കുകയായിരുന്നു. ആ സംകീൎണ്ണമായ തെരുവുകൾക്കിരുഭാഗത്തും ചെറിയ ചെറിയ പീടികകളിൽ ചില്ലറ സാമാനങ്ങൾ വില്ക്കപ്പെട്ടിരുന്നു. ആഴ്ച്ചയിൽ ഒന്നും രണ്ടും പ്രാവശ്യം ചില കവലകളിൽ ചന്തയുണ്ടാകാറുണ്ട്. അപ്പോൾ പരിസരപ്രദേശങ്ങളിൽനിന്നും ആളുകൾ വന്നു ചേരാറുണ്ട്. ചിലർ പണം കൊടുത്തും മററു ചിലർ സാധനങ്ങൾ പരസ്പരം കൈമാറിയും ആവശ്യമുള്ള പദാൎത്ഥങ്ങൾ വാങ്ങിയിരുന്നു.

ഇനി, ജനങ്ങളുടെ ജീവിതരീതിയെപ്പററിയാണു പറയാനുള്ളത്. അന്നത്തെ വലിയ വലിയ ധനികന്മാർ നിങ്ങളെ കണ്ടിരുന്നെങ്കിൽ ആരാധിക്കുമായിരുന്നു. അഞ്ചും ആറും വയസ്സു പ്രായമുള്ള കുട്ടികൾ നാലംഗുലം വീതിയുള്ള ലങ്കോട്ടിയുമുടുത്ത് നടക്കുന്ന കാഴ്ച! മിക്കവാറും എല്ലാവരും ഒരു മുണ്ടും ദോത്തിയുമാണ് ധരി

ച്ചിരുന്നതു്. അഴുക്കുപുരണ്ട കീറിപ്പൊളിഞ്ഞ വസ്ത്രങ്ങൾ ഓരോ വീട്ടുകളിലും കവിളൊട്ടി, കണ്ണുകുഴിഞ്ഞു, എല്ലുന്തിവളഞ്ഞ—മനുഷ്യപ്പേക്കോലങ്ങൾ കൂനിക്കൂടിയിരിക്കുന്ന വേദനാജനകമായ കാഴ്ച കാണുമ്പോൾ ആരുടെ ഹൃദയമാണ് പിടയാത്തതു്? ഇതിനൊക്കെ മൂലഹേതു ദാരിദ്ര്യമായിരുന്നു ഗതികെട്ട സമുദായത്തിന്റെ ചീഞ്ഞുനാറിയ നീതിനിയമങ്ങൾ അങ്ങിനെ തഴച്ചുവളരുവാനും തുടങ്ങി.

"ഇ.നിയുമുണ്ടു്. അന്നു് മഞ്ഞുകാലമുണ്ടായിട്ടുണ്ടു്. ആ തണുപ്പിനെ നേരിടാൻ കീറിപ്പറഞ്ഞ പഴന്തുണികഷ്ണങ്ങൾ തുന്നിക്കൂട്ടി ചിലർ തലയണയുണ്ടാക്കാറുണ്ടു് അതൊരു മഹാഭാഗ്യമായി കരുതിയിരുന്നു. ഉടുത്തിരിക്കുന്ന വസ്ത്രംകൊണ്ടു പുതച്ചുറങ്ങുന്നവരുണ്ടു. കിടക്കാൻ പായയോ കട്ടിലോ ഇല്ലാതെ കഷ്ടപ്പെടുന്നവരാണു് അധികവും തണുപ്പുസമയത്തു് കുറച്ചു ചൂടു ലഭിക്കണമെങ്കിൽ കത്തിക്കാൻ വിറകെവിടെന്നു്? വൃക്ഷച്ചുവട്ടിൽ നിന്നും പെറുക്കിയെടുക്കുന്ന ചപ്പുചവറുകൾ കത്തിച്ചു് ആ ജ്വാലക്കു് ചുററും വട്ടമിട്ടിരുന്നു് തീകായുന്ന ഒട്ടനവധി "ഭാഗ്യവാന്മാ"രുണ്ടു്.

"എനിക്കിന്നും നല്ലപോലെ ഓർമ്മയുണ്ടു്. ഒരു ദിവസം പ്രഭാതത്തിൽ ഞാനെവിടെയൊ പോകുകയായിരുന്നു. മരംകോച്ചുന്ന തണുപ്പു് പല്ലുകൾ തമ്മിൽ കൂട്ടിയടിച്ചിരുന്നു. അതേ വഴിയിലൂടെ തന്നെ ഒരു വൃദ്ധയും രണ്ടു കുട്ടികളും വരുന്നുണ്ടായിരുന്നു ആ വൃദ്ധ ഒരു കീറിയ വസ്ത്രം ധരിച്ചിട്ടുണ്ടു്. നാലും, അഞ്ചും, വയസ്സ് പ്രായമുള്ള ആ കുട്ടികളിൽ മൂത്തവൻ ഒരു ലങ്കോട്ടി ധരിച്ചിട്ടുണ്ടു്. ഇളയവന്റെ ശരീരം മുഴുവനും നഗ്നമാണു്. ആ പിഞ്ചുകുഞ്ഞുങ്ങൾ തണുപ്പു് സഹിയാതെ കൈകൾ മടക്കി നെഞ്ചിനോടുചേർത്തു് കൂനിക്കൂടിനടക്കുകയാണു്. ഹൗ! എന്തൊരു ദയനിയമായ രംഗമായിരുന്നു അതു്! അങ്ങിനെ രണ്ടു പേരല്ല; നൂറും ആയിരവുമല്ല; ലക്ഷക്കണക്കിന്നു് നിസ്സഹായരായ പിഞ്ചുപൈതങ്ങൾ അന്നത്തെ ഇന്ത്യയിലുണ്ടായിരുന്നു...."

"പഴകി കേടുവന്നതാണെങ്കിലും, പുളിച്ചുനാറിയതാണെങ്കിലും വയറുനിറയെ ഭക്ഷിക്കുവാൻ ആക്കുമൊന്നും കിട്ടിയിരുന്നില്ല. എത്രയെത്ര പേരാണ് ഒരു നേരത്തെ ആഹാരത്തിനുള്ള വക സമ്പാദിക്കാൻ ഗ്രാമങ്ങൾതോറും തെണ്ടിയലഞ്ഞിരുന്നത്! വലിച്ചെറിഞ്ഞ എച്ചിലിലകൾക്കുവേണ്ടി പട്ടികളും മനുഷ്യക്കുട്ടികളും തമ്മിൽ പൊരുതുന്ന സമരം ഞാനെത്ര തവണയാണ് കണ്ടിട്ടുള്ളത്! അവർ അദ്ധ്വാനിച്ചിരുന്നില്ലേ? ഉവ്വ്. സൂര്യനുദിച്ച് അന്തിമയങ്ങുന്നതുവരെ വിശന്നുപൊരിഞ്ഞു് അവർ വേലചെയ്തിരുന്നു പക്ഷെ, വിശപ്പടങ്ങുന്നതുവരെ തിന്നാനോ, ഇഷ്ടമനുസരിച്ചുടുക്കാനോ അവരശക്തരായിരുന്നു.

"സാമാന്യേന എല്ലാവക്കും സുഖക്കേട്! ചികത്സിക്കാൻ നല്ല ഡോക്ടരില്ല; മരുന്നില്ല; ഉണ്ടെങ്കിൽ വാങ്ങാൻ പണമില്ല; അതിലുമുപരി ആ വീട്ടിൽ ഒരു മണി അരിയുമില്ല; എന്തുചെയ്യും? 1918 ഡിസമ്പർ മാസം, ഇൻഫ്ളുവൻസാ പിടിപ്പെട്ടു് നാലഞ്ചാഴ്ചയ്ക്കുള്ളിലായി അറുപതുലക്ഷം ജനങ്ങളാണ് ഇന്ത്യയിൽ മരണമടഞ്ഞതു്. കോച്ചുന്ന തണുപ്പിനോട്ട മല്ലടിക്കാൻ ഒരു കഷ്ണം തുണിയില്ലാതെ, വിശക്കുന്ന വയറിനൊരു നേരത്തെ ഭക്ഷണം കിട്ടാതെ, കാന്തുകാന്തു് തിന്നു് ആ രോഗത്തിനൊരു തുള്ളി മരുന്നു് കൊടുക്കാനില്ലാതെ, കഷ്ടപ്പാടിൻെറ കരാളനൃത്തം കണ്ട് കണ്ട് കണ്ണ് കഴച്ച പാവപ്പെട്ട ദരിദ്രരാണ് മരിച്ചവരിലധികം പേരും.

സുഹൃത്തുക്കളെ,

നാടിൻെറ നാനാഭാഗത്തും ഇപ്രകാരം പട്ടിണിയും പരിവേഷവുമായി കഴിഞ്ഞുകൂടിയിരുന്ന പാവപ്പെട്ടവരായിരുന്നുവെങ്കിലും ഒരു കൈക്കുമ്പിളിൽ ഒതുങ്ങാവുന്നത്ര മററു ചിലരുമുണ്ടായിരുന്നു. അന്നത്തെ ഭാഷയിൽ പറഞ്ഞാൽ "സുഖമായിക്കഴിയുന്നവർ" അതെ. വിരലിലെണ്ണാവുന്നത്രയ്ക്കേ അവരുണ്ടായിരുന്നുള്ളവെങ്കിലും സർവ്വവിധ സൌകര്യങ്ങളും അവക്ക് സുലഭമായിരുന്നു; അവർ

രാജാക്കന്മാരും, നവാബുമാരും, ജമീന്ദാർമാരും കമ്പനിയുടമകളുമായിരുന്നു. അവർ വലിയ വലിയ മാളികകളിൽ സർവ്വാനന്ദമഗ്നരായി ജീവിച്ചിരുന്നു. അവരുടെ പരിചരണത്തിന്നുവേണ്ടി അനേകം പരിചാരകന്മാരുണ്ടായിരുന്നു. അവരുടെ വെപ്പാട്ടികളായി എത്രയെത്ര സ്ത്രീകളാണുണ്ടായിരുന്നതു്! മററുള്ളവരെ അപമാനിക്കുക, മററുള്ളവന്റെ ജീവിതസൌഭാഗ്യങ്ങളെ ചവുട്ടിത്തേക്കുക, നിർദ്ദയമായ മർദ്ദനങ്ങളഴിച്ചുവിടുക—ഇതൊക്കെയായിരുന്നു അവരുടെ പ്രവൃത്തികൾ. അവർ വലിയ "മതനേഹിണ്ണ"ക്കളും ഭക്തന്മാരുമാണ്. തന്നത്താൻ അദ്ധ്വാനിക്കാതെ പരമ്പരാഗതമായി തന്നെ അന്യന്റെ അദ്ധ്വാനഫലത്തെ ചൂഷണം ചെയ്തു് മദ്യപാനവും വ്യഭിചാരവുമായി കണ്ടമാനം കൂത്താടിയിരുന്ന അവരിലൊരാളുടെ ക്ഷണികമായ ആനന്ദത്തിനുവേണ്ടി ചിലവാക്കുന്ന പണം ലഭിച്ചിരുന്നെങ്കിൽ ആയിരക്കണക്കിനു് ആളുകൾക്കു് ജീവിക്കാമായിരുന്നു ഒരാൾ താമസിക്കുന്ന കെട്ടിടം കിട്ടിയിരുന്നെങ്കിൽ നൂറുപേർക്കു് താമസിക്കാമായിരുന്നു പക്ഷെ, അവർക്കതു് കാണാൻ കണ്ണില്ല; ഉണ്ടെങ്കിൽതന്നെ അതിൽ രക്തമില്ല.

"ഇതൊക്കെ സഹിച്ചാലും അസഹനീയമായ മറെറാന്നുകൂടിയുണ്ടു്. ഇത്രയും നീചനീചമായ അന്യായങ്ങളും ക്രൂരമായ മർദ്ദനങ്ങളും നടത്തിയിട്ടും ധർമ്മത്തിന്റെ രക്ഷിതാക്കളായി നിന്നുകൊണ്ടു് "ധ്രുവപദം" സ്വീകരിക്കാൻ മുന്നോട്ടുവന്നു ജനങ്ങളെ ഭീഷണിപ്പെടുത്തിയും കബളിപ്പിച്ചും ആസ്ഥാനം കരസ്ഥമാക്കുകയാണവർ. അവർ മാനുഷിക മൂല്യങ്ങളെ ചവുട്ടിത്തേക്കുന്നു. അവർക്കുവേണ്ടി വക്കീലും കോടതിയും മൌലവിയും പാതിരിയുമുണ്ടു്. മുതലാളിയുടെ പോക്കററിലെ നാണയങ്ങളാണിവർ.

"പുരോഹിതൻ പറയുന്നതു കേൾക്കുക:—" "ധനവാനും ദരിദ്രനും രാജാവും പ്രജകളുമൊക്കെ അവരവരുടെ പൂർവ്വജന്മത്തെ ഫലമനുഭവിക്കുകയാണ്. ഈശ്വരന്റെ മക്കളാണു മനുഷ്യർ. ഈശ്വരന്റെ ആഗ്രഹപ്രകാരമാണു് എല്ലാം നടക്കുന്നതു്. വേദങ്ങളും, പുരാണങ്ങളും ഇതിന്നു് സാക്ഷിയാണ്."

"മൌലവി പറയുന്നതു നോക്കുക: — അള്ളാവ് ലോകത്തിന്റെ നന്മക്കു വേണ്ടിയാണ് രാജാവിനെ സൃഷ്ടിച്ചതു്. രാജാവില്ലാതെ ലോകകാൎയ്യങ്ങളെങ്ങിനെയാണു് നടക്കുക? എല്ലാ ദൈവദൂതന്മാരും ഇക്കാൎയ്യത്തിൽ സാക്ഷികളാണ്! ചക്രവൎത്തിയിലും യജമാനനിലും അള്ളാവിന്റെ ആശിൎവ്വാദമുണ്ടു്.

"അങ്ങിനെ എല്ലാവരും ഒരേസ്വരത്തിൽ സംസാരിക്കുന്നു. ചുരുക്കത്തിൽ അനേകലക്ഷം അദ്ധ്വാനിക്കുന്നവരുടെ പരിശ്രമത്തിന്റെ ഏറിയഭാഗവും തട്ടിപ്പറിക്കുന്ന മുതലാളിമാരിൽനിന്നും കിട്ടുന്ന "സൌജന്യത്തിന്നു" കൂറുകാണിക്കുന്ന ഒരുതരം ജാലവിദ്യക്കാരായിരുന്നു, അന്നത്തെ അധികൃതന്മാരും "ദൈവദൂതന്മാരും." ആ ഇന്ദ്രജാലത്തിന്റെ ലോകം മാറിയതിന്നു് എന്റെ ഹൃദയം നിറഞ്ഞ നന്ദി

"നിങ്ങൾക്കു കേൾക്കുമ്പോൾ ആശ്ചൎയ്യം തോന്നുന്നുണ്ടായിരിക്കും ആ മൂകലക്ഷങ്ങളെല്ലാം ഒരാട്ടിടയന്റെ കയ്യിലുള്ള കോലു കാണുമ്പോൾ പേടിച്ചോട്ടുന്ന കുഞ്ഞാടുകളായിരുന്നോ? ജനങ്ങൾ മാനസികമായൊരു വിപ്ലവം നടത്തിയിരുന്നെങ്കിൽ അങ്ങിനെയുള്ള അടിമത്വത്തിൽനിന്നും മോചനം നേടാമായിരുന്നില്ലേ? അങ്ങിനെ നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ അതു് സ്വാഭാവികമാണ്. പക്ഷെ, അന്നത്തെ നിലപാടിൽ അതു് അസംഭാവ്യമായിരുന്നുവെന്നുമാത്രം ഇന്നത്തെ പത്തിലൊരംശം ചിന്തിക്കുന്നവൻ അന്നത്തെ ഭ്രാന്തനും, നിരീശ്വരനും ജനദ്രോഹിയുമായിരുന്നു. പണക്കാരുടെ മക്കളിൽ ആയിരത്തിലൊന്നുവീതം പഠിപ്പിൽ ജാഗ്രതകാണിച്ചിരുന്നില്ലെങ്കിലും അവൎക്കാണ് പഠിക്കാനധികാരം. ഒപ്പംതന്നെ കുറച്ചൊക്കെ പഠിച്ചിട്ടുള്ളവരും ആധുനികവൎഗ്ഗത്തിന്റെ സിൽബന്തികളായി മാറുവാൻ പരിശ്രമിക്കുകയായിരുന്നു ദരിദ്രന്മാർ പഠിക്കുന്നതു് നീതിവിരുദ്ധമായി അവർ കരുതി. തന്റെ അദ്ധ്വാനത്തിന്നു് ശരിയായ പ്രതിഫലം തരണമെന്നു് പറയുന്നവർ അധൎമ്മിയാണ്. കലിയുഗത്തിന്റെ ആരംഭത്തിലാ

ണെത്രെ അങ്ങിനെയൊക്കെ സംഭവിക്കുന്നതു്! നിർഭാഗ്യത്തിന്നു് തൊഴിലാളികളും പല ജാതികളിലായി വിഭജിക്കപ്പെട്ടിരുന്നു. ബീഹാറിലെ ബ്രാഹ്മണതൊഴിലാളി പറയുന്നതാണ്—"ദരിദ്രനായാലും ഭക്ഷണത്തിനൊന്നും കിട്ടിയില്ലെങ്കിലെന്താ, തോട്ടികളും ചെരുപ്പുകുത്തികളും എന്നോടൊപ്പം ആകുകയോ? അതു ജാതിമര്യാദ നശിപ്പിക്കലല്ലേ? വിശന്നു മരിച്ചോട്ടെ, തൻെറ സമ്പാദ്യം മററാരെങ്കിലും തട്ടിയെടുത്തുകൊള്ളട്ടെ, തോട്ടിയും ചെരുപ്പുകുത്തിയും തൻെറ "വർഗ്ഗ"ത്തിൽപ്പെട്ടവരാണെന്നു് പറയുന്നവരോട്ട് ബ്രാഹ്മണതൊഴിലാളി യോജിക്കുന്നില്ല. അങ്ങിനെ വൈരുദ്ധ്യം നിറഞ്ഞ ജീവിതമായിരുന്നു അന്നു്.

"അവസാനമായി നിങ്ങളുടെ ജീവിതലക്ഷ്യത്തെപ്പററി ചിലതൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാനെൻെറ പ്രസംഗം അവസാനിപ്പിക്കാം. നിങ്ങളിന്നു് പുരോഗതിയുടെ മൂദ്ധന്യത്തിലെത്തിയെന്നും നിങ്ങളുടെ എല്ലാ കാര്യങ്ങളും പൂർണ്ണതയെ പ്രാപിച്ചിരിക്കുന്നുവെന്നും വിചാരിക്കരുതു്. അങ്ങിനെയുള്ള ചിന്താഗതി നിങ്ങളെ സ്പർശിക്കാതിരിക്കട്ടെ മനുഷ്യൻെറ ഉയച്ചക്ക് പരിധിയില്ല; അതു അസീമമാണ് പരിശ്രമിക്കുക.

വീണ്ടും വീണ്ടും പുതിയ പുതിയ പദ്ധതികൾ ആവിഷ്കൃതമാകാതിരിക്കുകയില്ല ഇന്നത്തെ വിദ്യാഭ്യാസത്തിന്നു് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു് എത്രയൊ മടങ്ങ് പുരോഗതിയാണുള്ളതെന്നു പറയാതെ തരമില്ല. നിങ്ങളുടെ സമുദായം വിദ്യാഭ്യാസപരമായും സാംസ്കാരികമായും സമ്പന്നമാണ്; സുദൃഢവും സംശ്ലിഷ്ടവുമാണ്. എന്നാൽ നിങ്ങൾ ഇതിൻെറ അവസാനത്തെ, നാളെയുടെ ആരംഭമാക്കാൻ പരിശ്രമിക്കുക. വിദ്യാഭ്യാസപ്രചരണത്തിൽ നിങ്ങൾ വിജയിച്ചു അതുകൊണ്ടു് നിങ്ങൾ മാനുഷികമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നു. പുരോഗതിയിലേക്കുള്ള ആകാംക്ഷയും ജ്ഞാനത്തിലേക്കുള്ള പ്രയാണവും—ഈ രണ്ടു കാര്യ്യളിലും നിങ്ങൾ ഉയച്ചനേടി. ഇനിയും നേടാനുള്ള സാദ്ധ്യതയുമുണ്ടു്.

"ഞാൻ നിങ്ങളുടെ സ്നേഹംനിറഞ്ഞ പ്രവൎത്തനങ്ങൾക്ക് നന്ദിരേഖപ്പെടുത്തികൊള്ളുന്നു. നിറുത്തട്ടെ. നമസ്കാരം."

എൻെറ പ്രസംഗം കഴിഞ്ഞതോടുകൂടി ഇസ്സെയിലെഴുന്നേററ, എല്ലാവൎക്കും നന്ദിപറഞ്ഞുകൊണ്ട് യോഗം പിരിച്ചുവിട്ടു. ഞാൻ, വിശ്വാമിത്രൻ, ദേവമിത്രൻ, ഇസ്സെയിൽ, ഇസ്സെയിലിൻെറ ഭാൎയ്യ പ്രിയംവദ തുടങ്ങി പലരുമായി വിവിധ വിഷയങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ട് വിശ്രമസ്ഥലത്തെത്തി. രാത്രി മണി പത്തു കഴിഞ്ഞിരുന്നു ക്ഷീണം കൂടിക്കൂടിവരികയാണ് ഞാനവരോട് ചുരുക്കത്തിൽ പറഞ്ഞു:—

"ഞാൻ ഒന്നുരണ്ടു ദിവസം ഇവിടെ താമസിച്ച് ഈ ഗ്രാമത്തെപ്പററി പഠിക്കുവാൻ ആഗ്രഹിക്കുന്നു. അതിന്നുശേഷം വിശ്വാമിത്രനോടുകൂടെ നളന്ദയിലേക്ക് പോകുന്നതായിരിക്കും. ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദൎശിക്കണമെന്നാണ് എൻെറ അഭിലാഷം. അന്താരാഷ്ട്രസംഘടനയിലെ പ്രസിഡണ്ടായ ശ്രീ. ദത്തിനെ എൻെറ വിവരങ്ങളറിയിക്കുമല്ലോ?"

ദേവമിത്രൻ:—"താങ്കളോടൊപ്പം ശ്രീ. ഇസ്സയിലും പത്നിയുമുണ്ടായിരിക്കും ഓരോ സംഗതിയെപ്പററിയും അവർ വിശദമായ വിവരണം നല്കുകയും ചെയ്യും"

ഞാനതിന്ന് കൃതജ്ഞത പ്രകടിപ്പിച്ചു അനന്തരം എല്ലാവരും അവരവരുടെ വസതികളിലേക്ക് പോയി.

ഇന്ന് മതത്തിൻെറ നിലപാട് എന്താണെന്നറിയണമെന്ന് വലിയൊരാഗ്രഹമുണ്ടായി. ഞാൻ വിശ്വാമിത്രനോടു ചോദിച്ചു:—

"വിശ്വാമിത്രൻ, ഞാൻ ഹിന്ദുക്കളുടേയും മുസൽമാൻമാരുടേയും പേരു് കേട്ടുവെങ്കിലും അവരുടെ വസ്ത്രധാരണത്തിലും സംഭാഷണത്തിലും പെരുമാററത്തിലും യാതൊരു വ്യത്യാസവും കാണുന്നില്ലല്ലോ. എല്ലാ മതങ്ങളും ഒന്നായിചേൎന്നുവോ?"

"ഇന്നു് മതമില്ല. പുരോഗതിക്ക് വിലങ്ങുതടിയായ മതത്തെ ഞങ്ങൾ ദൂരെ വലിച്ചെറിഞ്ഞു. പേരിനെപ്പററി ചിന്തിച്ചിട്ടു കാര്യമില്ല. ആളുകളാഗ്രഹിക്കുന്ന പേരുകൾ വിളിക്കുന്നു എന്നു് മാത്രമെ ഉള്ളൂ."

ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല, മലയിൻകീഴ്

"ഇന്നത്തെ ഭാഷയേതാണ്?"

"ഇപ്പോൾ ഇന്ത്യയിലെ മാതൃഭാഷ "ഭാരതി"യാണ്. അതിനെ താങ്കളുടെ കാലത്തെ ഹിന്ദുസ്ഥാനിയുടെ പ്രതിരൂപമെന്നു് പറയുന്നതായിരിക്കും കൂടുതൽ നല്ലതു്. ഈ ഭാഷ എല്ലായിടത്തും സംസാരിക്കുന്നു, ലിപിനാഗരിയാണ്. ഇന്നു് ഭാഷാപ്രശ്നങ്ങളൊന്നുമില്ല ചില സംസ്ഥാനങ്ങളിൽ സാഹിത്യപരവും ധാർമ്മികവുമായ ജിജ്ഞാസകൊണ്ടു് മററ സാംസ്ഥാനിക ഭാഷകൾ പഠിക്കുന്നുണ്ടെങ്കിലും "ഭാരതി"യാണ് എല്ലായിടത്തും പ്രചാരത്തിലിരിക്കുന്നതു്."

ഇനിയും ഇങ്ങനെ സമയം ചിലവഴിച്ചാൽ ക്ഷീണം കൂടിക്കൂടി വരികയേയുള്ളൂ. വിശ്വാമിത്രൻ അദ്ദേഹത്തിൻെറ മുറിയിലേക്കു് പൊയ്ക്കഴിഞ്ഞിരുന്നു. ഞാനും എൻെറ മുറിയിൽ ചെന്നു കട്ടിലിൽ കിടന്നു. ഉറക്കം വരുന്നില്ല. ജനലിലൂടെ ചന്ദ്രിക എന്നെ എത്തിനോക്കുകയാണ്. മുമ്പിൽ, മഞ്ഞുമൂടിയ മാമലകൾ. ചന്ദ്രികാചർച്ചിതമായ രാത്രി. എൻെറ മനസ്സിൽ ഞാൻ കണ്ട ഓരോ രംഗവും ചുരുളുകളായി വന്നുകൊണ്ടിരുന്നു. സ്ത്രീവർഗ്ഗം എൻെറ മുമ്പിൽ വന്നുനിന്നു. ഇന്നു് വിരലിൽ കൂട്ടിനോക്കി കണക്കു പറയുന്നവരല്ല; കുഞ്ഞുങ്ങൾ ചോദിക്കുമ്പോൾ "മുത്തശ്ശിക്കഥ" പറഞ്ഞുകൊടുക്കുന്ന അമ്മമാരല്ല, അടുക്കളഭിത്തികളുള്ളിൽ കിടന്നു ശ്വാസംമുട്ടുന്നവരല്ല അവർ, അവർ വളൎന്നു. അവർ പുരുഷന്മാരോടൊപ്പം മുന്നോട്ടുപോകുകയാണ്. ഇന്നത്തെ ഗ്രാമം എൻെറ മുമ്പിൽ നൃത്തംവെച്ചപ്പോൾ ആ ഇന്നലത്തെ ഗ്രാമം ചൂളിപ്പോയി.........

അങ്ങിനെ ഓരോന്നോരോന്നായി എല്ലാ കുറിപ്പുകളും ഞാൻ മനസ്സിലെഴുതിവച്ചു. പതിനൊന്നുമണി കഴിഞ്ഞു. അടുത്ത ദിവ

സത്തെ പരിപാടിയെപ്പററി തീരുമാനിച്ചതിനുശേഷം ഉറങ്ങാമെന്നു വിചാരിച്ച് ഞാനാലോചിക്കുവാൻ തുടങ്ങി—സേവാഗ്രാമത്തിലെ തോട്ടങ്ങളെപ്പററി മനസ്സിലായി. വീടുകളേയും വിഭാഗങ്ങളേയും പററി അറിഞ്ഞു. ഭക്ഷണസ്ഥലവും വിശ്രമസ്ഥലവും കണ്ടു. മൂന്നുവയസ്സായ കുട്ടികളെ സ്കൂളിൽ ചേൎത്തുന്നുവെന്നറിഞ്ഞു. എന്താണീ കുട്ടികളുടെ സ്ഥിതി? മൂന്നുവയസ്സ് പ്രായമാകുമ്പോഴാം സ്കൂളിൽ ചേൎക്കുകയോ? അതിലും മുൻപേ അറിയേണ്ട ഒരു കാൎയ്യമുണ്ട്. ഈ ഗ്രാമത്തിൽ ഞാൻ ധാരാളം സ്ത്രീകളേയും പുരുഷന്മാരേയും കണ്ടു. എന്നാൽ ഒരു കുട്ടിയെപ്പോലും കണ്ടില്ലല്ലോ? മൂന്നുവയസ്സാകുന്നതുവരെ കുട്ടികളെ എവിടെ വളൎത്തുന്നു; എങ്ങിനെ വളൎത്തുന്നു. അതൊക്കെ അറിയണം. ആശുപത്രി, ഗ്രാമശുചീകരണം—ഇതൊക്കെ എളുപ്പത്തിൽ അറിഞ്ഞിരിക്കേണ്ട കാൎയ്യങ്ങളാണ്. ഇന്ദ്രേയിലും വിശാമിത്രനും അനുഭവസമ്പന്നരാണ്. അവരോടുകൂടെ എല്ലാം സന്ദൎശിക്കുന്നതു നന്നായിരിക്കും. അങ്ങിനെ ഓരോന്നാലോചിച്ചുകൊണ്ട് ഞാൻ നിദ്രയിലാണ്ടു.

---

# ഗ്രാമവും ഗ്രാമീണരും.

അഞ്ചുമണിക്ക് മുൻപ് ഞാനുണർന്നു. ഞാനെഴുന്നേററ് ജന്നലിലൂടെ ആകാശത്തേക്ക് നോക്കി. താരാഗണങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നു. ചന്ദ്രികാനിബിഡമായ ആ നിശാന്ത്യത്തിൽ ലതാഗ്രങ്ങളിൽ തൂങ്ങിക്കിടക്കുന്ന പുഷ്പവല്ലരികൾ പൊട്ടിച്ചിരിക്കുന്ന കാഴ്ച മനോഹരമായിരുന്നു. പനിനീർപൂവിൻെറ നേർമ്മയേറിയ സുഗന്ധം മെല്ലെമെല്ലെ എൻെറ മുറിയിലേക്ക് പ്രവേശിച്ചുകൊണ്ടിരുന്നു. അഞ്ചുപത്തുമിനിട്ടു കഴിഞ്ഞപ്പോഴേക്കും വെടിമുഴക്കം കേട്ടു. 5 മണി കഴിഞ്ഞു. അല്പസമയത്തിനുള്ളിൽ ഒരാൾ എൻെറ മുറിയിലേക്കു കടന്നുവന്നു. അദ്ദേഹം എനിക്ക് കക്കൂസ്, കുളിമുറി മുതലായവയെല്ലാം കാണിച്ചുതന്നു.

ഓരോ വീടിനും കുഴൽഘടിപ്പിച്ചിട്ടുള്ള ഓരോ കക്കൂസ് വീതമുണ്ട്. മലവിസർജ്ജനത്തിനുശേഷം ഒരു കുഴൽ തിരിച്ചാൽ വെള്ളം ശക്തിയായ് വന്ന് അവിടം വൃത്തിയാക്കപ്പെടുന്നു. അതിന്ന് തോട്ടികളുടെ ആവശ്യംതന്നെയില്ല എല്ലാം കുഴൽമാർഗ്ഗേണ

ശുദ്ധീകരിക്കപ്പെടുന്നു. അതെ, കുഴൽ കേടുവന്നാൽ നന്നാക്കാൻ പ്രത്യേകം വിദഗ്ദ്ധന്മാരെ നിയമിച്ചിട്ടുണ്ട്. ഗ്രാമത്തിലുള്ള വിസർജ്ജനമൊക്കെ രണ്ടുമൂന്നു നാഴിക ദൂരെയായി നിർമ്മിച്ചിട്ടുള്ള കുഴികളിൽ ചെന്നുവീഴുന്നു. ആ കുഴികൾ നിറയുമ്പോൾ മൂടുകയും അതുപോലെ വേറെ കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നു. കുഴികൾ നിർമ്മിക്കുന്നതും മൂടുന്നതും യന്ത്രങ്ങൾവഴിയാണ്. നാലഞ്ചുകൊല്ലം മൂടിയിടുന്നതിന്നുശേഷം കുഴികളിൽ ചില രാസപദാർത്ഥങ്ങൾ ചേർത്ത് വൃക്ഷങ്ങൾക്കുള്ള വളമാക്കിയെടുക്കുന്നു.

കുളിമുറി വളരെയേറെ സുഖപ്രദമായിരുന്നു. തണുത്തവെള്ളവും ചൂടുവെള്ളവും വെവ്വേറെ കുഴലുകളിലായി സംഭരിക്കപ്പെട്ടിട്ടുണ്ട്. അടുത്തുതന്നെ ചീനമണ്ണുകൊണ്ടുള്ള ഒരു തൊട്ടി—പൈപ്പിലെ വെള്ളം നിറക്കുവാനുള്ളതായിരുന്നു അത്. പൈപ്പിൻെറ ഒരു ഭാഗത്ത് ചുമരിനോടുചേർത്ത് സോപ്പും റുമാലും വെച്ചിരിക്കുന്നു. അവിടെത്തന്നെ പല്ലുതേക്കാനുള്ള പൌഡറും ബ്രഷും ഉണ്ടായിരുന്നു. ഞാൻ പല്ലുതേച്ചു—കുളിച്ചു—വസ്ത്രം മാറി നേരത്തേവന്ന ആ വ്യക്തി ഇപ്പോഴും വന്നു അദ്ദേഹം ഒരു യന്ത്രം തിരിച്ചു. ആ മുറിയിലുണ്ടായിരുന്ന അശുദ്ധജലം മുഴവനും പുറത്തുപോയി. ആ മുറിയുടെ മറുഭാഗത്തായി ജനലിനോടുചേർത്ത് ഒരു കസേരയിട്ടിരിക്കുന്നു. ഞാൻ അവിടെച്ചെന്നു് കുറച്ച് വ്യായാമം നടത്തി. അനന്തരം എൻെറ മുറിയിലേക്കു വന്നു. ഇപ്പോൾ കിഴക്കു വെള്ളപൂശിയിട്ടേ ഉണ്ടായിരുന്നുള്ള എങ്ങും പക്ഷികളുടെ കോലാഹലം—മന്ദമാരുതനേററു ചാഞ്ചാടുന്ന പൂവാടികൾ! സ്വച്ഛന്ദസുന്ദരമായ തെരുവീഥി—ഒപ്പംതന്നെ ഞാനും പ്രസന്നചിത്തനായിരുന്നു.

വിശ്വാമിത്രനും പത്മാവതിയും എൻെറ അടുക്കലേക്കു വന്നു. എൻെറ അഭ്യർത്ഥനയനുസരിച്ച് അവരിരുവരും കസേരകളിൽ ഉപവിഷ്ടരായി. അവരുടെ വസ്ത്രധാരണമാണ് എന്നെ അത്യധികം ആകർഷിച്ചത്. മുഖമൊഴികെ മറെറല്ലാ അവയവങ്ങളും ആവരണംചെയ്യപ്പെട്ടിട്ടുണ്ട്. കാരണം ഇപ്പോൾ തണുപ്പ്

കൂട്ടതലാണ്. നല്ല നല്ല വസ്ത്രങ്ങളാണ് അവർ ധരിച്ചിരിക്കുന്ന ത്. ഇരുകൂട്ടരും ചെരിപ്പു ധരിച്ചിരിക്കുന്നു. പുറംകുപ്പായത്തി ന്നുള്ളിലായി എല്ലാവരും ഓരോ കമ്പിളികോട്ടും തലയിൽ ഒരു തരം തൊപ്പിയും ധരിച്ചിട്ടുണ്ട്. ജോലിചെയ്യുമ്പോൾ മാത്രമാണ വർ ഇതു് ധരിക്കുന്നതു്.

സ്ത്രീകൾ പ്രത്യേകമായി സാരിയും ജമ്പറും ചെരിപ്പും ധരി ക്കുന്നു. അധികം തണുപ്പ് അനുഭവപ്പെടുമ്പോൾ നീളമുള്ള കമ്പി ളിക്കോട്ടും തൊപ്പിയും ധരിക്കുന്നു അല്പം ചിലരൊഴികെ മററാ രുടെ കയ്യിലും ഞാൻ വാച്ച് കണ്ടില്ല കാഴ്ച കുറവുള്ളവർ (വള രെ അപൂർവ്വമായി മാത്രം) കണ്ണട ധരിക്കുന്നു.

എല്ലാവരുടെ കയ്യിലും ഓരോ പേനയും ഡയറിയുമുണ്ടായി രുന്നു തലേദിവസത്തെ കാര്യങ്ങൾ കുത്തിക്കുറിക്കണമെന്നു് എനിക്കും മോഹമുണ്ടായി അപ്പോഴെക്കും എനിക്ക് ഒരു പേന യും ഡയറിയും നല്കി. നിബ്ബും, ക്ലിപ്പും തനി സ്വർണ്ണമാണ്. ഒരു പക്ഷെ നിബ്ബിൻെറ മുനയിൽ ഇറിഡിയമുണ്ടായിരിക്കണം. കാരണം, ഇന്നു് സ്വർണ്ണത്തിൻെറ ഉപയോഗംതന്നെ കുറവാണ്. ഈ വക ഉപകരണങ്ങൾ നിർമ്മിക്കാനല്ലാതെ സ്വർണ്ണം ആഭരണ മായിട്ടൊന്നും ഉപയോഗിക്കാറില്ല. കാരണം ഇന്നാരിലും അങ്ങി നെയൊരു നിരർത്ഥകമായ ബോധം വേരൂന്നിയിട്ടില്ല. ഇന്നു് ദുഃഖവും അളവുമില്ല. ആരുമാരും അവനവൻെറ സമ്പാദ്യം മൂടി വെക്കുന്നില്ല; അതിൻെറ ആവശ്യമില്ലാഞ്ഞിട്ടുതന്നെ!

ഇന്ദ്രയിലും പതി പ്രിയംവദയും വന്നുചേർന്നു ഇന്ദ്രയിൽ എന്നോടിപ്രകാരം പറഞ്ഞു:—

"ഇപ്പോൾ 7 മണിയാകാറായി. പ്രാതൽ കഴിച്ച് നമുക്ക് ശിശുസംരക്ഷണകേന്ദ്രം കാണാൻ പുറപ്പെടാം. പ്രിയംവദ," ഫാത്തിമയെ വിവരമറിയിച്ചു വരികയാണ്. ഫാത്തിമ അതി ൻെറ സംഘാടകയാണ്.

ഞാനതിന്നു' നന്ദിപറഞ്ഞു. ഇപ്പോഠം ശിശുസംരക്ഷണ കേന്ദ്രവും ഉച്ചയ്ക്കുശേഷം ആശുപത്രിയും സന്ദർശിക്കാമല്ലോ അതാ, വെടിമുഴക്കം. ഞങ്ങഠം ഭോജനശാലയിലേക്കു പുറപ്പെട്ടു. തെരു വീഥികളിൽ തലയുയർത്തി നില്ക്കുന്ന ഓരോ വീടും ഞാൻ ശ്രദ്ധിച്ചു നോക്കി. അവയുടെ നിർമ്മാണത്തിൽ ഉറപ്പും സൌകര്യ്യവും ആക ർഷകത്വവും അത്യധികം ശ്രദ്ധിക്കപ്പെട്ടിരുന്നതുപോലെയാണ് തോ ന്നുന്നതു്.

ഞങ്ങഠം കൈ കഴുകി കസേരകളിലിരുന്നു. ഓരോ ജില്ലേ ബി, ഈരണ്ടു മുട്ട, ഓരോ ഗുലാബ് ജാമുൻ—ഇവ വെവ്വേറെ പാത്രങ്ങളിലായി വെച്ചിരുന്നു. മററൊരു പാത്രത്തിൽ കുറെ പഴക്കഷ്ണങ്ങളും ഒരു ഗ്ലാസിൽ കുറെ പച്ചവെള്ളവും; ഒപ്പംതന്നെ ഒരൊഴിഞ്ഞ ഗ്ലാസും—ഏതാനും നിമിഷങ്ങഠംക്കുള്ളിൽ അതിൽ ചൂടുള്ള പാലും ഒഴിച്ചു. ഇതാണ് പ്രാതലിന്നുള്ള വിഭവങ്ങഠം. വേഗത്തിൽതന്നെ പ്രാതൽ കഴിച്ചു ഞങ്ങഠം നാലുപേർ—വിശ്വാ മിത്രൻ, ഇസ്സേയിൽ ദമ്പതിമാർ, ഞാൻ—ശിശുസംരക്ഷണാലയ ത്തിന്നു നേരെ തിരിച്ചു. മൂന്നുവയസ്സിന്നു താഴെയുള്ള കുഞ്ഞുങ്ങ ളെ സംരക്ഷിക്കുന്ന സ്ഥലമാണത്രെ, അതു്. ആ ഗ്രാമത്തിൻെറ ഒരററത്താണ് ശിശുസംരക്ഷണാലയം.

ഞാൻ വിശ്വാമിത്രനോടു പല കാര്യ്യങ്ങളെക്കുറിച്ചും ചോ ദിച്ചു. അദ്ദേഹം പറയുകയാണ്:—ഇന്നു് മുറുക്കുന്ന സമ്പ്രദായ മില്ല. പുകയില, ബീഡി, സിഗററ്, മദ്യം, കറുപ്പു്,—ഇവയെ ല്ലാം വിഷമയമായ സാധനങ്ങളാകകൊണ്ടു് വർജ്ജിക്കപ്പെട്ടിരി ക്കുകയാണ്. ലോകത്തിലാകമാനം അതൊക്കെ നിരോധിക്കപ്പെ ട്ടിരിക്കുന്നു. ആരോഗ്യപ്രദമായ പദാർത്ഥങ്ങളൊഴികെ യാതൊന്നും ആക്കും നല്കപ്പെടുന്നില്ല. അതാണ് നിയമം, ഇന്നു' ഇന്ത്യയിൽ 25 കോടി ജനങ്ങളാണുള്ളതു്. ഇത്രയും പേർക്കു് ബീഡി, സിഗറ റററ്, വെററില, പാക്കു് മുതലായവയുൽപ്പാദിപ്പിക്കണമെങ്കിൽ ലക്ഷക്കണക്കിനാളുകഠം പരിശ്രമിക്കേണ്ടിവരും. അങ്ങനെയുള്ള അനാവശ്യചിലവിന് രാഷ്ട്രം സാക്ഷിയാകുമോ? ഒരിക്കലുമില്ല.

പുകയിലയും റൊററിലയും കൃഷിചെയ്യുന്ന ലക്ഷക്കണക്കിനേക്ര സ്ഥലത്ത് മററുപയോഗപ്രദമായ സാധനങ്ങഠം ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്. എല്ലാവക്കും വസ്ത്രങ്ങഠം വിതരണം ചെയ്യുന്നതു് ക്രമമായ തോതിലാണ്."

"നിങ്ങളുടെ രാഷ്ട്രീയ പുരോഗതികൊണ്ടു് എല്ലാ ദുർഗ്ഗുണങ്ങളും ഉന്മൂലനംചെയ്യാൻ സാധിച്ചതു് സമുചിതമായി" ഞാൻ പറഞ്ഞു. എനിക്കപ്പോഴും ഒരു സംശയമുണ്ടായിരുന്നു.

"മാംസഭക്ഷണം അനിവാര്യമായിട്ടുള്ളവരുടെ സ്ഥിതിയെന്താണ്?"

"ഇന്നു് ശരിയായ മാംസം കിട്ടുന്നില്ല. കൃത്രിമ മാംസം ആവശ്യമനുസരിച്ച് ഉപയോഗിക്കുന്നുണ്ട്."

"മുട്ടകളൊ."

"അതു് നല്ലൊരു പലഹാരമല്ലെ?"

"ഇപ്പോഠം യൂറോപ്പിലും അമേരിക്കയിലും പന്നികളെ വളത്താറില്ലേ?"

"ഇല്ല. ഇവിടെത്തന്നെ വല്ല മൃഗങ്ങളുമുണ്ടോ എന്നു് നോക്കണം, ഉപകാരമില്ലാത്ത മൃഗങ്ങളെയൊക്കെ ഉന്മൂലനം ചെയ്തു കഴിഞ്ഞു. ജന്തുശാസ്ത്രപഠനത്തിന്നുവേണ്ടി മാത്രം കുറച്ചൊക്കെ ഇനിയും വളത്തുന്നുണ്ട്."

"പാലിന്നുവേണ്ടി അനേകം പശുക്കളെ വളത്തുന്നുണ്ടല്ലോ? അവ ചത്തുകഴിയുമ്പോഠം ആ തോൽ എന്തിന്നുവേണ്ടിയാണ് ഉപയോഗിക്കുന്നതു്? അതുകൊണ്ടു് ബെൽററുണ്ടാക്കാറുണ്ടോ?"

"യന്ത്രങ്ങളുടെ ബെൽററുനിർമ്മാണത്തിന്നു് തോലിനേക്കാഠം ഉറപ്പു് ക്യാൻവാസിനാണ്. തൊലിയുരിച്ചെടുക്കുന്നതും ചീഞ്ഞതിനുശേഷം വൃത്തിയാക്കുന്നതും അന്തരീക്ഷത്തിൽ അണുക്കഠം പര

ക്കാൻ കാരണമാകുന്നു. തന്മൂലം ആ ദുർഗ്ഗന്ധപൂരിതമായ പ്രവൃത്തിതന്നെ വേണ്ടെന്നുവെച്ചു. മൃഗങ്ങൾ ചത്തുകഴിഞ്ഞാലുടൻ കുഴിച്ചുമൂടുന്നു. വളമായാൽ അതുപയോഗിക്കുകയും ചെയ്യുന്നു. ഒരു സാധനവും ഞങ്ങൾ ഉപയോഗശൂന്യമായി കളയില്ല. എല്ല്, ചാണകം മുതലായ പദാർത്ഥങ്ങൾ നല്ല നല്ല വളമായി ഉപയോഗിക്കുന്നു ''

ഞങ്ങൾ പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു മുന്നോട്ടു പോയി. ഗ്രാമം പർവ്വതത്തിൻെറ താഴെയും നദീതീരത്തുമാക കൊണ്ട് നീണ്ടതും വീതികുറഞ്ഞതുമാണ്. ഇരുഭാഗങ്ങളിലും കൂട്ടുകുടുംബങ്ങളാണ്. വീതികൂടിയ പ്രദേശത്ത് ആകെ ആറു വിഭാഗങ്ങളാണുള്ളത്. വിഭാഗങ്ങളെ പരസ്പരം ബന്ധിക്കുന്നത് പൂന്തോട്ടങ്ങളാണ്. രണ്ടു വിഭാഗങ്ങളിലെ വീടുകൾക്ക് സ്ഥിതി ചെയ്യാവുന്നത്ര വിസ്തൃതമായ സ്ഥലത്താണ് സന്ദർശനഹാൾ സ്ഥിതിചെയ്യുന്നത് ഇതു് ഗ്രാമീണവായനശാലയോട് ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഈ വായനശാലയിൽ നിന്നാണ് അനേകം പുസ്തകങ്ങൾ ഓരോ വിഭാഗത്തിലുള്ള വായനശാലയിലേക്കും കൊണ്ടുപോകുന്നത്. സന്ദർശനഹാളും ഭക്ഷണശാലയും തമ്മിൽ ഒരു പാതയുടെ വ്യത്യാസം മാത്രമെയുള്ളു

മുൻപുതന്നെ ശിശുപാഠശാല കാണണമെന്നുണ്ടായിരുന്നു. പക്ഷെ ഭക്ഷണസമയമടുത്തതിനാൽ ഭക്ഷണശാലയ്ക്കടുത്തെത്തി. എല്ലാവരും ഭക്ഷണശാലയിലെത്തി. വെടിമുഴങ്ങി. ഞങ്ങൾ കസേരകളിലിരുന്നു. പക്ഷെ ഭക്ഷണം വിളമ്പാൻ ഇനിയും താമസമുണ്ടായിരുന്നു. അതുകൊണ്ട് എൻെറ അഭ്യർത്ഥനയനുസരിച്ചു ഞങ്ങൾ അടുക്കളയിലേക്കു ചെന്നു. എനിക്കവിടം മുഴുവനും സന്ദർശിക്കണമെന്നുണ്ടായിരുന്നു. വലിയ വലിയ പാത്രങ്ങൾ:— എല്ലാം കയററിവയ്ക്കുന്നതും യന്ത്രങ്ങളാണ്. ധാന്യം പൊടിക്കുന്നതും റൊട്ടിയുണ്ടാക്കുന്നതിനും യന്ത്രങ്ങൾ തന്നെ. തീയിനു പകരം വിദ്യുച്ഛക്തിയാണുപയോഗിക്കുന്നത്. അയ്യായിരത്തിൽപരം ജനങ്ങൾക്ക് ഭക്ഷണം പാകംചെയ്യുന്ന ആ വിശാലമായ അടുക്കള

യിൽ കരിയോ പുകയോ ഇല്ല. ഓരോ പദാൎത്ഥവും പാകം ചെയ്യുവാനും വേവ് നിൎണ്ണയിക്കാനും സമയനിൎണ്ണായപരിപാടിയുള്ളതുകൊണ്ട് യാതൊരു പദാൎത്ഥവും പാകപ്പിഴവിൽ ചീത്തയാകുമെന്നുള്ള ആശങ്കയ്ക്കവകാശമില്ല. സ്ത്രീകളും പുരുഷന്മാരും പല തരത്തിലുള്ള ജോലികൾ ചെയ്യുന്നു. ചിലർ പാത്രങ്ങൾ യന്ത്രങ്ങളിൽ അടക്കിയടക്കിവക്കുന്നു; ആ യന്ത്രങ്ങൾ ചൂടുവെള്ളം നിറച്ചിട്ടുള്ള ഒരു മുറിയിലേക്കു പോകുന്നു; ആ പാത്രങ്ങളിലുള്ള എച്ചിൽ— (വളരെ കുറച്ച്) ഒരു കുഴിയിൽ ചെന്നുവീഴുന്നു. (എച്ചിൽ വളമായുപയോഗിക്കുന്നു) ആ പാത്രങ്ങൾ യന്ത്രം വഴി വൃത്തിയാക്കിയ ശേഷം തിരികെ വരുന്നു. ചില പാചകവിദഗ്ദ്ധന്മാർ ഭക്ഷണപദാൎത്ഥത്തിന്റെ സ്വാദും രുചിയും പരിശോധിക്കുന്നു. അങ്ങിനെ........രസാവഹമായ പല പ്രവൎത്തനങ്ങളും കണ്ടു. മണിയടിശബ്ദം. ഭക്ഷണം വിളമ്പി വിഭവസമൃദ്ധമായ സദ്യ!

ഭക്ഷണാനന്തരം ഞങ്ങൾ ആശുപത്രിയിലേക്കാണ് പുറപ്പെട്ടത്. കാരണമുണ്ട്. ഒന്നാമത്, ആശുപത്രി വളരെ അടുത്തായിരുന്നു. രണ്ടാമത് ശിശുസംരക്ഷണശാലയിലേക്ക് രാവിലെ പോയാൽ മാത്രമെ കുട്ടികളുടെ കളിയും തമാശയും കാണാൻ സാധിക്കുകയുള്ളു. ഇപ്പോൾ അവർ ഉറങ്ങുകയായിരിക്കും. ഞങ്ങൾ ആശുപത്രിയിലേക്കു ഫോൺ ചെയ്തു.

ഞങ്ങൾ ആശുപത്രിയിലെത്തി. അവിടെ ഡോക്ടർ "മനോരമ" ഞങ്ങളേയും പ്രതീക്ഷിച്ച് നില്ക്കുന്നുണ്ടായിരുന്നു. ഡോക്ടർ "രഹീം ബക്ശ്" (മനോരമയുടെ ഭൎത്താവ്) മാത്രമല്ലാതെ മററല്ലാവരും വന്നുചേൎന്നിരുന്നു. കാശ്മീരിൽ ജനിച്ച "ബകസ്" ദമ്പതിമാർ തക്ഷശിലയിലാണ് ചികിത്സയെപ്പററി അദ്ധ്യായനം നടത്തിയത്.

മനോരമ ഞങ്ങളെ രോഗികൾ കിടക്കുന്ന മുറിയിലേക്ക് നയിച്ചു. അവിടെ എന്റെ പ്രതീക്ഷക്ക് വിപരീതമായിട്ടാണ് രോഗികൾ ഉണ്ടായിരുന്നത്. ഞാൻ വിചാരിച്ചത്, 5000 ജന

സംഖ്യയുള്ള ഗ്രാമത്തിൽ അതിന്നനുസരിച്ച് കുറെ രോഗികളുണ്ടായിരിക്കുമെന്നാണ്. പക്ഷെ, അവിടെയാകെ 50 പേരാണുണ്ടായിരുന്നത്. ഇന്നു് ക്ഷയം, ഭ്രാന്ത്, കുഷ്ഠം മുതലായ മഹാരോഗങ്ങളൊന്നുമില്ല. സാധാരണയായി പനി, തലവേദന, ദഹനക്കേട്, ചെറിയ പൊട്ടും, മുറിവും മുതലായ രോഗങ്ങൾ മാത്രമെയുള്ളു.

മനോരമ പറയുകയാണ്:—

"ഇന്നു് ചികത്സാപഠനം അതിൻെറ പരമകോടിയിലെത്തിയിട്ടുണ്ടെങ്കിലും പ്രയോഗക്ഷമത കുറഞ്ഞുകുറഞ്ഞു വരികയാണ്. കാരണം, ഇന്നു് മഹാരോഗങ്ങളൊന്നുംതന്നെയില്ല ഇരുനൂറു കൊല്ലങ്ങൾക്ക് മുൻപു് ഡോക്ടർമാക്ക് ഒരു മിനിററു നേരമെങ്കിലും വിശ്രമിക്കാനവസരം കിട്ടിയിരുന്നില്ലത്രെ; അന്നു് മഹാമാരികളും മഹാരോഗങ്ങളും നടമാടിക്കൊണ്ടിരുന്ന കാലമാണല്ലോ. ഇനി ഒരു രോഗിയുമില്ലാത്ത കാലം വരട്ടെ. ഞങ്ങൾ അതിന്നുവേണ്ടി അവിശ്രമം പരിശ്രമിക്കുന്നു ഒഴിവുസമയങ്ങളിൽ ആരോഗ്യകരമായ വിവരങ്ങൾ നൽകി ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കുകയാണ് ഞങ്ങൾ. അപ്പോഴേക്കും ഡോക്ടർ രഹീം ബക്ശ് വന്നുചേന്നു. അവർ രണ്ടുപേരും ഞങ്ങളെ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളും കാണിച്ചുതന്നു. രോഗികൾക്ക് ഭക്ഷണവും താമസവും വളരെ ശുചിയായും കൃത്യമായും നൽകപ്പെട്ടിരുന്നു. രോഗികളെ ശുശ്രൂഷിക്കുന്നത് സ്ത്രീകളാണ്. ആതുരശുശ്രൂഷണത്തിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള അവരുടെ സാന്ത്വനാപൂർണ്ണമായ സംഭാഷണം കേൾക്കുമ്പോൾ തന്നെ രോഗികളുടെ പകുതി രോഗവും മാറിപ്പോകും. പലതരത്തിലുള്ള മരുന്നുകളും ഉപകരണങ്ങളും യഥാസ്ഥാനം വെച്ചിരിക്കുന്നു എല്ലാഭാഗങ്ങളും സന്ദർശിച്ച് ഞങ്ങൾ അവരോട് യാത്രപറഞ്ഞു. ഞങ്ങൾ വിശ്രമസ്ഥലത്തേക്കു മടങ്ങി.

എനിക്കിന്നലത്തേയും ഇന്നത്തേയും അനേക കാര്യങ്ങൾ എഴുതാനുണ്ട്. ഇപ്പോൾ ഒരുമണിയാണ്. വൈകുന്നേരം മട

ങ്ങിയെത്താമെന്നു പറഞ്ഞു് ഇസ്സേയിൽദമ്പതിന്മാർ വീട്ടിലേക്കു പോയി. വിശ്വാമിത്രൻ അദ്ദേഹത്തിൻെറ മുറിയിലേക്കും പോയി കഴിഞ്ഞു. ഞാൻ എൻെറ മുറിയിലിരുന്നു ഡയറി എഴുതാനിരുന്നു. എന്തെല്ലാം കാൎയ്യങ്ങളെഴുതാനിരിക്കുന്നു! സമയവും സ്ഥലവും പോരാ എന്നുമാത്രം! ഞാൻ കഴിവതും ചുരുക്കി സാരാംശം പിഴച്ചുപോകാതെ ശ്രദ്ധിച്ചെഴുതാൻ തുടങ്ങി.

---

# ശിശുസംരക്ഷണകേന്ദ്രം.

പിറേറദിവസം ഞങ്ങൾ ശിശുസംരക്ഷണകേന്ദ്രത്തിന്നുനേരെ തിരിച്ചു. മൂന്നു വയസ്സിന്നു താഴെയുള്ള കുട്ടികളെ സംരക്ഷിക്കുന്ന സ്ഥലമാണിതെന്നു ഞാൻ പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലൊ? ഞങ്ങളവിടെയെത്തിയപ്പോഴക്കും ഫാത്തിമ ഞങ്ങളെ സ്വാഗതം ചെയ്തു. 80വയസ്സു പ്രായമുള്ള അവർ കഴിഞ്ഞ 20കൊല്ലക്കാലമായി വിധവയാണത്രെ. പഠിപ്പവസാനിപ്പിച്ചു വിവാഹം കഴിഞ്ഞതിന്നുശേഷം അവരുടെ ഭൎത്താവു് ശ്രീഋഷികേശ ദ്വിവേദി ഇവിടെത്തന്നെ താമസിക്കുകയാണു്. ദമ്പതികൾ രണ്ടുപേരും തക്ഷശിലയിലെ വിദ്യാൎത്ഥികളാണു്. ചികിത്സാജോലി ഭൎത്താവു് സ്വയം ഏറെറടുത്തു. ഫാത്തിമ പത്തുകൊല്ലത്തോളം ചികിത്സാലയത്തിൽ രോഗിപരിചര്യ സ്വകൎത്തവ്യമായി കരുതി പരിശീലിച്ചുപോരുന്നു. കുട്ടികളോടുള്ള വാത്സല്യംകൊണ്ടാണു് അവർ ഈ ഉദ്യാനത്തിൽ പറന്നെത്തിയതു്. അവൎക്കു സന്താനങ്ങളൊന്നുമില്ല. ഈ "സ്വൎഗ്ഗീയസുമങ്ങളുടെ" സുഗന്ധമേററുകൊണ്ടു് അവർ സംതൃ

പ്പിയടയുകയാണ്. ആ സുമങ്ങളെ ശുശ്രൂഷിക്കാൻ, ആ ഇളം ചുണ്ടുകളിൽനിന്നും അടന്നടന്നു വീഴുന്ന മണിക്കിലുക്കത്തിൽ ലയിച്ചുചേരാൻ അവരുടെ ഹൃദയം സദാ വെമ്പൽകൊണ്ടിരിക്കുകയാണത്രെ!

വിശാലമായ ഒരുദ്യാനവും അതിൽ ധാരാളം കെട്ടിടങ്ങളും, ആ കെട്ടിടങ്ങളുടെ മനോഹാരിതയ്ക്കു മാററു കൂട്ടുവാനെന്നോണം ഒരു പടിവാതിലും, നാലുപാടും പുഷ്പിച്ചുനിൽക്കുന്ന പൂച്ചെടികളും ഇതാണ് ശിശുസംരക്ഷണാലയം.

ഹൃദയതന്ത്രികളെപ്പോലും അൽപനിമിഷത്തേയ്ക്കു പിടിച്ചുനിർത്തുന്ന വസ്തുക്കളിലൊന്നാണ്. മൃദുലമനോഹരവും സുഗന്ധപൂരിതവുമായ ഒരു പുഷ്പം. എന്നെ സംബന്ധിച്ചിടത്തോളം, വളരെ പ്രിയംകരമാണ്. പുഷ്പം അപ്പോൾ, പൊട്ടിച്ചിരിക്കുന്നു, തുള്ളിച്ചാടുന്ന, നിഷ്കളങ്കതയുടെ നിദർശനങ്ങളായ ആ "സ്വർഗ്ഗീയ സുമങ്ങളുടെ" സാമ്രാജ്യത്തിലേയ്ക്കാണ് ഞാൻ പോകുന്നതെങ്കിൽ, എൻെറ ആഹ്ളാദത്തിനു മറെറാന്നും തന്നെ ആവശ്യമില്ല.

ഞങ്ങളവിടെ ചെന്നപ്പോൾ ചില കുട്ടികൾ ഉറങ്ങുകയാണ്. ചിലർ കളിക്കുന്നു; ചിലരെ കളിപ്പിക്കുന്നു. അവിടെ ധാരാളം കുട്ടികളുണ്ട്. അയ്യായിരത്തിൽ പരം ജനസംഖ്യയുള്ള ആ ഗ്രാമത്തിലെ എല്ലാകുഞ്ഞുങ്ങളും. അവരെ ശുശ്രൂഷിക്കുന്നതു വളർത്തുകമാരാണ്. സ്നേഹമസൃണമായ രീതിയിൽ അവർ കുട്ടികളെ പരിപാലിക്കുന്നതു കാണുമ്പോൾ ആരും സന്തോഷിക്കാതിരിക്കുകയില്ല. പ്രസവിച്ച് ഒരു കൊല്ലം കഴിയുന്നതുവരെ അമ്മമാർ തന്നെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കും. അപ്പോൾ അവർക്കു ദിവസത്തിൽ രണ്ടു മണിക്കൂർ മാത്രമേ ജോലി ചെയ്യേണ്ടതുള്ളു. ലോകത്തിലെ എല്ലാ അമ്മമാർക്കും ഈ നിയമം ബാധകമാണ്. മററുള്ള കുട്ടികൾക്കു മുലപ്പാൽ കൊടുക്കുന്നതിനും അവരെ ശുശ്രൂഷിക്കുന്നതിനും ഏതൊരമ്മയും എപ്പോഴും ജാഗ്രതകാണിക്കുന്നു. അവരുടെ ഹൃദയത്തിൽ അപരനെന്ന മനോഭാവം ഉയൻവന്നിട്ടു വേണ്ടേ അക്കാര്യത്തിലൊരു വൈമനസ്യം തോന്നാൻ?

ഒരു കുഡുംബത്തിലുള്ളവർ എപ്രകാരം ജീവിക്കുന്നുവോ, അതുപോലെ സ്നേഹത്തിലും വിശ്വാസത്തിലുമാണവർ പെരുമാറുന്നതു്. അവരുടെ ഹൃദയത്തിൽ സങ്കുചിതമായ യാതൊരു ചിന്താഗതിയും സ്ഥലം പിടിച്ചിട്ടില്ല. ഈർഷ്യയും വിദ്വേഷവും എന്താണെന്നവർക്കറിഞ്ഞുകൂടാ. അവൎക്കു് ഹൃദയം തുറന്നു സ്നേഹിക്കാനും വിശ്വസിക്കാനുമറിയാം. മാനുഷീകമൂല്യങ്ങളെ യഥോചിതം വിലയിരുത്താനും നിലനിൎത്താനും അവൎക്കറിയാം. അവരുടെ ജീവിതത്തിൽ നൈരാശ്യമെന്താണെന്നു്, സ്വാൎത്ഥതാല്പൎയ്യമെന്താണെന്നു് അവരറിഞ്ഞിട്ടില്ല ആത്മാൎത്ഥമായി സ്നേഹിച്ചാൽ ആത്മാഘാതം സംഭവിക്കുമെന്നു്, പരസ്പരം വിശ്വസിച്ചാൽ വഞ്ചിക്കപ്പെടുമെന്നു് അവൎക്കറിഞ്ഞുകൂടാ. അങ്ങിനെയുള്ള സംശയലേശംപോലും അവൎക്കുണ്ടായിട്ടില്ല. അവർ ജീവിതത്തിൻെറ പുറമതോടു തുറന്നുനോക്കാതെയാണോ? അല്ല. ജീവിതത്തിൻെറ എല്ലാ വശങ്ങളിലും അവർ പഴകിയിട്ടുണ്ടു്. പിന്നെ? അങ്ങിനെ വിഷമിക്കുന്ന ഒരു പരിത:സ്ഥിതി ഇന്നു് സമുദായത്തിലില്ലാഞ്ഞിട്ടുതന്നെ. എല്ലാവരും വളരുന്നു; അനുദിനം പുരോഗതിയിലേയ്ക്കു കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്നു.

കുട്ടികൾക്കു് ദിവസത്തിൽ 7 പ്രാവശ്യമാണു് (മൂന്നുമണിക്കൂർ ഇടവിട്ടു്) ഭക്ഷണംകൊടുക്കുന്നതു്. തക്കസമയങ്ങളിൽ തക്കഭക്ഷണം കൊടുത്തു് അവരെ ചെറുപ്പംമുതൽക്കുതന്നെ ആരോഗ്യമുള്ളവരാക്കിത്തീൎക്കുന്നു. നല്ലനല്ല വസ്ത്രങ്ങൾ ധരിപ്പിച്ചു് കളിക്കോപ്പുകളും നൽകി വളൎത്തമ്മമാർ അവരെ കളിപ്പിക്കുമ്പോൾ, ആ കളിക്കുട്ടന്മാരുടെ ഇളംചുണ്ടുകളിൽ പുഞ്ചിരിയും കവിളിണകളിൽ മൊട്ടിട്ടുവരുന്ന നുണക്കുഴിയും—അങ്ങിനെ നോക്കിനിൽക്കാൻ തോന്നും. ഒരു സ്വൎഗ്ഗരാജ്യത്തിലേയ്ക്കിറങ്ങിവന്ന ആത്മസംതൃപ്തിയാണെന്നിലുളവായതു്. ആ "സ്വൎഗ്ഗീയ സുമങ്ങളു"ടെ ഹൃദ്യമായ സുഗന്ധമാസ്വദിച്ചു് ജീവിക്കുന്ന ഫാത്തിമ തികച്ചും ഭാഗ്യവതിതന്നെ.

ഈ നിസ്വാൎത്ഥമായ സേവനത്തിനു് ആത്മാൎത്ഥമായി

മുന്നോട്ടുവന്ന അവരെ വീണ്ടും വീണ്ടും അനുമോദിച്ചിട്ടും എനിക്കു തൃപ്തിവന്നില്ല.

കുട്ടികളുടെ കളിസ്ഥലവും അവരുടെ കളിസ്ഥലവും കിടപ്പുമുറികളും ഞങ്ങൾ കണ്ടു. അവർക്കു ഭക്ഷണം പാകം ചെയ്യാനുള്ള അടുക്കളെയും ഞങ്ങൾ സന്ദർശിച്ചു

എന്നെ ഏററവുമധികം ആകർഷിച്ച ഒരു സ്ഥലമാണ് ഈ ശിശുസംരക്ഷണകേന്ദ്രം. എന്തോ ഇന്നും ആ സ്ഥലവും പരിസരവും എൻെറ മനസ്സിൽനിന്നും മായുന്നില്ല

അങ്ങിനെ ഞങ്ങൾ മടങ്ങി. പിറേറന്നു രാവിലെ നളന്ദായിലേയ്ക്കു പോകുവാൻ തീരുമാനിച്ചു. എൻെറ മുറിയിലേയ്ക്കെത്തുന്നതുവരെ ഞാൻ ഫാത്തിമയേയും ആ "സ്വർഗ്ഗീയസുമങ്ങളേ"യും കുറിച്ചോർക്കുകയായിരുന്നു.

---

ശ്രീകൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

# തീവണ്ടിയാത്ര.

പ്രാതലിന്നു മുൻപുതന്നെ പലരും എന്നെക്കാണാൻ വന്നിരുന്നു. ഞാനിന്നു് നളന്ദയിലേക്കു പോകുന്നതുകൊണ്ടു എന്നെ യാത്രയാക്കാനാണു് അവർ വന്നുചേൎന്നതു്. ഞാൻ അവരോടൊപ്പം പ്രാതൽ കഴിക്കുകയും അവിടെനിന്നു സന്ദൎശനഹാളിലേക്കു പുറപ്പെടുകയും ചെയ്തു.

അവിടെ ധാരാളം സ്ത്രീപുരുഷന്മാർ സന്നിഹിതരായിരുന്നു. ഞാൻ അവിടെ എത്തിയപ്പോഠം എല്ലാവരുടേയും മുഖത്തു് എന്തെന്നില്ലാത്ത ഒരാനന്ദം വെട്ടിത്തിളങ്ങിയിരുന്നു. എല്ലാവരേയും പ്രതിനിധീകരിച്ചുകൊണ്ടു് ദേവമിത്രൻ എന്നോടു കൃതജ്ഞത പ്രകടിപ്പിച്ചു. ഒപ്പംതന്നെ എനിക്കൊരു മംഗളപത്രം സമൎപ്പിക്കുകയും ചെയ്തു.

ഞാൻ എല്ലാവരോടും എന്റെ ഹാൎദ്ദമായ അഭിനന്ദനം രേഖപ്പെടുത്തിയിട്ടാണു് അവരോടു യാത്രചോദിച്ചതു്. എന്നോ

ടൊപ്പം വിശ്വാമിത്രനും ഉണ്ടായിരുന്നുവെന്നു പ്രത്യേകം പറയേണ്ട തില്ലല്ലോ? ഞങ്ങളുടെ വാഹനത്തിൽ ഇന്ദ്യയിൽദമ്പതിമാരും ദേവമിത്രനും ഉണ്ടായിരുന്നു. "മോഹൻപൂർ" ഗ്രാമത്തിലേക്കാണ് ഞങ്ങാം യാത്രതിരിച്ചതു്. ഞങ്ങളുടെ ആഗമനവാത്ത ഫോൺ വഴി അവരെ അറിയിച്ചിരുന്നു.

ഞങ്ങാം ഗ്രാമത്തിനടുത്തെത്തി. ഗ്രാമസഭാപ്രസിഡണ്ടും സഹപ്രവത്തകരും ഞങ്ങളെ സ്വീകരിച്ച് അഭിവാദനംചെയ്തു. സേവാഗ്രാമത്തെ അപേക്ഷിച്ച് ആ ഗ്രാമത്തിൽ യാതൊരു പ്രത്യേകതയും കണ്ടില്ല. വീടുകളും, റോഡുകളും, തോട്ടങ്ങളും വായനശാലയും—എല്ലാം സേവാഗ്രാമത്തിലേതുപോലെതന്നെ. സേവാഗ്രാമത്തിലേക്കുതന്നെ തിരിച്ചുവന്നിരിക്കുകയാണോ എന്നു തോന്നാനിടയുണ്ട്, പക്ഷെ, ജനസംഖ്യാപരമായും ഭൂമിശാസ്ത്രപരമായും ചില ചില്ലറ വ്യത്യാസങ്ങാം കണ്ടെന്നുവരാം.

ഈ ഗ്രാമം ഫലവൃക്ഷങ്ങളുടെ കേന്ദ്രമാണ് ഇവിടെനിന്നും നാനാസ്ഥലങ്ങളിലേക്കും പഴങ്ങാം കയററിഅയക്കുന്നു. ഇവിടെനിന്നു സിലോണിലേക്കു ധാരാളം പഴങ്ങാം കയററിഅയക്കുന്നുണ്ടത്രെ. ഇവിടെ ഒരു ഐസ്ഫാക്ടറിയുണ്ട് പഴങ്ങാം കേടുവരാതെ കയററിഅയക്കുന്നതിനു് തീവണ്ടിമുറികളിൽ ഐസ് നിറക്കുകയാണ്.

ജനങ്ങാം എനിക്കു നൽകിയ അഭൂതപൂർവ്വമായ സ്വീകരണത്തിന്നു് ഞാൻ ഹൃദയപൂർവ്വം നന്ദിപറഞ്ഞു ശിശുസംരക്ഷണാലയവും അതിനടുക്കൽതന്നെയുള്ള ഐസ്ഫാക്ടറിയും കാണണമെന്നു് എനിക്കാഗ്രഹമുണ്ടായിരുന്നെങ്കിലും അതിനു സൌകര്യം സിദ്ധിച്ചില്ല. കാരണം തീവണ്ടിവരേണ്ടസമയമടുത്തിരുന്നു. തീവണ്ടിയാഫീസിലേക്ക് പോകുംവഴി ഫാക്ടറിയുടെ പുകക്കുഴലെങ്കിലും കാണാമല്ലോ എന്നു ഞാൻ സമാധാനിച്ചു. പക്ഷെ എല്ലാം വൈദ്യുതീകരിച്ചുവെന്ന ആ മഹത്തായ കാര്യം ഞാൻ തീരെ വിസ്മരിച്ചുപോയിരുന്നു.

ഞങ്ങൾ സ്റ്റേഷനിലെത്തി.

വണ്ടിവരാനിനി രണ്ടുമിനിട്ടുകൂടിയുണ്ട്. ഞങ്ങൾ വിശ്രമശാലയിലിരുന്നു. ശാന്തിയും സമാധാനവും നിറഞ്ഞുനിൽക്കുന്ന അന്തരീക്ഷം! സ്റ്റേഷനു ചുററും യാതൊരു തരത്തിലുള്ള മുറവിളികളും കേൾക്കാനില്ല. എങ്ങും ഒരാനന്ദത്തിൻെറ തിരത്തള്ളൽ മാത്രം!

തീവണ്ടി വന്നുനിന്നു. ഇരുനൂറുസംവത്സരങ്ങൾക്കുശേഷം ഞാനിന്നു തീവണ്ടി കാണുകയാണ്. അന്യോന്യം തട്ടിച്ചുനോക്കുമ്പോൾ പഴയ വണ്ടികളേക്കാൾ ഇന്നത്തേതിന്നു് വലിയൊരു പ്രത്യേകതയുണ്ട്. എഞ്ചിനുണ്ടോ എന്നുതന്നെ സംശയിക്കും. കാരണം, പുകയാകട്ടെ, പുകക്കുഴലാകട്ടെ "ഘടഘട" ശബ്ദമാകട്ടെ—യാതൊന്നുമില്ല. വായുസമ്മർദ്ദം ലഘൂകരിക്കുന്നതിനുവേണ്ടി എഞ്ചിൻെറ മുൻഭാഗം കൂത്തിരിക്കുന്നു. വണ്ടിയിലെവിടെയും വിദ്യുച്ഛക്തിയുടെ കോലാഹലംതന്നെ! അതിവേഗം കറങ്ങുന്ന ചക്രങ്ങളിൽ നിന്നാണു് വണ്ടിയോടുന്നതിനും വെള്ളം ചൂടുപിടിപ്പിക്കുന്നതിനും അങ്ങിനെ വണ്ടിയിലെ എല്ലാകാര്യങ്ങൾക്കും വേണ്ടി വിദ്യുച്ഛക്തിയുല്പാദിപ്പിക്കുന്നതു്. ടിക്കററിന്നുള്ള മുറവിളികളും പോലീസിൻെറ ഭീഷണിയും ഞാനവിടെ കേട്ടില്ല. ഇന്നു് വണ്ടിയിൽ എവിടെ യാത്രചെയ്യുന്നതിന്നും ടിക്കററിൻെറ ആവശ്യമില്ല. പോലീസ്! അങ്ങിനെ ഒരു കൂട്ടർ ഇന്നില്ലാ എന്നു പറയുന്നതായിരിക്കും നല്ലതു്. എന്നാൽ ഗ്രാമസഭകളിൽനിന്നു് ചില സേവകന്മാരെ തിരഞ്ഞെടുക്കുന്നുണ്ട്. യാദൃച്ഛികമായി ആരെങ്കിലും ബുദ്ധിഭ്രമം നിമിത്തം ക്ഷണികമായ അപരാധം ചെയ്താൽ അവരെ ആ തെററ് മനസ്സിലാക്കി തിരുത്താനും, ശിക്ഷിക്കപ്പെടേണ്ടതാണെങ്കിൽ, അതർഹിക്കുന്ന ഗൌരവത്തിൽ അപരാധികളെ ജയിലിലേക്കു കൊണ്ടുപോകാനും വേണ്ടി നിയമിതരായിട്ടുള്ള സേവകന്മാരാണവർ. അവരെ വേണമെങ്കിൽ പോലീസ് എന്നു വിളിച്ചുകൊള്ളു. പക്ഷെ, ഇരുപതാംനൂററാണ്ടിലെ അർത്ഥത്തിൽമാത്രമാ

കരുതു്. ഇപ്പോഴത്തെ ശിക്ഷയും ജയിലും എങ്ങിനെയാണെന്നു് ഞാൻ പിന്നീടു പ്രസ്താവിക്കാം.

തിവണ്ടിയിൽ ടെലിഫോൺ, ടെലിഗ്രാം മുതലായവയുള്ളതുകൊണ്ടു് വാർത്തകൾ അറിയുന്നതിനും സൌകര്യപ്രദമാണല്ലോ. തക്കസമയത്തു് ലൈൻ ക്ലിപ്തപ്പെടുത്തുന്നതിനു് ഉദ്യോഗസ്ഥന്മാരുണ്ടു്. പോർട്ടരും സ്റ്റേഷൻമാസ്റ്ററും തുല്യരാണെന്നു് തന്നെയല്ല; ഒരാൾ മററൊരാളുടെ ജോലിപോലും ചെയ്യുന്നു. എല്ലാ എഴുത്തുകുത്തുകളും "ഭാരതി" ഭാഷയിൽ തന്നെയാണു്.

ഫലങ്ങൾ കയററിഅയക്കുന്ന ഒരു കേന്ദ്രമെന്ന നിലക്കു് പദാർത്ഥങ്ങൾ കയററാനും ഇറക്കാനുമുള്ള പ്രത്യേകം സജ്ജീകരണങ്ങളുണ്ടു്. യാന്ത്രികയുഗത്തിൻെറ ഈ യൌവ്വനഘട്ടത്തിൽ എന്തെന്തു നവിനതകളാണു് വരുത്തിത്തീക്കുന്നതെന്നു് കാണേണ്ടതുതന്നെയാണു് എല്ലാം യന്ത്രവൽകൃതം; എവിടെ നോക്കിയാലും വൈദ്യുതവിചികളുടെ തിളക്കംതന്നെ!!

ഞാൻ എല്ലാ യാത്രക്കാരെയും സൂക്ഷിച്ചുനോക്കി. ആരുടെ പക്കലും ധരിച്ചിരിക്കുന്ന വസ്ത്രങ്ങളൊഴികെ യാതൊരു വിരിപ്പോ കിടക്കയോ കണ്ടില്ല എല്ലാ കമ്പാർട്ടുമെൻറുകളും ചെറിയ ചെറിയ ജനാലകളുള്ള വീടുകൾപോലെ തോന്നിയിരുന്നു. ഒന്നാം ക്ലാസ്, രണ്ടാംക്ലാസ്, മൂന്നാംക്ലാസ് മുതലായ വ്യത്യാസങ്ങളൊന്നും ഇന്നില്ല. ഒരേ ക്ലാസ്——ഒന്നാംക്ലാസെന്നോ മൂന്നാംക്ലാസെന്നോ പറഞ്ഞുകൊള്ളുക.

ഞങ്ങൾ എഞ്ചിനു് നേരെ പിന്നിലുള്ള മുറിയിലാണു് കയറിയതു്. വണ്ടി പുറപ്പെടാറായപ്പോഴേക്കും എന്നെ യാത്രയയ്ക്കാൻ വന്നിരുന്ന എല്ലാവരും (വിശ്വാമിത്രനൊഴികെ) യാത്രപിരിഞ്ഞു. മണിയടിച്ചു. വണ്ടിയിളകി.

ഞാൻ വണ്ടിയിലേക്കൊന്നു കണ്ണോടിച്ചു— ഒരു ഭാഗത്തുകൂടെ ഒരു വഴി— അതിൻെറ ഇരുഭാഗങ്ങളിലും ഉറങ്ങാൻ സൌ

കയ്യുമുള്ള ബഞ്ചുകളും അവയിൽ സുരക്ഷിതമായിവച്ചിട്ടുള്ള കിടക്ക കളുമുണ്ട്. ഞാൻ വിശ്വാമിത്രനോടു പറഞ്ഞു:—

"മുൻപുതന്നെ ഈ "കാരണവർ" വണ്ടിയൊന്നു കാണട്ടെ" ഞങ്ങൾ എഴുന്നേററു ഓരോ മുറിയിലെത്തുമ്പോഴും സ്വാഗതം തന്നെ—ചിലർ പുസ്തകം വായിക്കുന്നു; ചിലർ പത്രം വായിക്കുന്നു. പത്രപ്രവത്തനം ഇന്നു് ലോകത്തിൽ നാനാഭാഗങ്ങളിലും പുരോഗ തിയുടെ മൂർദ്ധന്യദശയെ പ്രാപിച്ചിരിക്കുകയാണ്. പത്രങ്ങളുടെ കോലാഹലംതന്നെ! ഇന്നു ഓരോരുത്തരുടെ കൊള്ളലാഭക്കൊതി യൊന്നും പത്രങ്ങളിൽ സ്ഥലംപിടിക്കുന്നില്ല; പുറംപൂച്ചുകാണിച്ച് ജനങ്ങളെ വഞ്ചിക്കുന്നില്ല. അതിൻെറ ആവശ്യമില്ലല്ലോ; പ്രധാന മായ വിവരങ്ങളെല്ലാം ദിനപ്പത്രങ്ങളിൽ വരുന്നു. ഗഹനമായ വിഷയങ്ങളെപ്പററി മാസികകളിലും വാരികകളിലും നല്ല നല്ല ലേഖനങ്ങളെഴുതുന്നു. ദിനപ്പത്രങ്ങളിൽ ലോകത്തിലെ പ്രധാന കാര്യങ്ങളെപ്പററിയുള്ള വിവരണം മാത്രമെ ഉണ്ടാവുകയുള്ളു. ഓ രോ ഗ്രാമങ്ങളിലും പത്രങ്ങൾ വന്നുചേരുന്നു. മാസികകളുടെ മനോഹാരിതയെപ്പററി അധികം പറയേണ്ടതില്ല; കാരണം ഇതു് ഫോട്ടോഗ്രാഫിയുടെ യൗവ്വനകാലമാണെന്നു പറയുമ്പോൾ അതി ൻെറ മഹത്വത്തെപ്പററി ഊഹിക്കാമല്ലോ! ഓരോ ചിത്രങ്ങളും എന്തൊരു അസാധാരണമായ രൂപഭംഗിയിലാണ് ചിത്രീകരിച്ചി രിക്കുന്നതു്! വീണ്ടും വീണ്ടും നോക്കുവാൻ തോന്നുന്നു. ഞാൻ സേ വാഗ്രാമത്തിൽ വന്ന ദിവസം തന്നെ എൻെറ ഫോട്ടോ ടെലിവി ഷൻ വഴി ലോകത്തിലെ എല്ലാ പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുക യുണ്ടായി.

ഞങ്ങൾ തീവണ്ടിയിലെ വായനശാലയിലെത്തി കഴിഞ്ഞി രുന്നു. അവിടെ പത്രങ്ങളും മാസികകളും ധാരാളമായുണ്ട്. രണ്ടു മൂന്നലമാരികളിൽ പുസ്തകങ്ങൾ നിറച്ചുവച്ചിരിക്കുന്നു ഭാഷാ ശാസ്ത്രം, മനഃശാസ്ത്രം, തത്വശാസ്ത്രം, ഗണിതം, ചരിത്രം, ചി കിത്സ, കൃഷി, ആയുർവ്വേദം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, തുട ങ്ങിയ നിരവധി വിഷയങ്ങളെക്കുറിച്ചും, ലോകത്തിലെ നാനാ ഭാഗങ്ങളിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന പത്രമാസികകൾ അവി

ടെയുണ്ടായിരുന്നു. സ്ത്രീകളും പുരുഷന്മാരും ചിലേടങ്ങളിലിരുന്നു് തത്വശാസ്ത്രത്തെപ്പററി സംസാരിക്കുന്നു. ചിലർ പുതിയ വാൎത്തകൾ വായിച്ചു് രസിക്കുന്നു. ചിലർ നോവൽ വായിക്കുകയും മററു ചിലർ അതു കേട്ടു് ആനന്ദിക്കുകയും ചെയ്യുന്നു ഒരു ഭാഗത്തു് സംഗീതസദസ്സും ഉണ്ടായിരുന്നു.

പുസ്തകശാല കഴിഞ്ഞാൽ അടുത്തതു് ഭക്ഷണശാലയാണു്; അവിടെ യാത്രക്കാൎക്കു് യഥാവസരം ഭക്ഷണം നല്കപ്പെടുന്നു. വണ്ടിയിലെ ഭക്ഷണസമയം മററെല്ലായിടത്തുമുള്ളതുപോലെ തന്നെ കൃത്യമാണു്. മണിയടിശബ്ദം കേൾക്കുമ്പോൾ എല്ലാവരും ഭക്ഷണമുറിയിലേക്കു ചെല്ലുന്നു പാത്രങ്ങളിൽ ഭക്ഷണപദാൎത്ഥങ്ങൾ നിറച്ചശേഷം യന്ത്രം വഴി ഓരോ സ്ഥലത്തേക്കു പോകുന്നു. ഭക്ഷണാനന്തരം പാത്രങ്ങൾ പൂൎവ്വാവസ്ഥയിൽ തന്നെ തിരിച്ചു പോകുകയും, കുടിക്കാനും കുളിക്കാനും വേണ്ടി ശുദ്ധജലം നിറച്ചു വച്ചിട്ടുള്ള കുഴലുകൾ ഓരോ സ്ഥലത്തും ഘടിപ്പിച്ചിട്ടുണ്ടു്. കക്കൂസ്, വണ്ടിയുടെ അവസാനത്തെ മുറിയിലാണു്. മലമൂത്രവിസൎജ്ജനങ്ങൾ കമ്പാൎട്ടുമെൻറിൽ വെച്ചിട്ടുള്ള ഒരു ടാങ്കിൽ ചെന്നു വീഴുകയും, വണ്ടി നിൽക്കുമ്പോൾ കുഴൽമാൎഗ്ഗേണ വളരെ ദൂരെയുള്ള കുഴിയിൽ ചെന്നു ചേരുകയും ചെയ്യുന്നു ഓരോ സ്റ്റേഷനിലെത്തുമ്പോഴും ടാങ്കു വൃത്തിയാക്കപ്പെടുന്നു.

ഭക്ഷണശാലയും കടന്നു് ഞങ്ങൾ മുന്നോട്ടുപോയി. പലരും അല്പനേരം ഇരുന്നു് സംസാരിക്കണമെന്നു എന്നോടഭ്യൎത്ഥിച്ചു. എന്നാൽ "ഞാനീ നൂററാണ്ടിലെ തീവണ്ടിയൊന്നു് കണ്ടിട്ടു് വരാമെന്നു പറഞ്ഞു" ഞങ്ങൾ അടുത്ത മുറിയിലേക്കു് പ്രവേശിച്ചു ഇതു് സുഖക്കേടുകാൎക്കു കിടക്കാനുള്ളതാണു് അവിടെ നാലഞ്ചു രോഗികൾ സുഖപ്രദമായി ശുശ്രൂഷിക്കപ്പെടുന്നു. അവരെ ശുശ്രൂഷിക്കുന്നതു് ആതുരസേവനതല്പരരായ സ്ത്രീകളാണു്. ചിലർ രോഗികളെ പുസ്തകം വായിച്ചു കേൾപ്പിക്കുകയും മററു ചിലർ സംഭാഷണചാതുരികൊണ്ടു സന്തുഷ്ടരാക്കുകയും ചെയ്യുന്നു. ഈ രോഗികളിൽ രണ്ടു പേർ തിബത്തിൽനിന്നു വരുന്നവരാണു്. ചിരകാല

മായിതന്നെ രോഗബാധിതരായിരുന്നതുകൊണ്ടു് പൂൎണ്ണസുഖം നേടു വാൻ വേണ്ടി ഇവരെ തക്ഷശാലയിലേക്കു് കൊണ്ടുപോകുകയായിരുന്നു. മൂന്നു പേർ നേപ്പാളിൽ തന്നെ വിവിധ സ്ഥലങ്ങളിൽ നിന്നും വരുന്നവരാണു്. മേശപ്പുറത്തു് ചൂടുള്ള പാലും (പാൽ താപകയന്ത്രത്തിലാണു് വെച്ചിരിക്കുന്നതു്) പുതിയ മുന്തിരിങ്ങയും വെച്ചിട്ടുണ്ടു് മുറിയിലെങ്ങും ശുചിത്വം കളിയാടുന്നു ചികിത്സാ സമ്പ്രദായവും ശുശ്രൂഷാരീതിയും വളരെ നിഷ്കൎഷയോടുകൂടിയതായതുകൊണ്ടു ഇപ്പോഠംതന്നെ രോഗികഠം പകുതിസുഖംപ്രാപിച്ചു കഴിഞ്ഞിരുന്നു. ഈ വിശ്രമം പണ്ടുകാലത്തു് (ഇരുപതാംനൂററാണ്ടിൽ) വലിയ ധനികന്മാൎക്കുപോലും വിരളമായിരുന്നപ്പോഠം ദരിദ്രനാരായണന്മാരുടെ സ്ഥിതിയെത്ര പരിതാപകരമായിരുന്നുവെന്നു് ഊഹിക്കയല്ലെ നല്ലതു്?

അങ്ങിനെ ഓരോ മുറിയും സന്ദൎശിച്ചു് ഞങ്ങഠം ഒരു സ്ഥലത്തു് ഇരിപ്പുറപ്പിച്ചു. ഞാനപ്പോഠം കഴിഞ്ഞ കാലത്തെ വൈരുദ്ധ്യപൂൎണ്ണമായ ജിവിതത്തെപ്പററി ഓൎക്കുകയായിരുന്നു അന്നു് എത്രയെത്ര അദ്ധ്വാനിച്ചിട്ടും ദുഃഖിതരായി കഴിഞ്ഞുകൂടിയിരുന്ന കൃഷികൎക്കും തൊഴിലാളികഠംക്കും തീവണ്ടിയിൽ യാത്രചെയ്യുമ്പോഠം ഒന്നു് നിവൎന്നുനില്ക്കാൻപോലും ഇടം കിട്ടിയിരുന്നോ? അന്നത്തെ മൂന്നാംക്ലാസ് മുറിയിലെ ഞെരുങ്ങുന്ന തിരക്കിൽപ്പെട്ടു് പിഞ്ചുപൈതങ്ങളും സ്ത്രീകളും അന്നു് ശ്വാസംമുട്ടുന്ന ആ വേദനനിറഞ്ഞ രംഗങ്ങളൊക്കെ മനഃപൂർവ്വം വിസ്മരിക്കുന്നതാണു് നല്ലതു്. യാത്രക്കാരോടു്, ചിലർ പറഞ്ഞിരുന്ന വാക്കുകഠം ഞാനിന്നോൎക്കുയാണു്:—

"എന്താണിങ്ങനെ തിക്കിതിരക്കി പോകുന്നതു്? അടുത്ത വണ്ടിയിൽ പോയാൽ മതിയായിരുന്നല്ലൊ?"

മതിയായിരുന്നു. പക്ഷെ അടുത്ത വണ്ടി വരുമ്പോഴേക്കും ചിലരുടെ കേസ്സു് നഷ്ടപ്പെടുന്നു: ചിലരുടെ വീടു് ജപ്തിചെയ്യപ്പെടുന്നു; ചിലരുടെ ബന്ധുമിത്രാദികഠം മരിക്കുന്നു. അങ്ങിനെ ഒട്ടന

വധി കാര്യങ്ങളാണ് നഷ്ടപ്പെടുക. അഥവാ അടുത്ത വണ്ടിയിൽ സൌകര്യമുണ്ടാകുമെന്ന് ആർക്കാണ് നിശ്ചയം? അന്നു പണക്കാരൻെറ പോക്കററിലെ പണം തീൻപോകുന്നു. അപ്പോൾ അയാളുടെ ആനന്ദവും അവസാനിക്കുന്നു. പക്ഷെ, ഇന്നോ?

ഞങ്ങളുടെയരികെത്തന്നെ ഏകദേശം അമ്പതിനോടടുത്ത പ്രായംവരുന്ന ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. ഒരു ദീർഘയാത്രക്കുശേഷം തിരിച്ചുവരുന്ന അവർ ആസ്ത്രേ സർവ്വകലാശാലയിലെ പ്രിൻസിപ്പാളാണത്രെ! അവർക്കെന്നെ അറിയുമെന്ന് "ലാസാ" പത്രത്തിൽ എൻെറ ചിത്രവും പ്രത്യാഗമനവാർത്തയും പ്രസിദ്ധപ്പെടുത്തിയിരുന്നത് അവർ കണ്ടുവത്രെ! മദ്രാസിൽനിന്നും കപ്പൽ കയറി സിലോണിലെ പ്രസിദ്ധ സ്ഥലങ്ങളെല്ലാം സന്ദർശിക്കുകയും അവിടെ നിന്ന് ജാവ, ബാലി എന്നീ ദ്വീപുകൾ വഴി ആസ്ത്രേലിയയിലെത്തിയെന്നും അവർ പറയുന്നു.

ഞാൻ ചോദിച്ചു:—"ഇന്ന് ആസ്ത്രേലിയയിൽ വെള്ളക്കാർ മാത്രമാണോ താമസിക്കുന്നത്."

"താങ്കൾ ഇരുപതാംനൂററാണ്ടിലെ സ്ഥിതിഗതികളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് ചോദിക്കുന്നത്. ഇന്ന് വർഗ്ഗവിവേചനംതന്നെയില്ല. എല്ലാതരത്തിലുള്ളവരും ഒരുമിച്ച് മൈത്രിയിൽ കഴിഞ്ഞുകൂടുന്നു.

"ഇന്ത്യയെതന്നെയെടുക്കുക. ആദ്യകാലത്ത് ആന്ധ്രയിലും, തമിഴ്നാട്ടിലും, കേരളത്തിലും നടപ്പിലുണ്ടായിരുന്ന ചില അന്ധമായ സമ്പ്രദായങ്ങളെ അനുസ്മരിച്ചുകൊണ്ട് താങ്കളിന്നങ്ങോട്ട് പോകുകയാണെങ്കിൽ ആ സമ്പ്രദായങ്ങളൊക്കെ നാമാവശേഷമായിതീർന്നിരിക്കുന്നത് കാണാം. നൂറുവാരെ ദൂരെ നിൽക്കുന്ന ഹരിജനങ്ങളെ കാണുമ്പോൾ അയിത്തമായിയെന്ന് പറയുന്ന നമ്പൂതിരിയിന്ന് കേരളത്തിലില്ല. പേരിൻെറ പിന്നിൽ "വാല്"ചേർക്കുന്ന, അതുവഴി ജാതീയമായ വഴക്കുകളുണ്ടാക്കുന്ന—"നായരും,

നമ്പൂതിരിയും, അയ്യരും, നമ്പ്യാരും, പുതുവാളും, പിഷാരോടിയും" ഇന്നു് കേരളക്കരയിലൊരിടത്തും കാണുകയില്ല.

ഞാൻ.—"പഴയ സമ്പ്രദായങ്ങളെല്ലാം ഇന്നു് തീരെ നഷ്ടപ്രായമായെന്നാണോ താങ്കൾ പറയുന്നതിൻെറ ഉദ്ദേശം." പ്രിൻസിപ്പാൾ:—നഷ്ടപ്പെട്ടുക തന്നെയല്ല. ഓരോരുത്തരും അതു് വിസ്മരിച്ചുകഴിഞ്ഞിരിക്കുന്നു ചരിത്രവിദ്യാർത്ഥികൾക്ക് മാത്രം ആ വക കാര്യങ്ങൾ പുസ്തകങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിക്കും. ഇന്നു ആചന്ദ്രൂലിയായിലെന്നല്ല; മറെറങ്ങും പഴയപോലെ പക്ഷപാതമോ ദുരാഗ്രഹമോ ഇല്ല. അതിൻെറ ആവശ്യംതന്നെയില്ലല്ലോ? എവിടെ ചെന്നാലും സ്വന്തം നാട്ടിലെപ്പോലെ ആദരിക്കപ്പെടുന്നു!

"താങ്കൾ നല്ല ഭാരതിഭാഷയാണല്ലോ സംസാരിക്കുന്നതു്. താങ്കളുടെ "ഇക്കടെ–തിക്കടെ"ഭാഷയൊന്നും ഇവിടത്തുകാർക്ക് മനസ്സിലാകാത്തപ്പോൾ എങ്ങിനെയാണിത്ര സുലളിതമായി ഭാരതി സംസാരിക്കാൻ സാധിക്കുന്നതു്? എപ്പോൾ, എവിടെവെച്ചാണ് ഈ ഭാഷ പഠിച്ചതു്?

"ഓരോ ഇന്ത്യക്കാരൻേറയും മാതൃഭാഷയാണ് ഭാരതി. എൻെറ മാതൃഭാഷയും അതുതന്നെ."

"തെലുങ്ക് ആന്ധ്രക്കാരുടെ മാതൃഭാഷയല്ലേ?"

"അല്ലെന്നു ഞാൻ പറയുന്നില്ല. തെലുങ്കും ജനങ്ങൾ സംസാരിക്കുന്നുണ്ടു്. 2066 വരെ ജനങ്ങളെല്ലാം തെലുങ്കഭാഷയെ ഔദ്യോഗികമാക്കണമെന്നാണു് പറഞ്ഞിരുന്നതു്. പക്ഷെ ഇന്ത്യയിലെ രാഷ്ട്രഭാഷ ഭാരതി ആകകൊണ്ടു് അതെല്ലാവരും പഠിക്കേണ്ടിവന്നു കാലക്രമത്തിൽ "ഭാരതി" മാതൃഭാഷയായി ആന്ധ്രയിലെന്നല്ല, തമിഴ്നാട്ടിലും, കേരളത്തിലും മറ്റേതു സംസ്ഥാനത്തിലും മാതൃഭാഷയാണു് ഭാരതി. ഏറെ നാൾ കഴിഞ്ഞില്ല; അന്താരാഷ്ട്രസംഘടന രൂപവൽക്കരിക്കപ്പെട്ടുകയും ഒരു അന്താരാഷ്ട്ര

ഭാഷയെ തെരഞ്ഞെടുക്കുകയും ചെയ്തു. ആശയവിനിമയത്തി നുള്ള ഏക ഉപാധി ഭാഷയാകകൊണ്ട് ആ ഭാഷയും എല്ലാവരും പഠിക്കുവാൻ തുടങ്ങി. അതുകൊണ്ട് ഭാരതിയോടൊപ്പം അന്താ രാഷ്ട്രഭാഷയും ഇന്ത്യയിലെ ഓരോ പൗരനും അറിഞ്ഞിരിക്കേണ്ട തത്യാവശ്യമാണ്. ഇന്ന് ഈ രണ്ടു ഭാഷയും അറിയാത്തവർ ഇന്ത്യയിലില്ല"

"നിങ്ങൾ പ്രാചീന ഭാഷകളെ ചുട്ടുചാമ്പലാക്കി; ആ ചി തയിൽ "ഭാരതി"യുടെ കൊട്ടാരം പണിയുകയല്ലെ ചെയ്തതു്?"

"ഭാഷ ചഞ്ചലമാണ്; അതിനു് പരിധിയില്ല. അതു് ദൈനംദിനം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഏകദേശം 200 കൊല്ലക്കാലത്തോളം യാതൊരു പരിവത്തനവും കൂടാതെ നിലനിന്നിട്ടുള്ള ഒരു ഭാഷയെങ്കിലും കണക്കിലെടുക്കു വാൻ സാധിച്ചിട്ടുണ്ടോ? അങ്ങിനെയൊന്നു് ഇതെവരെ സാധി ച്ചിട്ടില്ല. ഞങ്ങളുടെ അയൽപ്പക്കമാണല്ലോ തമിഴ്നാട്. എട്ടു പത്തു് ശതാബ്ദങ്ങൾക്കു് മുൻപു് തമിഴ്നാട്ടിൽ പ്രചുരപ്രചാരത്തി ലിരുന്ന ഭാഷ ഇരുപതാംനൂററാണ്ടിൽ പ്രചാരത്തിലിരുന്ന ഭാഷ യേക്കാൾ വളരെയേറെ വ്യത്യസ്തമായിരുന്നു. അതിനെ "ചെന്ത മിഴ്" എന്നാണ് വിളിച്ചിരുന്നതു്. ആ ഭാഷ നല്ലവണ്ണം മന സ്സിലാക്കിയെടുക്കണമെങ്കിൽ അന്നുണ്ടായിരുന്ന ആളുകളുടെ ആവ ശ്യമാണ് വന്നുചേന്നിരിക്കുന്നതു് "

"അപ്പോൾ താങ്കൾ ഭാഷാപോഷണം വേണ്ടെന്നാണോ പറയുന്നതു്?"

"അല്ല. അങ്ങിനെ ഞാൻ പറയുന്നില്ല. ഭാഷയെ യഥാ സമയം പരിപോഷിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. പക്ഷെ ഭാ ഷാപോഷണത്തിനുവേണ്ടി മനുഷ്യവർഗ്ഗത്തിൻെറ ഐക്യവും രഞ്ജിപ്പും ശിഥിലീകരിക്കുന്നതു് വിഡ്ഢിത്തമായിരിക്കും. സമുദായ ത്തിലെ ചിലരൊക്കെ ഭാഷാപോഷണപ്രവത്തനങ്ങളിൽ പങ്കെടു ക്കാതിരിക്കയുമില്ല. അങ്ങനെ ഞാൻ പറയുന്നതിൻെറ ഉദ്ദേശം,

ഭാഷാസാഹിത്യത്തിലും ചരിത്രത്തിലും ആസക്തിയുള്ളവരുടെ കയ്യിലേക്ക് ആ ഭാരം ഏല്പിക്കുക എന്നാണ്. അതല്ലെ നല്ലതു? ഇന്നു് രാഷ്ട്രത്തിൻെറ ലക്ഷ്യം അനേകം ഭാഷകളെ വളത്തിക്കൊണ്ടു വരലല്ല; പ്രത്യുത, ഓരോ ഭാഷയുടേയും പ്രാമുഖ്യം എടുത്തുകളഞ്ഞു് എല്ലാററിനേയും ഒന്നിൽ കേന്ദ്രീകരിക്കലാണ്. ഈ ഭാഷാപരമായ വാദപ്രതിവാദവും വെല്ലുവിളിയും നിരത്ഥകമായ പ്രാദേശിക മനോഭാവവും നിമിത്തമാണ് ഇരുപതാംനൂററാണ്ടിൽ മനുഷ്യർ തമ്മിൽ നാനാജാതികളായി, നാനാപ്രാദേശികരായി, പകുത്തു് പരസ്പരം വെട്ടിമരിച്ചിരുന്നതു്. അന്നു് ഭാഷാപ്രദേശവാദികൾ ആവേശഭരിതരായി നാട്ടിലാകമാനം അന്ധമായ വിപ്ലവാഗ്നികൊളുത്തിവിട്ടതായി ഞാൻ വായിച്ചിട്ടുണ്ട്. അതിൻെറ അനന്തരഫലമായി നാട്ടുകാരുടെ ഹൃദയത്തിൽ തിങ്ങിക്കൂടി നിന്നിരുന്ന സങ്കുചിതമനോഭാവവും അന്ധമായ വിശ്വാസവും ഒന്നുകൂടി വേരൂന്നുകയാണ് ഉണ്ടായതു്. ഓരോ രാഷ്ട്രത്തിൻെറ മക്കൾ പ്രാദേശിക ഭാഷയുടെ പേരിൽ വെറുക്കപ്പെടുകയാണ്; വിദ്വേഷം കുത്തിവെക്കപ്പെടുകയാണ്.

"ഇന്നു് ആ വൈരുദ്ധ്യംനിറഞ്ഞ ചിന്താഗതികളൊക്കെ മാച്ചുകളയപ്പെട്ടിരിക്കുന്നു. ഇന്നു് ലോകത്തിൻെറ സാമ്പത്തികവും ശാസ്ത്രീയവുമായ വീക്ഷണഗതി ഒന്നാണ്. അന്നു് ഹിന്ദി–ഉർദു കലാപം പൊട്ടിപ്പുറപ്പെട്ടു; ഇന്നു് ആ കലാപങ്ങൾക്ക് ഇടം കൊടുക്കാതെ ആ രണ്ടു ഭാഷകളുടേയും പ്രതിനിധിയായി "ഭാരതി" ഇന്ത്യയിലെ രാഷ്ട്രഭാഷയായി തെരഞ്ഞെടുക്കപ്പെട്ടു. ആദ്യമാദ്യം ദേവനാഗരിലിപി തന്നെ എല്ലാവരും സാംസ്ഥാനിക ഭാഷാലിപിയായി (പ്രയാസമാണെങ്കിലും) അംഗീകരിച്ചു; കാലക്രമേണ "ഭാരതി" എല്ലാവരുടേയും മാതൃഭാഷയായിത്തീരുകയും ചെയ്തു. പഴയ ഭാഷകൾ ഇന്നും പഠിപ്പിക്കുന്നുണ്ട്; സാഹിത്യാസ്വാദനം നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. പക്ഷെ, അന്നത്തെ ചളിപുരണ്ട, കാഴ്ചപ്പാടിലൂടെയല്ലെന്നുമാത്രം. ഇന്നു് എല്ലാവരും സാഹിത്യസേവനത്തിൽ കഴിഞ്ഞുകൂടുന്നവരല്ല. താല്പര്യമുള്ളവക്ക്

രാഷ്ട്രം സർവ്വവിധ സൌകര്യങ്ങളും നൽകുന്നുണ്ട്. അവർ പുരോഗതിയിലേക്ക് കുതിച്ചുപായുകയും ചെയ്യുന്നു. ഇന്നെല്ലാററിനും വളരെ എളുപ്പവും സൌകര്യവുമാണ്. എനിക്ക് "അന്താരാഷ്ട്ര ഭാഷ"യറിയാവുന്നതുകൊണ്ട് ആസ്ട്രേലിയയും, ഏഷ്യയാകമാനവും നമ്മുടെ കുടുംബംപോലെയാണ് തോന്നിയത്."

ഞാൻ ആ വിദുഷിയുടെ പ്രഗൽഭമായ സംഭാഷണം ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. അവരുടെ പേര് "ഗാഗ്ഗി"യെന്നാണെത്രെ! അവർ ആസ്ട്രേലീയയിൽ ഏതാനും ദിവസങ്ങളോളം താമസിച്ചിട്ട് ബോൺനിയോ ദ്വീപ് വഴി ജപ്പാനിലേക്കുപോയി. ആസ്ട്രേലിയയിലെ ജനസംഖ്യയെത്രയാണെന്ന് ഞാൻ ചോദിച്ചതിന്ന് 16 കോടിയെന്ന് മറുപടി പറഞ്ഞു. ഇന്ത്യ, ചൈന, ജപ്പാൻ മുതലായ ജനസംഖ്യവദ്ധനവുള്ള നാടുകളിൽനിന്ന് ധാരാളം ആളുകൾ അവിടെച്ചെന്ന് താമസിച്ചിട്ടുണ്ട്. ഇംഗ്ലീഷുകാരും അവിടെ ഇല്ലാതില്ല ഈ വ്യത്യാസം ചരിത്രകാരന്മാക്ക് മാത്രമെ അറിയുകയുള്ളു. അവിടത്തുകാക്ക അങ്ങനെയൊരു ചിന്തയേയില്ല—ഇതാണവർ ജനസംഖ്യയെ പരമാശിച്ചുകൊണ്ട് സംസാരിച്ചത്.

ഞാൻ—"ജപ്പാനിൽ ഫൂജിയാമ കണ്ടില്ലെ? 1913-ൽ ഉണ്ടായ ഭൂകമ്പത്തിൽ 7 ലക്ഷം പേരാണ് ആത്മാഹുതി ചെയ്യപ്പെട്ടത്."

"അതെ" അവർ മറുപടി പറഞ്ഞു പിന്നീടവർ നാങ്കിങ്ങിലേക്കുപോയി. അവിടെ നിന്നും പെക്കിങ്ങ് വഴി മഞ്ചൂറിയയിലെ പ്രധാന സ്ഥലങ്ങളെല്ലാം ചുററിക്കറങ്ങി സൈബീരിയയിലെത്തി. ഉത്തരധ്രുവം ദർശ്ശിച്ചുകൊണ്ട്, സൈബീരിയ, തിബത്ത്, മങ്കോളിയ മുതലായ സ്ഥലങ്ങളിലൂടെ യാത്രചെയ്തു.

ഇപ്പോൾ അവർ വിദ്യാലയത്തിലേക്ക് മടങ്ങിവരികയാണ്. വാനശാസ്ത്രത്തിലും അവക്ക് വലിയ പ്രതിപത്തിയാണ്. ഈ രണ്ട് വിഷയങ്ങളേയും ആധാരമാക്കിയാണ് അവർ ഈ ദീർഘയാത്ര ആരംഭിച്ചതുതന്നെയെന്നാണ് പറഞ്ഞത്.

ഇവരോടൊപ്പം വേറെ രണ്ട് അദ്ധ്യാപകന്മാരുണ്ടായിരുന്നു. ഒരാൾ "വിശ്വഭാരതി"യിലെ പ്രൊഫസർ ഹക്, രണ്ടാമത്തെയാൾ അലീഗർ യൂനിവേഴ്സിററി കോളേജിലെ പ്രൊഫസർ വിശ്വനാഥ്. അവർ രണ്ടുപേരും അട്ടത്തട്ടത്തായി ഇരുന്നുകൊണ്ട് ഞങ്ങളുടെ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഈ സന്ദർഭത്തിൽ ഞാൻ ഇന്നത്തെ ജെയിലുകളെപ്പററിയും ശിക്ഷാസമ്പ്രദായത്തെപ്പററിയും അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. ഇരുപതാംനൂററാണ്ടിലെ ജയിലുകളെ ഇന്നത്തെ ജയിലുകളോട് താരതമ്യംചെയ്യുവാൻ തന്നെ ഒരിക്കലും സാദ്ധ്യമല്ല. ജയിൽ എന്ന പദം ഇന്നൊരപവാദമായി തീന്നിരിക്കുകയാണ്. ഇരുപതാംനൂററാണ്ടിലെ തടവുപുള്ളികളെ ഓരോ ചെറിയ അപരാധത്തിന് ലാത്തികൊണ്ടും ചെരിപ്പുകൊണ്ടുമാണ് "മറമതന്നു" ചെയ്തിരുന്നതു് എന്നു കേൾക്കുമ്പോൾ ഇന്നുള്ളവർ പൊട്ടിച്ചിരിച്ചു പോകുന്നു ഇവക്ക് ഇരുപതാംനൂററാണ്ടുകാരുടെ നികൃഷ്ടമായ ബുദ്ധിയിൽ അനുകമ്പതോന്നുകയാണ്. ഇവർ പറയുന്നതു കേൾക്കുക—"അപരാധം മനുഷ്യസ്വഭാവമാണ്. അതിൽ മനുഷ്യനെ കുററപ്പെടുത്തിയിട്ട് കാര്യമില്ല. എന്തെങ്കിലും മാനസികമായ വൈകല്യം നേരിടുമ്പോഴാണ് ദ്വേഷ്യം പൊട്ടിപ്പുറപ്പെടുന്നതു്. അതുകൊണ്ട് വിദഗ്ദ്ധമായ ചികിത്സയും കാര്യക്ഷമമായ വിദ്യാഭ്യാസവും നൽകി പുരോഗതിയിലേക്ക് നയിക്കാവുന്നതാണ്. ഇവിടത്തെ ജേലർ വിനയസമ്പന്നനും മനഃശ്ശാസ്ത്രപണ്ഡിതനും, അതിലുമുപരി, ചികത്സാവിചക്ഷണനുമായിരിക്കും. എത്രയോ അപരാധികളെ ചികത്സിക്കുന്നു! എത്ര സ്നേഹമായിട്ടാണ് രോഗികളോട് പെരുമാറുന്നതു്, ശുശ്രൂഷയും അതുപോലെതന്നെ. ഇനി ശിക്ഷയുണ്ടോ? ഉണ്ട്. അപരാധിക്ക് മുൻപത്തെപ്പോലെ സ്വാതന്ത്ര്യം ഉണ്ടായിരിക്കയില്ല എന്നുമാത്രം ഇതാണ് ശിക്ഷ. ശുചിയായ ഭക്ഷണം, വിശേഷതരം വസ്ത്രങ്ങൾ, വൃത്തിയും വെടിപ്പുമുള്ള വീട്. അതുപോലെതന്നെ ഉൽകൃഷ്ടമായ വിദ്യാഭ്യാസവും—പണ്ഡിതനും പ്രഗൽഭനുമായ ജേലരുടെ കീഴിൽ വേണ്ടും

വിധം അദ്ധ്യയനം നടത്തി അവർ വെളിയിൽ വരുന്നു; ജോലിയിൽ പ്രവേശിക്കുന്നു. ഇന്നു് കുററക്കാരും രോഗികളും വളരെ വിരളമാണു്! ഇന്നു് ധനികനും ദരിദ്രനും ഇല്ല. മനുഷ്യൻെറ സുഖത്തിനുവേണ്ടിയുള്ള സകലവിധ സൌകര്യങ്ങളാം ഓരോരുത്തക്കും സുലഭമായി സിദ്ധിച്ചുകൊണ്ടിരിക്കുന്നു. അങ്ങിനെയുള്ള പരിതഃസ്ഥിതി എങ്ങും കാണപ്പെടുമ്പോഠം കളവിൻേറയോ ചൂഷണത്തിൻേറയോ ആവശ്യമുണ്ടാകുകയില്ല. അതുപോലെതന്നെ രോഗവും. നല്ല ഭക്ഷണവും വേണ്ടവിധം വിശ്രമവും കിട്ടിക്കൊണ്ടിരിക്കുമ്പോഠം എങ്ങിനെയാണു് രോഗമുണ്ടാകുക. ഇന്നു് ആക്കും സമ്പാദ്യം സൂക്ഷിച്ചുവെയ്ക്കേണ്ടതില്ല. ആദ്യമൊക്കെ ജനങ്ങഠം സമ്പാദിച്ചിരുന്നതു് തങ്ങളുടെ മക്കളുടെ ഭാവിജീവിതം നന്നാക്കുവാനും തങ്ങളുടെ വാദ്ധക്യകാലം സുഖമയമാക്കിത്തീക്കുവാനുംവേണ്ടി മാത്രമായിരുന്നു ഇന്നതിൻെറ ആവശ്യമില്ല. എല്ലാം രാഷ്ട്രത്തിൻെറതായിത്തീന്നിരിക്കുകയാണു്. കുട്ടികളെ മൂന്നുവയസ്സ് വരെ ശിശുസംരക്ഷണാലയത്തിലും മൂന്നുവയസ്സ് മുതൽ ഇരുപതുവയസ്സ് വരെ വിദ്യാലയത്തിലും അയക്കുമ്പോഠം അതിൻെറ ഉത്തരവാദിത്വം മുഴുവനും രാഷ്ട്രത്തിനാണല്ലോ! വിദ്യാഭ്യാസാനന്തരം യോഗ്യതയും വിദ്വത്വവും തികഞ്ഞ തരുണികളെ വിവാഹം ചെയ്യുന്നു. അതും സ്ത്രീധനമോ ആഭരണങ്ങളോ കൂടാതെ! വാദ്ധക്യത്തിൽ സുഖമായി ജീവിക്കാൻ വൃദ്ധപരിപാലന കേന്ദ്രമുള്ളപ്പോഠം ആക്ക് എന്തിനെപ്പററിയാണു് ഭയം? പിന്നെന്തിനു സമ്പാദിക്കുന്നു? പിന്നെയെന്തിനു അപഹരണവും ചൂഷണവും നടത്തുന്നു? അതാണു് ഞാൻ പറഞ്ഞതു്. ഇന്നു് ആ ദൂഷ്യങ്ങളെല്ലാം തുടച്ചുമാററപ്പെട്ടിരിക്കുന്നുവെന്നു്. മുതലാളിയും മുടക്കുമുതലും, കൊള്ളയും, കൊള്ളലാഭവും ഇന്നില്ല ഒരു സെൻറ് ഭൂമിക്കുവേണ്ടി ഇന്നു് കൊല്ലും കൊലയുമില്ല. കേസും വക്കാലത്തും ഇന്നു് നിലവിലില്ല അബ്ക്കാരിനിയമം, ഫാക്ടറിനിയമം, നാണയനിയമം, സ്റ്റാമ്പ്നിയമം, ആയുധനിയമം—അങ്ങിനെ ഒരു നിയമവുമിന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ആ പേരുകഠം തന്നെ നഷ്ടപ്പെട്ടിരിക്കുന്നു.

സ്ത്രീകളും പുരുഷന്മാരും സ്വാതന്ത്ര്യമാണ് അവർക്ക് പരസ്പരം തുല്യാധികാരമാണുള്ളത്. ഇരുകൂട്ടരും പവിത്രമായ പ്രേമബന്ധത്തിൽ അടിയുറച്ചുനില്ക്കുന്നവരാണ്. അവരുടെ വിവാഹം പരസ്പര സമ്മതത്തോടുകൂടെ മററാരുടേയും പ്രേരണയോ ഉല്പ്രേരണയോ കൂടാതെ, മാനുഷികമൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. അങ്ങിനെയുള്ള ദാമ്പത്യജീവിതം സ്ഥായിയായിരിക്കുമെന്നുള്ളത് തിച്ചയാണ്. വിവാഹാനന്തരം ഇരുകൂട്ടരുടേയും മാർഗ്ഗം തുറന്നതാണ്. യാദൃച്ഛികമായി വിവാഹബന്ധം വേർപെടുത്തേണ്ടിവരികയാണെങ്കിൽ (വളരെ വിരളമായിമാത്രം) അവർക്കതിൽ സ്വാതന്ത്ര്യമുണ്ട്. അതിൽ സമുദായത്തിന്നു യാതൊരു കോട്ടവുമില്ല.

ഞാനിതെല്ലാം ചൂണ്ടിക്കാണിച്ചത് ആരെങ്കിലും ദുർന്നടവടിക്കാരാധീനരാവുകയോ അഥവാ യാദൃച്ഛികമായി ചില്ലറ തകരാറുകൾ വന്നു വഴക്കുണ്ടാക്കുകയോ ചെയ്യുന്നതിന്റെ കാരണം സാമാന്യേന മേൽപറഞ്ഞ കാര്യങ്ങളിൽ നിന്നുണ്ടാകുന്ന സംഭവവികാസങ്ങളാണെന്നു തെളിയിക്കുവാൻവേണ്ടി മാത്രമാണ്. നേപ്പാളിൽ ഒരു ജയിലാണുള്ളത്. അതിൽ കൂടിയതു് അമ്പതുപേരുണ്ടാകുമത്രെ ബിഹാറിലും അതുപോലെതന്നെ. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും സ്ഥിതി ഏതാണ്ടിതുപോലെ തന്നെയാണ്.

പണ്ടുകാലത്തു് കളവുകുററത്തിനു വലിയ വലിയ ശിക്ഷകളായിരുന്നു. അന്നു കളവുചെയ്യുന്നതിന്റെ മൗലികമായ കാരണം തന്നെ സാമ്പത്തിക വൈരുദ്ധ്യമായിരുന്നു.

ഞാനങ്ങിനെ ഓരോന്നു ചിന്തിച്ചുകൊണ്ടിരുന്നു. കയററങ്ങളും ഇറക്കങ്ങളും തുരങ്കങ്ങളും കടന്നു വണ്ടി മുന്നോട്ടുപോകുകയാണ്. ഇരുഭാഗത്തും ഗഹനമായ വനപ്രദേശങ്ങൾ കണ്ടപ്പോൾ എനിക്കാശ്ചര്യമാണുണ്ടായതു്. കാരണം മുൻപു ഞാനവിടെ വയലുകളാണ് കണ്ടിട്ടുള്ളതു്. ആ സ്ഥാനത്തു കെട്ടുറപ്പുള്ള മരങ്ങൾ

തലയുയത്തിനില്ക്കുന്ന കാഴ്ച മനോഹരമായിരിക്കുന്നു. ഈ വലിയൊരു മാററത്തെപ്പററി ഞാൻ വിശ്വാമിത്രനോടു ചോദിച്ചു. അദ്ദേഹം പറയുകയാണ്—"ന്യൂറ കൊല്ലങ്ങൾക്കു മുമ്പ് ഇവിടം കൃഷിസ്ഥലമായിരുന്നു. പിന്നെ ഇവിടെ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചു. അതുകൊണ്ട് ഇന്നു പല മെച്ചങ്ങളുമുണ്ട്. ഒന്നാമതു് പരിസരപ്രദേശങ്ങളിൽ മഴയുണ്ടാകുന്നു. രണ്ടാമതായി ഇവിടെയാണ് ഇന്ത്യയിൽ ആവശ്യമുള്ള കടലാസ്സിൽ പകുതിഭാഗവും ഉണ്ടാക്കുന്നതു്. കൂടാതെ ഈ വൃക്ഷങ്ങൾ വീട്ടുപണിക്കുപയോഗിക്കാൻ തക്ക ഉറപ്പുള്ളവയാണ്.

കുറെക്കൂടി കഴിഞ്ഞപ്പോൾ എമ്പാടും പുൽമൈതാനം കാണപ്പെട്ടു. എനിക്കാശ്ചര്യം തോന്നി. ഞാൻ ചോദിച്ചു:—

"ഈ വേനൽക്കാലത്തെങ്ങിനെയാണ്. പച്ചപിടിച്ച വിശാലമായ പുൽപ്രദേശം കാണുന്നതു്?—നിങ്ങൾ മേഘങ്ങളെ കൈവശപ്പെടുത്തിയിട്ടുണ്ടോ?"

പ്രൊഫസർ ഹക്ക്:—"ഉവ്വ്. ഇപ്പോൾ മഴപെയ്യിക്കുവാൻ വളരെ എളുപ്പമായി സാധിക്കുന്നു ആവശ്യമെന്നു തോന്നുമ്പോൾ മഴപെയ്യിക്കാനും ശാസ്ത്രം വളൎന്നുകഴിഞ്ഞു. പക്ഷെ, ഇതു് സമനിരപ്പായ പ്രദേശങ്ങളായതുകൊണ്ടു കുഴൽമാൎഗ്ഗേണ ജലവിതരണം നടത്തി പുൽമൈതാനങ്ങളെ നനച്ചെടുക്കുകയാണ്. ശാസ്ത്രീയ രീത്യാ മഴപെയ്യിക്കുന്നതു് ഉണങ്ങിവരണ്ടുകിടക്കുന്ന പൎവ്വതപ്രദേശങ്ങളിൽ മാത്രമാണ്."

"മഴവെള്ളം കെട്ടിനിന്നു് സമനിരപ്പായ പ്രദേശങ്ങൾ കേടുവരാറില്ലേ?"

"ഇല്ല. എത്ര മഴപെയ്താലും നിൎദ്ദിഷ്ടമായ സ്ഥലങ്ങളിൽ വെച്ചിട്ടുള്ള കുഴലുകൾ വഴി വെള്ളം നദികളിലേക്കു പോകുവാൻ ഏൎപ്പാടുകളുണ്ടു്."

അങ്ങകലെ ഒട്ടനവധി പശുക്കൾ മേഞ്ഞുനടക്കുന്നതു കണ്ടു. പശുക്കൾ ഓടുന്ന വണ്ടികളുടെ മുമ്പിൽ വന്നു പെടാതിരിക്കാൻ

പാതയ്ക്കരികിലായി മുള്ളുവേലികൾ കെട്ടിയിരുന്നു. കാഴ്ചയിൽ വളരെ ഭംഗിയും വലിപ്പവുമുള്ള പശുക്കൾ—കുറെ നേരമങ്ങിനെ നോക്കിനിൽക്കാൻ തോന്നും. പശുക്കുട്ടികളെ കുറച്ചു ദൂരെ മാററിയാണ് മേച്ചിരുന്നത്. പച്ചപിടിച്ച പുൽത്തകിടികളിൽ അവ സ്വൈരമായി മേഞ്ഞുനടക്കുകയാണ്. മേച്ചിൽസ്ഥലത്തുതന്നെ വലിയ വലിയ ടബ്ബുകളിലായി ശുദ്ധജലം നിറഞ്ഞുകൊണ്ടിരിക്കും. അതുപോലെതന്നെ അവയ്ക്കു തീററസാമാനങ്ങളും അതാതു ഇടങ്ങളിൽ വെച്ചിട്ടുണ്ട്. ഇടക്കിടെ ഒന്നുരണ്ടു കാളകളേയും ഞാൻ കണ്ടു. അവ ഉല്പാദനവർദ്ധനവിന്നുള്ളതാണത്രെ! നൂറു പശുക്കൾക്ക് ഒന്നുരണ്ടു കാളകൾ മതിയാകുമെന്നാണ് പറയുന്നത്. ഇന്ന് വയലുഴുകുന്നതു് യന്ത്രങ്ങൾ വഴിക്കാണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ!"

എനിക്കൊരു സംശയം നേരിട്ടു.

"ആവശ്യത്തിലധികമുള്ള കാളകളെക്കൊണ്ടെന്തു ചെയ്യും?"

ഹക്:—"ആവശ്യത്തിലധികമുണ്ടാകുകയില്ല. ഞങ്ങൾ ഉല്പാദനോപയോഗത്തിനു മാത്രം ആവശ്യമായ കാളകൾ ഉണ്ടാകാനെ അനുവദിക്കുന്നുള്ളു. അതിനും ശാസ്ത്രം വളർന്നുകഴിഞ്ഞിട്ടുണ്ട്."

"നിങ്ങൾ ആ വിദ്യയും പരിശീലിച്ചു കഴിഞ്ഞുവോ?"

"ഞങ്ങൾ ബുദ്ധിമുട്ടുകളെ നേരിട്ടു. അവയെ കഠിനപരിശ്രമംകൊണ്ടു ലഘൂകരിക്കുകയും ചെയ്തു.

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"സുഹൃത്തേ, നിങ്ങൾ എല്ലാ പ്രവർത്തനങ്ങളിലും വിജയം നേടി. എല്ലാ കാഠിന്യങ്ങളേയും നിസ്സാരമാക്കികൊണ്ടു അസംഭാവ്യമെന്നു കരുതിയിരുന്ന കാര്യങ്ങൾ സംഭാവ്യങ്ങളാക്കിത്തീർത്തു. ഈ പശുക്കളുടെ പേരിൽ "ഗോഹത്യ" എന്നു പേരും പറഞ്ഞ് ഇരുപതാംനൂററാണ്ടിലെ ഹിന്ദുക്കളും മുസൽമാന്മാരും പരസ്പരം രക്തപ്പുഴയൊഴുക്കിയ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ?"

"അവർ നമ്മുടെ പൂർവ്വികന്മാരായിരുന്നു. അതുകൊണ്ടിനി പറഞ്ഞിട്ടു ഫലമൊന്നുമില്ല എന്നാൽ അവർ കാട്ടിക്കൂട്ടിയതു വിഡ്ഡിത്തവും അറിവില്ലായ്മയുമായിരുന്നുവെന്നതു തീർച്ചയാണ്. ഇരുകൂട്ടരും പരസ്പരം നന്മയോർത്തിരുന്നില്ല. ഒരു കൂട്ടർ സ്വർണ്ണം കൊള്ളചെയ്തുകൊണ്ടുപോകുമ്പോൾ ഇവർ ഒരു കഷ്ണം കരിക്കട്ടക്ക് വേണ്ടി ശണ്ഠകൂടുകയായിരിക്കും. ഇന്നു ഞങ്ങളാ പഴങ്കഥകൾ വായിക്കുമ്പോൾ ചിരിവരികയാണ്."

അടുത്ത സ്റ്റേഷനിൽ വണ്ടി നിന്നു. ഇവിടെനിന്നു പാൽ, വെണ്ണ, നെയ്യ് മുതലായ പദാർത്ഥങ്ങൾ കയററിഅയക്കുന്നു. പരിസരഗ്രാമങ്ങളിൽ ലക്ഷക്കണക്കിനു പശുക്കളേയും എരുമകളേയും വളർത്തുന്നു 5,000 വും 10,000 ജനസംഖ്യയുള്ള ആ ഗ്രാമങ്ങളിൽ പ്രധാന തൊഴിൽ പാൽ കറന്നെടുക്കുക. വെണ്ണയാക്കുക, അതു തീവണ്ടിയിലാക്കി, കയററിഅയക്കുക. എന്നിവയാണ്. പശുക്കളേയും എരുമകളേയും വരിവരിയായി നിർത്തി അകിട്ടിൽ യന്ത്രങ്ങൾ ഘടിപ്പിച്ചു കറന്നെടുക്കുന്നു. അങ്ങിനെ യന്ത്രങ്ങൾ വഴി കറന്നെടുക്കുന്ന പാൽ അന്തരീക്ഷത്തിലുള്ള പൊടിപടലങ്ങൾ ലേശവും ഏൽക്കാതെ കുഴലുകൾ വഴി തീവണ്ടിമുറികളിൽ വെച്ചിട്ടുള്ള വലിയ ടബ്ബുകളിൽ ചെല്ലുന്നു.

ഈ ഗ്രാമങ്ങളിൽനിന്നു് കൃഷിസ്ഥലങ്ങളിലേക്ക് ധാരാളം വളവും കയററിഅയക്കുന്നുണ്ട്. വെണ്ണയെടുത്തതിനുശേഷം അവശേഷിക്കുന്ന മോരു്, ബട്ടൻസ്, യന്ത്രങ്ങളുടേയും വാതിലുകളുടേയും പിടി (Handle) മുതലായവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.

മൂന്നുമണിയായി. തീവണ്ടിയിൽനിന്നും മണിമുഴക്കം കേട്ടു. എല്ലാവരും ഭക്ഷണശാലയിലേക്ക് ചെന്നു. പലതരം വറുത്ത പലഹാരങ്ങളും മധുരനാരങ്ങ, മുന്തിരിങ്ങ മുതലായ ഫലങ്ങളും പാലും—ഇതായിരുന്നു ലഘുഭക്ഷണം.

ഞാൻ ജനലിലൂടെ നോക്കി. എത്ര മനോഹരമായ കാഴ്ച! നാഴികക്കണക്കിന് നീളത്തിൽ പരന്നുകിടക്കുന്ന വിശാലമായ

വയൽ അവിടെ പ്രധാന കൃഷി നെല്ലാണ്. നെല്ല് കൊയ്തെടുത്തു കഴിഞ്ഞാൽ കടല വിതക്കുന്നു. 50 ഏക്ര സ്ഥലം വീതം ഓരോ കണ്ടങ്ങളാക്കിത്തിരിക്കുന്നു. ഓരോന്നിനു ചുററം ഉയൎന്ന വരമ്പുകളും. ഇന്നു വയലുകളിൽ ആവശ്യാനുസാരം വെള്ളം തിരിച്ചുകൊണ്ടുവരുവാനുള്ള സൌകൎയ്യമുണ്ട്. വലിയ വലിയ നദികളിൽ ഇന്നു് എല്ലായിടത്തേക്കും തോട്ടകൾ വഴി വെള്ളം കൊണ്ടുപോകുന്നു. അതുകൊണ്ടു പണ്ടത്തെക്കാൾ നദികളിൽ ഒഴുക്കു വളരെ കുറവാണ്. വെള്ളവും വിദ്യുച്ഛക്തിയും ഈ യുഗത്തിന്റെ ജീവനാഡിയാണ്.

ഇനിയങ്ങു ഉയൎന്നഭൂമിയായി. അവിടെ ഗോതമ്പുവയലുകളാണ്. കണ്ണെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന ആ വയലിൽ കാറേററു ചാഞ്ചാടിക്കൊണ്ടിരിക്കുന്ന മനോഹരമായ ഗോതമ്പുകതിർക്കുലകൾ കാണുമ്പോൾ സമുദ്രത്തിൽ അടിച്ചുയൎന്നു കൊണ്ടിരിക്കുന്ന തിരമാലകളുടെ പ്രതീതിയാണുളവാകുന്നതു്. കൃഷി പ്രധാനമായ ഗ്രാമങ്ങളിൽ ധാന്യം കൊയ്തെടുക്കാനും മെതിക്കാനും യന്ത്രങ്ങളാണ്.

അതാ, മറെറാരു ഗ്രാമത്തിലേക്കു ഞങ്ങൾ പ്രവേശിച്ചു. വലിയൊരു തോട്ടവും അതിനുള്ളിലായി ഒട്ടനവധി കെട്ടിടങ്ങളും ഞാൻ കണ്ടു അതു് ശിശുപാഠശാലയാണ്. മൂന്നുവയസ്സ് മുതൽ ആറുവയസ്സ് വരെയുള്ള കുട്ടികൾക്കു താമസിച്ചു പഠിക്കാനുള്ള സ്ഥലമാണതു്. മുപ്പതോ നാല്പതോ ഗ്രാമങ്ങൾക്കിടയിലായി ഇതുപോലെ ഓരോ വിദ്യാലയവും, അതിൽ കുറഞ്ഞപക്ഷം 15,000 ബാലികാബാലന്മാരും ഉണ്ടായിരിക്കും. അസാധാരണ പ്രതിഭാശാലികളായ വിദ്യാൎത്ഥികളെ അവൎക്കു് കൂടുതൽ താല്പൎയ്യം തോന്നുന്ന വിഷയത്തിൽ പഠിപ്പിക്കുന്ന മററു വിദ്യാലയങ്ങളിലേക്കു് ഇടക്കിടെ മാററികൊണ്ടിരിക്കുന്നു. ഓരോ വിദ്യാലയത്തിലും വിദ്യാഭ്യാസരീതിയും വിദ്യാൎത്ഥികളുടെ പരിപാലനസമ്പ്രദായവും തികച്ചും നവീനവും പ്രസക്തവുമാണത്രെ! നളന്ദായിൽ ചെന്നാൽ

ശിശുപാഠശാല സന്ദർശിക്കാൻ സാധിക്കുമെന്ന് വിശ്വാമിത്രൻ എനിക്കുറപ്പുനൽകി.

വീണ്ടും ആകർഷകമായ പൂവാടികളും മൈതാനങ്ങളും കാണപ്പെട്ടു. ഒരു മൈതാനത്തിൽ ചിലർ ഫുട്ബോൾ കളിക്കുന്നുണ്ടായിരുന്നു തടിച്ചുകൊഴുത്ത അവരുടെ ശാരീരികഭംഗിയും കളിക്കുന്ന രീതിയും എനിക്കു വളരെ ഇഷ്ടപ്പെട്ടു. ധാരാളം ആളുകൾ കളി കണ്ടുകൊണ്ടിരിക്കുന്നുണ്ട്.

അങ്ങിനെ ഒട്ടനവധി ഗ്രാമങ്ങളെ പിന്നിലാക്കികൊണ്ട് തീവണ്ടി കുതിച്ചുപാഞ്ഞുകൊണ്ടിരുന്നു. ഓരോ തരത്തിലുള്ള വിഭവങ്ങളും സമൃദ്ധിയായി ഉൽപ്പാദിപ്പിക്കുന്നതിനു പ്രത്യേകം പ്രത്യേകം ഗ്രാമങ്ങളാണുള്ളത്. ഒരു ഗ്രാമത്തിൽ ആയിരക്കണക്കിനു ജനങ്ങളുണ്ടെങ്കിൽ അവരെല്ലാം ഒരേ ജോലിയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് തുന്നൽവേലയാണ് ഒരു ഗ്രാമത്തിലുള്ളതെങ്കിൽ അവിടത്തുകാർക്ക് കൃഷിചെയ്യേണ്ടതില്ല; ഫലങ്ങൾ കയററിഅയക്കേണ്ടതില്ല; പാലു കറന്നെടുത്തു വെണ്ണയാക്കേണ്ടതില്ല. അവർക്കു വേണ്ടതൊക്കെ മററു ഗ്രാമങ്ങളിൽ നിന്നു വരുന്നു. അതുകൊണ്ടു പല മെച്ചങ്ങളുമുണ്ട്. എല്ലാവർക്കും സുഖസമൃദ്ധമായ ജീവിതം നയിക്കാനുള്ള സാദ്ധ്യതകൾ കൈവരുമെന്നുള്ളതു കൂടാതെ, അവനവൻെറ ജോലിയിൽ ആവശ്യമായ പാടവം കൈവരുത്താവുന്നതു കൂടിയാണ്.

വണ്ടി കുതിച്ചുപായുകയാണ്. എങ്ങും ഇരുളടയുന്നു. കമ്പാർട്ടുമെൻറിൽ വൈദ്യുതവെളിച്ചം പടർന്നുപിടിച്ചു. ഞാനുറങ്ങി.

നാലുമണിക്കാണ് ഞാനെഴുന്നേററത്. അപ്പോൾ തീവണ്ടി ഗംഗാനദിയുടെ പാലം കടക്കുകയായിരുന്നു

ഇപ്പോൾ എല്ലാവരും ആഴ്ചയിൽ അഞ്ചുദിവസം മാത്രമെ ജോലിചെയ്യുന്നുള്ളൂ അതും ദിവസത്തിൽ നാലുമണിക്കൂർമാത്രം ഇത്രയും

മിതമായ അദ്ധ്വാനംകൊണ്ട് അവക്ക് സ്വർഗ്ഗീയസുഖമനുഭവിക്കാനുള്ള സർവ്വവിധ സാദ്ധ്യതകളും കൈവന്നിരിക്കുന്നു

ഞാൻ ഭൂതകാലത്തേക്കു കണ്ണോടിച്ചു 1886 മേയ് മാസം ഒന്നാം തിയ്യതി അമേരിക്കയിലെ ചിക്കാഗോ നഗരം ആയിരക്കണക്കിനു തൊഴിലാളികളുടെ ചുടുരക്തംകൊണ്ട് നിറംപിടിപ്പിക്കപ്പെടുകയുണ്ടായി ദിവസത്തിൽ പതിനാറും പതിനേഴും മണിക്കൂർ വീതം അദ്ധ്വാനിക്കുന്ന തൊഴിലാളികൾ തങ്ങളുടെ ജോലിസമയം 8 മണിക്കൂർ ആക്കിക്കിട്ടണമെന്നു മില്ലുടമകളോടും ഗവൺമെണ്ടിനോടും അഭ്യർത്ഥിച്ചു 8 മണിക്കൂർ ജോലി, 8 മണിക്കൂർ ഉല്ലാസം 8 മണിക്കൂർ വിശ്രമം—അവരുടെ മുദ്രാവാക്യമിതായിരുന്നു. ആവർത്തിച്ചാവർത്തിച്ചു കേട്ടിട്ടും ആരുമാരും അതിൽ ശ്രദ്ധപതിപ്പിച്ചില്ല. അവർ പ്രതിഷേധയോഗം ചേർന്നു. മുതലാളിവർഗ്ഗത്തിന്റെ തോക്കുകളും പീരങ്കികളും ഇടറിടാതെ ഗർജ്ജിച്ചു. മനുഷ്യരക്തം വഴിഞ്ഞൊഴുകി തൊഴിലാളികൾ തന്നെ ജയിച്ചു. ചരിത്രത്തിന്റെ താളുകളിൽ മായാത്തമുദ്ര പതിച്ചുകൊണ്ടാണ് മേയ് മാസം ഒന്നാം തിയ്യതി കടന്നുപോയത്.

എന്നിട്ടും അദ്ധ്വാനിക്കുന്നവക്ക് ഉല്ലാസം കിട്ടിയോ? വിശ്രമം കിട്ടിയോ? അവരുടെ കുഞ്ഞുകുട്ടികളെ തീററിപ്പോററാനുള്ള പ്രതിഫലം കിട്ടിയോ? ഇല്ല അവർ നരകിക്കുകയാണ് ചെയ്തതു്.

ഇന്നു് 4 മണിക്കൂർ ജോലി ബാക്കി 20 മണിക്കൂറും ആനന്ദിക്കാനുള്ളതാണ്—പഠിക്കാനും, പ്രസംഗിക്കാനും ആടാനും പാടാനും സാഹിത്യപ്രവർത്തനത്തിന്നും ഉറങ്ങാനും—പക്ഷെ, എന്നുമെന്നും ഇന്മാതിരിയുള്ള പരിപാടി തുടരുകയല്ല അവർ. അവക്ക് ഒരു കൊല്ലത്തിൽ മൂന്നുമാസം ഒഴിവുകിട്ടും തൽസമയങ്ങളിൽ ലോകത്തിന്റെ ഏതു ഭാഗത്തും സ്വതന്ത്രമായി സഞ്ചരിക്കാം. അവരവർക്കിഷ്ടപ്പെട്ട പ്രവർത്തനസ്ഥലം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അവക്കുണ്ട്; അർഹിക്കുന്ന യോഗ്യതയുണ്ടായിരിക്കണമെന്നുമാത്രം. മുന്തിരികൃഷിയിൽ വേണ്ടവിധം പരിജ്ഞാ

നം കിട്ടിയിട്ടുള്ള ഇന്ത്യക്കാരന് ഫ്രാൻസിൽ ചെന്നു താമസിക്കാൻ യാതൊരു പ്രയാസവുമില്ല.

ഞങ്ങൾ പാട്നയിലെത്തി അവിടെ നളന്ദയിലേക്കു പോകുന്ന തീവണ്ടി തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. സുഹൃത്തുക്കളോടു യാത്രപറഞ്ഞു ഞാനും വിശ്വാമിത്രനും നളന്ദയിലേക്കുള്ള ട്രെയിനിൽ കയറിയിരുന്നു.

---

4319
L241
ശ്രീകൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

# നളന്ദായിൽ.

ഇരുഭാഗത്തും ചാഞ്ചാടിനില്ക്കുന്ന വയലേലകളെ പിന്നിട്ടുകൊണ്ട് ഞങ്ങളുടെ വണ്ടി നളന്ദയിലേക്ക് പായുകയാണ്. എങ്ങും പ്രശാന്തതനിറഞ്ഞ ആ അന്തരീക്ഷത്തിൽ എനിക്കൊരു അസാധാരണമായ ആനന്ദമനുഭവപ്പെട്ടു. സൂര്യനുദിക്കാറായിരുന്നു. അതിന്റെ പ്രത്യക്ഷലക്ഷണങ്ങൾ പൂർവ്വദിക്കിൽ ദൃശ്യമായിതുടങ്ങി.

ഞാൻ കമ്പാർട്ടുമെന്റിലേക്കു നോക്കി. ചിലർ പാടുന്നു. ചിലർ വായിക്കുന്നു. മററു ചിലർ പരസ്പരം സംസാരിക്കുന്നു ആരിലും ഒരു തരത്തിലുള്ള മനോവ്യസനം കാണുന്നില്ല.

അങ്ങിനെ $6\frac{1}{2}$ മണിക്ക് വണ്ടി നളന്ദാസ്റ്റേഷനിലെത്തിച്ചേർന്നു. എത്തുന്നതിലും കുറച്ചു മുൻപുതന്നെ വിശ്വാമിത്രൻ ഞങ്ങളുടെ ആഗമനത്തെപ്പററി പ്രധാനദ്ധ്യാപകനു് ഫോൺ ചെയ്തിരുന്നു. അതാ, ഞങ്ങളേയും പ്രതീക്ഷിച്ച് പ്രധാനാദ്ധ്യാപ

കന്മം 50 സഹാദ്ധ്യാപകന്മാരും നിൽക്കുന്നു. അവർ ഞങ്ങളെ സ്വാഗതംചെയ്തു. തീവണ്ടിയാഫീസിൽനിന്നു സർവ്വകലാശാല വളരെയടുത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും എനിക്കുവേണ്ടി അവർ കാർ തയ്യാറാക്കിയിരുന്നു. പക്ഷെ എല്ലാം നടന്നു കാണുന്നതിൽ ഞാൻ കൂടുതൽ ഇഷ്ടപ്പെട്ടതുകൊണ്ട് അതു് സസന്തോഷം നിരസിക്കയാണുണ്ടായതു്. ഞങ്ങറം നേരെ "വസുബന്ധുഭവനത്തി"ലേക്കു തിരിച്ചു വിദ്യാർത്ഥികറം ഓരോ ഭാഗത്തും വരിവരിയായിനിന്നുകൊണ്ട് എന്നെ അഭിവാദനം ചെയ്തു ഉയന്ന ക്ലാസുകളിലെ വിദ്യാർത്ഥികളാണവർ എന്തൊരു അച്ചടക്കവും വിനയവുമാണവർ പ്രദർശിപ്പിച്ചിരുന്നതു! ഓരോരുത്തരുടേയും മുഖത്തു് എന്തെന്നില്ലാത്ത സന്തുഷ്ടഭാവമാണ് മൊട്ടിട്ടുനിന്നിരുന്നതു്.

ഓരോ വിഭാഗങ്ങളിലേയും പ്രൊഫസർമാരെ എനിക്കു പരിചയപ്പെടുത്തിതന്നു. അവരുമായി പരിചയപ്പെടുവാനും സംസാരിക്കുവാനും സാധിച്ചതിൽ ഞാൻ കൃതജ്ഞതപ്രകടിപ്പിച്ചു.

അങ്ങനെ ഞങ്ങറം "വസുബന്ധു"ഭവനത്തിലെത്തി എന്താണി വസുബന്ധുഭവനം? നാളന്ദാസർവ്വകലാശാലയോടനുബന്ധിച്ച് സ്ഥിതിചെയ്യുന്ന ഒരു മനോജ്ഞഹർമ്മ്യമാണിതു്. ഇവിടെ ഓരോ മഹാന്മാരുടേയും ഓരോ അദ്ധ്യാപകന്മാരുടേയും പ്രതിമകളും, ചിത്രങ്ങളും സൂക്ഷിച്ചിട്ടുണ്ട്. കലാസാംസ്കാരികമായ സമ്മേളനവും ചർച്ചകളും നടത്തുവാനാണ് ഇതു് പ്രധാനമായുപയോഗിക്കുന്നതു്. കുറഞ്ഞ പക്ഷം ഒന്നേകാൽലക്ഷം ജനങ്ങറംക്കെങ്കിലും സുഖമായിരിക്കാനുള്ള സൌകര്യമുണ്ട്. ശ്രോതാക്കറംക്കിരിക്കാൻ ഗ്യാലറികളാണുള്ളതു്. പ്ലാററഫാറത്തിൽ പലതരം പ്രദർശനങ്ങളോ, പ്രസംഗങ്ങളോ നടത്തപ്പെടുന്നു. ആ വിശാലമായ ഹോളിൻെറ ഓരോ ഭാഗത്തും ശബ്ദപ്രസാരകയന്ത്രങ്ങറം ഘടിപ്പിച്ചിട്ടുണ്ട്. വൈദ്യുതയന്ത്രങ്ങളുടെ "കലാരൂപം" കാണണമെങ്കിൽ അങ്ങോട്ടുതന്നെ പോകേണ്ടതാണ്.

ഞാൻ പ്ലാററഫോറത്തിൽ ചെന്നു കയറിയപ്പോൾ എന്നെ സ്വീകരിച്ചതു് ഗംഭീരമായ ഒരു ജനാവലിയായിരുന്നു. നളന്ദാ സവ്വകലാശാലയെ പ്രതിനിധീകരിച്ചുകൊണ്ടു് പ്രിൻസിപ്പാൾ എന്നോടു അഭിനന്ദനംരേഖപ്പെടുത്തുകയും പുഷ്പമാല്യം അപ്പിക്കുകയും ചെയ്തു. ഞാനതിന്നു് ഹാർദ്ദമായ നന്ദിപറഞ്ഞു. "അവസാനം ഈ പ്രിയപ്പെട്ട സവ്വകലാശാലയിലേക്കുതന്നെ ഞാൻ എത്തിയല്ലോ." എന്ന ചാരിതാത്ഥ്യജനകമായ കാൎയ്യം അവരെയും അറിയിക്കാൻ എനിക്കു സാധിച്ചില്ല.

പ്രാതലിന്നുള്ള സമയമായി ഞാൻ അതിഥിമന്ദിരത്തിലേയ്ക്കും നയിക്കപ്പെട്ടു. അഞ്ചുനിലയിലുള്ള ഒരു കെട്ടിടമാണതു്. ആയിരമാളുകൾക്കതിൽ താമസിക്കാനുള്ള സൌകൎയ്യമുണ്ടു്. എല്ലാ മുറികളും സേവാഗ്രാമത്തിൽ കണ്ടതുപോലെതന്നെ! യാതൊരു വ്യത്യാസവും കാണപ്പെട്ടില്ല. ഓരോ നിലയിലേക്കു കയറുവാൻ "ലിഫ്ട്" ഉപയോഗിക്കുകയാണു്. സവ്വവിധ സജ്ജീകരണങ്ങളുമുണ്ടു്. അതിഥികളുടെ സേവനത്തിന്നുവേണ്ടി ധാരാളം സ്ത്രീകളും പുരുഷന്മാരും നിയുക്തരായിട്ടുണ്ടു്. അവർ നമുക്കോരോരുത്തക്കും എല്ലാ കാൎയ്യങ്ങളും വേണ്ടവിധത്തിൽ പ്രവത്തിക്കാനുള്ള നിർദ്ദേശങ്ങളപ്പോഴപ്പോൾ നൽകിക്കൊണ്ടിരിക്കുന്നു. നീന്തിക്കുളിക്കുവാൻ ജലാശയം, വായനശാല ആശുപത്രി—അങ്ങിനെ ഓരോന്നും അവിടെത്തന്നെയുണ്ടു്. അവിടത്തന്നെ "ട്രാം" വന്നുനിൽക്കുന്നു. അതുകൊണ്ടു വെളിയിൽ എവിടെ പോകണമെങ്കിലും അല്പംപോലും നടക്കേണ്ടതില്ല.

പ്രാതൽ തയ്യാറായി. ഞങ്ങൾ പ്രാതൽ കഴിച്ചു. അനന്തരം ഞാൻ ശിശുപാഠശാല സന്ദർശിക്കാൻ നിശ്ചയിക്കുകയും ചെയ്തു.

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

# വിദ്യാഭ്യാസപദ്ധതി: ശിശുപാഠശാല.

‘ എൻെറ ഉദ്ദേശം ഇനി ശിശുപാഠശാല സന്ദർശിക്കാനായിരുന്നു. ആചാര്യ വസിഷ്ഠനും, വിശ്വാമിത്രനും, ശിശുപാഠശാലയിലെ പ്രധാനാദ്ധ്യാപികയും, സഹാദ്ധ്യാപികയുമൊഴിച്ച് മററെല്ലാവരും അവരവരുടെ വസതികളിലേക്കു പോയിക്കഴിഞ്ഞിരുന്നു ഒട്ടനവധി സ്ഥലങ്ങൾ സന്ദർശിക്കാനുണ്ടെങ്കിലും, ആദ്യമായി വിദ്യാഭ്യാസരംഗത്തെ വെളിച്ചംവീശലിൽ എത്രകണ്ട് പ്രകാശം പരന്നിട്ടുണ്ടെന്നു് കാണാൻ തന്നെ ഞാൻ തീർച്ചയാക്കി. ഞങ്ങളുടെ ആഗമനത്തെപ്പററി ശിശുപാഠശാലയിലേക്കു മുന്നറിവുകൊടുത്തിരുന്നു. ഇവിടെനിന്നും ഏകദേശം ഒരു നാഴിക ദൂരെയുള്ള ആ സ്ഥലത്തേക്കു “ട്രാം” തയ്യാറുണ്ടായിരുന്നു.

ഞങ്ങൾ ട്രാമിൽ ചെന്നു കയറി.

മനോഹരമായ പൂന്തോട്ടങ്ങളും പുൽമൈതാനങ്ങളും കാഴ്ക്കനിത്തോട്ടങ്ങളും എന്നല്ല, വളരെയേറെ വിദ്യാലയമന്ദിരങ്ങളും പിന്നിട്ടുകൊണ്ട് (ഒരു നാഴിക ദൂരത്തിനിടയ്ക്കു്) ട്രാം സാവധാന

ത്തിൽ നീങ്ങിക്കൊണ്ടിരുന്നു. അന്ന് ഒഴിവുദിവസമായിരുന്നു. കുട്ടികൾ ബാലവാഡിയിലിരുന്നു കളിക്കുന്നതു കണ്ടു. വണ്ടിയിൽ ഞങ്ങളൊഴികെ മററു ചിലരും ആ വിദ്യാലയത്തിലെ അതിഥിക ളായി പോകുന്നുണ്ടായിരുന്നു. ചിലർ മക്കളെ കാണാനും ചിലർ ബന്ധുക്കളെ കാണാനും മററു ചിലർ ഒഴിവുകാലത്തെ മനോ വിനോദത്തിനും വേണ്ടി ഇങ്ങിനെയിരിക്കുകയാണ്.

ഒടുവിൽ വണ്ടി ബാലവാഡിയുടെ പടിക്കലെത്തി. അദ്ധ്യാ പികമാരെല്ലാം ഞങ്ങളെ സ്വാഗതംചെയ്തു.

മനോഹരമായ ഉദ്യാനം. അതിനുള്ളിൽ വൃത്തിയും വെ ടിപ്പുമുള്ള വളരെയധികം കെട്ടിടങ്ങൾ. ആ കെട്ടിടങ്ങൾക്കു പിന്നിലായി വീണ്ടും ഒരുദ്യാനവും കാണപ്പെട്ടു.

കുട്ടികൾക്കു സ്വച്ഛന്ദം തുള്ളിച്ചാടികളിക്കാൻ ഒരു പുൽമൈ താനം. അവക്ക് ഉല്ലസിച്ചു നീന്തിക്കളിക്കാൻ ഒരു തോട്. (ആവശ്യാനുസാരം വെള്ളം കയറുകയും പോകുകയും ചെയ്യുന്ന) തണുപ്പുകാലത്തു് കുളിക്കാൻ ഒരു വലിയ കെട്ടിടത്തിനുള്ളിലായി ഒരു ജലാശയവുമുണ്ട്. അതിൽ ചൂടുവെള്ളം നിറയ്ക്കപ്പെടുന്നു.

പഠിപ്പിക്കുന്നവരെല്ലാം സ്ത്രീകളാണ് ശിശുവിദ്യാലയ ത്തിൽ ഓരോ കുട്ടിക്കും മൂന്നുകൊല്ലമാണ് താമസിക്കേണ്ടതു് ഇക്കാര്യം ഞാൻ മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ ഈ മൂന്നുകൊല്ല ത്തെ വിദ്യാഭ്യാസം മൂന്നു ക്ലാസുകളിലായി തരംതിരിച്ചിരിക്കുകയാ ണ് എല്ലാവക്കും ഒരുപോലെയുള്ള വിദ്യാഭ്യാസമാണ്. പുസ്ത കങ്ങൾ വഴിയായി അധികം പഠിത്തമൊന്നുമില്ല ആദ്യത്തെ രണ്ടുകൊല്ലം അക്കങ്ങളും അക്ഷരങ്ങളും പഠിപ്പിക്കുന്നു. അവസാന ത്തെ കൊല്ലമാണ് കുട്ടികളെ എഴുതാനും വായിക്കാനും പഠിപ്പി ക്കുന്നതു്.

ഓരോ വിഷയത്തെപ്പററിയും വളരെ ലളിതമായി മാധുര്യം വഴിഞ്ഞൊഴുകുന്ന ഭാഷയിൽ പഠിപ്പിക്കുമ്പോൾ ഓരോ കുട്ടിക്കും, ഓരോ വിഷയത്തിൽ എത്രത്തോളം അഭിരുചിയുണ്ടെന്നു തിര

ച്ചറിയാനും അദ്ധ്യാപികമാർ ശ്രദ്ധിക്കുന്നു. കുട്ടികളുടെ ശാരീരികമായ ഉന്നമനത്തിന് അവർ കുറച്ചൊന്നുമല്ല ശ്രദ്ധിക്കുന്നത് ഭൌതികമായും ശാരീരികമായും അവരെ ഉയർത്തിക്കൊണ്ടുവരാൻ എല്ലാ അദ്ധ്യാപികമാരും കിണഞ്ഞുപരിശ്രമിക്കുന്നു; തികച്ചും മനഃശ്ശാസ്ത്രപരമായ നിലപാടിലൂടെ! പല തരത്തിലുള്ള കളികൾക്ക വേണ്ടത്ര സൌകര്യങ്ങളുണ്ട്. അദ്ധ്യാപികമാർ അപ്പഴപ്പോൾ തക്ക നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നു.

തങ്ങളുടെ പ്രവൎത്തനങ്ങളിൽ നൈപുണ്യം പ്രദർശിപ്പിക്കുന്നവരുടെ നമ്പർ ആദ്യം ചേർക്കുകയും അദ്ധ്യാപികമാർ അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഇതാണ് അവൎക്ക് നൽകപ്പെടുന്ന പാരിതോഷികം; പത്തു കുട്ടികൾ ചേൎന്ന ഒരു സംഘവും, അതിൽ അവർ തന്നത്താൻ തെരഞ്ഞെടുക്കുന്ന ഒരു നായകനുമുണ്ടായിരിക്കും. ഓരോ സംഘത്തിനും ഉറങ്ങുവാൻ പ്രത്യേകം മുറികൾ നൽകപ്പെട്ടിരുന്നു.

രാത്രികാലങ്ങളിൽ കുട്ടികളുറങ്ങാൻ കിടന്നാൽ അദ്ധ്യാപികമാർ അടുത്തുവരും. അവർ ചരിത്രത്തിലെ പ്രസിദ്ധന്മാരായ മഹാന്മാരുടെ വീരചരിതങ്ങൾ പറഞ്ഞു കേൾപ്പിക്കും ഈ കഥകൾ പറയുമ്പോൾ, അതു് നടന്ന കൊല്ലവൎഷവും തിയ്യതിയുമുണ്ടായിരിക്കുകയില്ല പക്ഷെ, ബുദ്ധൻ ജനിച്ചതിനുശേഷമാണ് അശോകനെന്നും, അദ്ദേഹത്തിനുശേഷമാണ് ചന്ദ്രഗുപ്ത വിക്രമാദിത്യനുമെന്നുമൊക്കെ പറയാതിരിക്കുകയില്ല കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഭാഷയിലും അതേ ഭാവത്തിലുമാണ് ഈ കഥാകഥനരീതി അങ്ങിനെയുള്ള കഥകൾ ചരിത്രത്തെപ്പറ്റി മാത്രമല്ല, ഭൂമിശാസ്ത്രം, സയൻസ്, എന്നീ വിഷയങ്ങളെപ്പറ്റിയും പറഞ്ഞുകൊടുക്കുന്നുണ്ട്. ചിലപ്പോൾ ഈ കഥകൾ വിദ്യാൎത്ഥികൾ ആവൎത്തിച്ചു പറയാറുണ്ട്. ഇടയ്ക്കിടെ അദ്ധ്യാപികമാരും വിദ്യാൎത്ഥികളും ഒത്തുചേൎന്ന് മനോഹരമായ ഗാനങ്ങൾ ആലപിക്കുകയും പതിവാണ്.

ശുചിയായി ജീവിക്കാൻ അവരോടുപദേശിക്കുന്നു വൃത്തിയും വെടിപ്പും അവൎക്കുമാത്രം പോരാ, അവരുടെ അയൽക്കാൎക്കും

ആവശ്യമാണ്. അതുകൊണ്ട് ചളിയും പൊടിയും അടിച്ചുവാരി മററുള്ളവന് ഉപദ്രവമുണ്ടാക്കത്തക്കവിധത്തിൽ പ്രവൃത്തിക്കരുത്. അത് ദോഷമാണുണ്ടാക്കുന്നത്; ആക്കും ഉപദ്രവമില്ലാത്ത രീതിയിൽ പ്രവൃത്തിക്കണം. തന്നേക്കാൾ വലിയവരെ ആദരിക്കുകയും ചെറിയവരെ സ്നേഹിക്കുകയും ചെയ്യുക—" അങ്ങിനെ, ഉപദേശങ്ങൾ മാത്രമല്ല പ്രായോഗികമായ നിലയിൽ അവൎക്ക് കാണിച്ചുകൊടുക്കുക കൂടി ചെയ്യുന്നു. ലോകത്തിൻെറ ശ്രേയസ്സിന്നുവേണ്ടി ജീവൻ ബലിയൎപ്പിച്ചിട്ടുള്ള വീരപുരുഷന്മാരുടെ കഥകൾ ഓരോ കുട്ടിയും വളരെ ശ്രദ്ധയോടുകൂടി കേൾക്കുന്നു. എത്ര തവണയാണ് ആ പിഞ്ചുഹൃദയങ്ങളിൽ നിന്ന് ദീൎഘനിശ്വാസങ്ങൾ പുറപ്പെട്ടിട്ടുള്ളത്. എത്രയോ തവണയാണ് ആ കളങ്കമില്ലാത്ത കണ്ണുകളിൽ നിന്നു കരുണാദിഭൃതമായ കണ്ണീർക്കണങ്ങൾ അടന്നടന്നു വീണിട്ടുള്ളത്. മഹാന്മാരുടെ വലിയ വലിയ പ്രതിമകളും നല്ല നല്ല ചിത്രങ്ങളും അവൎക്കു കാണിച്ചുകൊടുക്കുന്നു. സിനിമ വഴി മഹാന്മാരുടെ ജീവിതസംഭവങ്ങളെ അവൎക്കു പകൎന്നുകൊടുക്കുന്നു. വളരെ ശ്രദ്ധയോടും ഉത്സാഹത്തോടും കൂടിയാണ് കുട്ടികൾ ഇതൊക്കെ കാണുക. ഭൂമിയെപ്പററിയും അതുപോലെ തന്നെ സൌരയൂഥത്തിലെ ഗ്രഹങ്ങളെപ്പററിയും അവൎക്കു രസകരമായ കഥകൾ പറഞ്ഞുകൊടുക്കുന്നു. ഏതാദൃശമായ പ്രവൃത്തനങ്ങൾ വഴി മനുഷ്യവൎഗ്ഗത്തെപ്പററി സുദൃഢമായ സഹോദൎയ്യഭാവം സംജാതമാക്കാൻ സാധിക്കും.

കുട്ടികളെ ജന്തുശാസ്ത്ര വിദ്യാലയങ്ങളിൽ കൊണ്ടുപോയി അവിടെ പരീക്ഷണങ്ങൾക്കുവേണ്ടി സൂക്ഷിച്ചിട്ടുള്ള ഓരോ ജന്തുക്കളേയും പററി മനസ്സിലാക്കികൊടുക്കുന്നു. തത്സമയങ്ങളിൽ മാനസികമായ ക്ലേശങ്ങൾ അനുഭവപ്പെടാതിരിക്കാൻ വളരെ ശ്രദ്ധിച്ചു എളുപ്പമായ രീതിയിലാണ് അദ്ധ്യാപികമാർ അവരെ മനസ്സിലാക്കികൊടുക്കുന്നത്. വ്യാകരണത്തെ സ്പർശിക്കാതെ തന്നെ അവരെ ഭാഷാദ്ധ്യയനത്തിലേക്ക് സമൎത്ഥമായ രീതിയിൽ നയിക്കുന്നു. രണ്ടുമൂന്നുകൊല്ലംകൊണ്ട് വിദ്യാൎത്ഥികൾക്ക് ശുദ്ധ

മായ ഭാഷകൈകായ്യം ചെയ്യാൻ സാധിക്കുന്നു. ഇനി കുട്ടികൾക്കൊരു ഗവമ്മേണ്ടുണ്ട്. അതിൽ അവർ പ്രദർശിപ്പിക്കുന്ന ബുദ്ധിസാമർത്ഥ്യത്തിൽ മുതിർന്നവർപോലും ആശ്ചയ്യപ്പെട്ടുപോകാറുണ്ടത്രെ!

കാലാവസ്ഥക്കനുസൃതമായ വസ്ത്രങ്ങളാണ് അവരെ ധരിപ്പിക്കുന്നതു്. നല്ലനല്ല വസ്ത്രങ്ങൾ ധരിച്ചുവരുമ്പോൾ കുട്ടികളെല്ലാവരും വളരെ സുന്ദരമായി കാണപ്പെടുന്നു.

അതുപോലെതന്നെയാണ് ഭക്ഷണവും. പോഷകാംശങ്ങൾ അധികം ചേർന്നിട്ടുള്ള പദാത്ഥങ്ങളാണവക്കു നല്കുന്നതു്. ഭക്ഷണസമയം ദിവസത്തിൽ ആറ് പ്രാവശ്യമാണ്. കുട്ടികൾ സംഘം സംഘമായി ഞങ്ങളെ സ്വാഗതം ചെയ്യാൻ വന്നുനിന്നിരുന്നു. പ്രസിഡണ്ടും പ്രധാനമന്ത്രിയും ശിശുസമാജത്തെ പ്രതിനിധികരിച്ചു ഞങ്ങളെ സ്വാഗതം ചെയ്തു എന്റെ ഉപദേശമനുസരിച്ചു കുട്ടികൾ പല കളികളും സമത്ഥമായി പ്രദർശിപ്പിച്ചു. ഇബ്രാഹിമും, കൃഷ്ണനും, ഗുസ്തി കാണിച്ചു. ചിലർ ഫുട്ബാൾ കളിച്ചു; മററു ചിലർ പന്തയംവച്ച് ഓടി. അങ്ങിനെ പല കളികളിലും അവർ ഞങ്ങളുടെ മുക്തകണ്ഠമായ പ്രശംസക്കു് പാത്രമായി.

അനന്തരം ഞങ്ങൾ മഹാന്മാരുടെ പ്രതിമകൾ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ഥലത്തേക്കുപോയി. അവിടെ നിരവധി പ്രതിമകളുണ്ടായിരുന്നു ഞാൻ ഒന്നാംക്ലാസിലെ ഒരു കുട്ടിയെ വിളിച്ചു ചോദിച്ചു:—

"ഇവരിൽ ആരാണ് മാർക്സ്?"

ആ കുട്ടി വേഗത്തിൽതന്നെ മുന്നോട്ടുവന്നു. ഒരു പ്രതിമയിൽ പിടിച്ചുകൊണ്ടു പറഞ്ഞു—"ഇതു്"

"അദ്ദേഹത്തെപ്പററി എന്തൊക്കെ അറിയാം?"

ആ കുട്ടി എന്തെല്ലാം കായ്യങ്ങളാണ് പറഞ്ഞതു്! കുട്ടികൾക്കു മനസ്സിലാക്കാൻ സാധിക്കാവുന്ന കായ്യങ്ങൾ തന്നെ. അദ്ദേഹം

മനുഷ്യരുടെ സേവനത്തിനുവേണ്ടി നിരവധി ക്ലേശങ്ങൾ സഹിച്ചിട്ടുണ്ടത്രെ! ഒരു പെൺകുട്ടിയോടു ഞാൻ ഡാർവിനെപ്പററി ചോദിച്ചു. ആ കുട്ടിയും ഡാർവിന്റെ പ്രതിമ തൊട്ടുകാണിച്ച് അദ്ദേഹത്തിന്റെ കഥ പറഞ്ഞുതന്നു. അതുപോലെതന്നെ സസ്യശാസ്ത്രത്തെപ്പററിയും ജന്തുശാസ്ത്രത്തെപ്പററിയും ഞാൻ ചോദിച്ചു. തികച്ചും തൃപ്തികരമായ മറുപടിയാണ് കിട്ടിയത്. എല്ലാ കുട്ടികളും വളരെ നിർഭയരായി കാണപ്പെട്ടു. ആർക്കും ഒന്നിനെപ്പററിയും യാതൊരു ലജ്ജയും സങ്കോചവുമില്ല

കുട്ടികൾക്കുറങ്ങാനുള്ള മുറികളും ആശുപത്രിയും ഭക്ഷണശാലയും ഞാൻ കണ്ടു. ഉച്ചഭക്ഷണം കഴിച്ചതു് ഞാനവിടെ നിന്നാണ്.

വളരെ സ്നേഹമസൃണമായി അവർ പാടിയ പാട്ടുകളും അവർ പറഞ്ഞ കഥകളും ഞാൻ കേട്ടു.

ബാലികമാരുടെ വൃത്തിയും, സൌന്ദര്യവും നിർഭയതവും കണ്ടിട്ടു ഞാൻ ഇരുപതാം നൂററാണ്ടിലെ സ്ത്രീകളെപ്പററി ആലോചിക്കുകയായിരുന്നു. അന്നു് പുരുഷവർഗ്ഗം ഇവരുടെ പുരോഗതിയെ ശക്തിപൂർവ്വം തടഞ്ഞുനിത്തിയിരുന്നു. തന്മൂലം സംഭവിക്കാവുന്ന ദോഷങ്ങളെപ്പററി അവർക്കുതന്നെ ചിന്തിക്കുവാൻ സാധിക്കുമായിരുന്നില്ല ഞാൻ പറഞ്ഞു—"ഈ കുട്ടികളിൽ തന്നെ പലരും പണ്ടത്തെ അസ്പൃശ്യരെന്നു് കണക്കാക്കപ്പെട്ടിരുന്ന, അഥവാ മനുഷ്യരാണെന്നുപോലും സംശയിക്കപ്പെട്ടിരുന്ന ചില ആളുകളുടെ സന്താനങ്ങളാണല്ലോ. ഞാനതിൽ അത്യധികം സന്തോഷിക്കുന്നു."

* * * * * *

എനിക്കിതു കാണുമ്പോൾ, ഇവിടത്തെ മൈത്രിയും സാഹോദര്യഭാവവും കാണുമ്പോൾ, അനന്യസാധാരണമായ ഒരനുഭൂതിയാണുണ്ടാകുന്നതു്. എന്റെ ചിന്ത ഭൂതകാലത്തിന്റെ ഓരോ ഏടുകളിലേക്കും ചെന്നെത്തി നോക്കുകയാണ്. അന്നു് എമ്പാടും ജാതിക്കോമരങ്ങളുടെ ഉഗ്രമായ താണ്ഡവനൃത്തം നടക്കുന്ന കാല

മാണ്. എവിടെ നോക്കിയാലും വിഭാഗീയ ചിന്തയുടേയും സ്വാത്ഥതാല്പയ്യത്തിൻേറയും അകമ്പടിസേവിക്കുന്ന ഒട്ടനവധി ആളുകളേയും അവരുടെ സിൽബന്തികളേയും കാണാമായിരുന്നു. അന്ന് പണക്കാരനും പാവപ്പെട്ടവനുമുണ്ടായിരുന്നു. പണക്കാരനു സമുദായത്തെ എന്തും ചെയ്യാം. ചൂഷണം ചെയ്യാം; മർദ്ദിക്കാം; പുലഭ്യം പറയാം; ചോദിക്കാനാരുമില്ല. അയാളോടു മുഖസ്തുതി പറയാൻ മാത്രം ആളുകളുമുണ്ട്. അവരുടെ മക്കൾക്ക് ഉയന്ന വിദ്യാഭ്യാസം ചെയ്യാം; അവക്ക് ആനന്ദിക്കാം. അവക്ക് സമുന്നതമായ സ്ഥാനങ്ങളിൽ ലബ്ധപ്രതിഷ്ഠരാകാം. അവർ മദ്യപിച്ചെങ്കിൽ; അവർ വ്യഭിചരിച്ചെങ്കിൽ അതിനെതിരായി ചൂണ്ടുവിരലനക്കാൻപോലും ആരേയും കാണുകയില്ല.

മറുഭാഗത്തെന്താണ്? നിസ്സഹായരായ കുറെ മനുഷ്യജീവികൾ. രാവും പകലും അവിശ്രമം പരിശ്രമിച്ചിട്ടും കുടുംബം പുലത്താനുള്ള തുച്ഛമായ സമ്പാദ്യംപോലുമില്ലാതെ എന്നുമെന്നും പട്ടിണിയിലും പരാധീനതയിലുമായി കഴിഞ്ഞുകൂടുന്നവരാണവർ. അവരെപ്പററി അന്വേഷിക്കാൻ അവരുടെ വേദനയിലും വേവലാതിയിലും പങ്കുകൊണ്ടു കരുണയുടെ ഒരിററു കണ്ണുനീരെങ്കിലും ഒഴുക്കാൻ ആരുണ്ട്? വല്ലവരും ഉണ്ടോ? ഉണ്ട്. അവരെപ്പോലെ കുറെ നിരാശ്രയർ മാത്രം; അവരെക്കൊണ്ടെന്തുചെയ്യാൻ സാധിക്കും. ഇനി അവക്ക് മക്കളുണ്ടാകുന്നുണ്ട്, അവരും ജിവിക്കുന്നുണ്ട്. കാരണം ജീവിക്കാൻ ആശയും അവകാശവും ഉള്ളതുകൊണ്ടു തന്നെ! അവക്കും ഉയരാൻ ആഗ്രഹമുണ്ട്! പക്ഷെ, അവർ കറുത്തവരാണ്, അവർ അസ്പൃശ്യരാണ്. എന്നുമെന്നും എരിപൊരികൊള്ളുന്ന വെയിലത്തും മരംകോച്ചുന്ന തണുപ്പിലും കിടന്ന് അദ്ധ്വാനിച്ച് മേലാളന്മാരെ തീററിപ്പോറേറണ്ടവരാണ് അതുകൊണ്ടവക്ക് വിദ്യാഭ്യാസമില്ല, അതിൻെറ ആവശ്യംതന്നെയില്ലെന്നു പറയുന്നു. അച്ഛൻ തോട്ടിയാണെങ്കിൽ മകനും തോട്ടിയാകണമെന്നു! അച്ഛൻ ചെരുപ്പുകുത്തിയാണെങ്കിൽ മകനും ചെരുപ്പുകുത്തി ആകണമെന്നാണ് സമുദായം അനുശാസിക്കുന്നതു് മലമൂത്ര

വിസർജ്ജനംങ്ങളൊക്കെ ദൂരെ കൊണ്ടുപോയി കളഞ്ഞ് പരിസരങ്ങൾ പരിശുദ്ധമാക്കുന്ന ഒരു തോട്ടി അസ്പൃശ്യൻ! അവനെ കാണുമ്പോൾ, വെളുത്തവരുടെ—സെൻറിലും പൌഡറിലും പട്ടുവസ്ത്രങ്ങളിലുമായി കഴിഞ്ഞുകൂടുന്നവരുടെ മുഖം ചുളിയുന്നു, ആ മുഖത്ത് വെറുപ്പിൻേറയും അവജ്ഞയുടേയും കറുത്ത രേഖകൾ നിഴലടിക്കുന്നു. അവർ മുഖം പൊത്തുകയാണ്. ആരെ കണ്ടിട്ട്? ആ സമുദായസേവകന്മാരെ കണ്ടിട്ട്. ആ തോട്ടിയും ചെരുപ്പുകുത്തിയും ധീരരായ സമുദായസേവകന്മാരാണെന്നു, അവരുടെ മഹത്തായ സേവനത്തിന് എന്നുമെന്നും കടപ്പെട്ടിരിക്കുന്നുവെന്ന് വെളുത്തവർഗ്ഗക്കാരാലോചിക്കുന്നുണ്ടോ? അവർ പട്ടിയെ മടിയിലെടുത്ത് താലോലിക്കും, ഉമ്മവയ്ക്കും, പക്ഷെ, കറുത്തവൻ അസ്പൃശ്യൻ തന്നെ. അവനും പൂജിക്കണമെന്നുണ്ടാകും അവനും ആരാധിക്കണമെന്നുണ്ടാകും പക്ഷെ അവനാരാധിക്കുവാൻ ദേവനില്ല. അവനു ദേവാലയമില്ല അവനാ ദേവനേയും ദേവാലയങ്ങളേയും വെറുത്തു. എങ്ങിനെ വെറുക്കാതിരിക്കും! ആയിരമായിരം മെഴുകുതിരികളും നെയ്യ്‌വിളക്കുകളും ആ ദേവൻെറ മുമ്പിൽ കത്തിയെരിഞ്ഞുപോകുന്നു! ഒരു പക്ഷേ, അവൻെറ കുടിലിൽ തകരവിളക്കുപോലുമില്ല. അവൻ പെറുക്കിക്കൂട്ടിയ കരിയിലകൾ കത്തിച്ച് ആ ജ്വാലയുടെ പ്രകാശത്തിൽ ഭക്ഷണം കഴിക്കുകയാണ്. എന്തൊരനീതി! ആരുമാരും ആ അക്രമത്തിനെതിരായി ശബ്ദമുയർത്തിയില്ല മൂകലക്ഷങ്ങളായി കഴിഞ്ഞുകൂടി. അഥവാ അങ്ങിനെ ശബ്ദമുയർത്തിയാൽ മരണത്തിൻെറ വായിലേക്ക് പോകാമായിരുന്നു. അങ്ങിനെ എത്ര കോടാനുകോടി ജീവിതം താറുമാറാക്കപ്പെട്ടു. ഇന്ത്യയിലെന്നല്ല, അമേരിക്കയിലും, ആഫ്രിക്കയിലും പാവപ്പെട്ടവർ—കറുത്തവർ—അനുഭവിച്ചിരുന്ന ദുരിതങ്ങൾ ഏതാണ്ടിതുപോലെതന്നെയായിരുന്നു.

ഇന്നു ആ വേലികൾ പൊളിച്ചുമാററി. സ്നേഹത്തിൻെറയും സാഹോദര്യത്തിൻേറയും അടിത്തറ കെട്ടിപ്പടുത്തിരിക്കുകയാണ്. പരസ്പരം തരംതാഴ്ത്തുന്നതുകൊണ്ട് സ്വയം താഴുകയാണെന്നു എല്ലാവർക്കും മനസ്സിലായി

അങ്ങിനെ ശിശുപാഠശാലാസന്ദർശനമവസാനിപ്പിച്ച് മൂന്നുമണിക്ക് ഞങ്ങൾ മടങ്ങി. പിറേറന്നുതന്നെ ബാലപാഠശാല കാണുവാൻ തീരുമാനിക്കുകയും ചെയ്തു.

## വിദ്യാഭ്യാസപദ്ധതി; ബാലപാഠശാല.

രാവിലെ ടാമിൽ കയറി ഞങ്ങൾ ബാലപാഠശാലയിലേക്കു തിരിച്ചു. രണ്ടു നാഴിക ദൂരെയാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നതു്. മുൻപ് ഞാൻ പ്രസ്താവിച്ചതുപോലെ ഈ വിദ്യാലയത്തിലെ അദ്ധ്യയനകാലം 8 കൊല്ലമാണ് അതായതു് 6 വയസ്സു മുതൽ 14 വയസ്സു വരെ. (ഇതിൽ ഈരണ്ടു കൊല്ലത്തേയ്ക്കു ഓരോ ക്ലാസ്സുകൾ തരംതിരിച്ചിരിക്കുന്നു.) ബാലപാഠശാലയിലെ പഠനവിഷയങ്ങളിൽ സാഹിത്യം, ഗണിതം, ഭൂമിശാസ്ത്രം, വ്യാകരണം, സംഗീതം, ചിത്രമെഴുത്തു്, കൃഷി എന്നിവയുൾപ്പെടുന്നു. എന്നാൽ ഈ വിഷയങ്ങളെല്ലാം ഓരോ വിദ്യാർത്ഥിക്കും പഠിക്കേണ്ടതില്ല. നിർബ്ബന്ധപൂർവ്വം പ്രേരണചെലുത്തി വിദ്യാർത്ഥികളെ ക്ലേശിപ്പിക്കുകയോ അവരുടെ മനസ്സു് ക്ഷീണിപ്പിക്കുകയോ ചെയ്യുന്നില്ല. ഉദാഹരണമായി ഈ ക്ലാസ്സിൽ ചേർന്നുകഴിഞ്ഞാൽ 3 കൊല്ലം മുതൽ 5 കൊല്ലം വരെ ഓരോ വിദ്യാർത്ഥിയേയും സംസ്കൃതം മുതലായ ഭാഷകൾ പഠിപ്പിക്കുന്ന സമ്പ്രദായമുണ്ട്.

ഈ ഭാഷകൾ പഠിപ്പിക്കുന്ന അന്തരീക്ഷം വളരെ ഹൃദയസ്പർശിയാണ്. കൊച്ചുകുട്ടികളെപ്പോലെ പ്രാഥമിക പാഠം മുതൽ പഠിപ്പിക്കുന്നു. അനന്തരം, വിദ്യാൎത്ഥികൾ ആ വിഷയത്തിൽ ആത്മാൎത്ഥമായ പ്രതിപത്തിയുണ്ടോയെന്നു് പരിശോധിക്കുന്നു. പിന്നീട് അവൎക്കിഷ്ടമുള്ള വിഷയത്തിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചുവിടുന്നു. ഈ വിദ്യാലയത്തിൽവെച്ചുതന്നെയാണ് വിദ്യാൎത്ഥികളുടെ ദിനചൎയ്യയെപ്പററി വിശദമായി പഠിപ്പിക്കുന്നതു്.

അവിടെയെത്തിയപ്പോൾ അദ്ധ്യാപികാദ്ധ്യാപന്മാരിൽ നിന്നും വിദ്യാൎത്ഥിസമാജത്തിൽ നിന്നും ഞങ്ങൾക്കു ഹൃദ്യമായ സ്വീകരണം ലഭിച്ചു. എല്ലാ ബാലികബാലന്മാരും വരിവരിയായി നിൽക്കുകയാണ്. എല്ലാവരുടേയും വസ്ത്രങ്ങൾ ഒരേ മാതിരിയിലുള്ളതാണ്. തണുപ്പുകാലങ്ങളിൽ അവൎക്കു ചൂടുള്ള വസ്ത്രങ്ങളും, ചെരിപ്പും നൽകപ്പെടുന്നു. വിദ്യാഭ്യാസത്തിനും താമസത്തിനും എന്തെന്തു് കാൎയ്യങ്ങൾ ആവശ്യമാണോ ഇന്നു് അതെല്ലാം സുലഭമാണ്.

അതാതു വിഷയങ്ങളെ വിദ്യാൎത്ഥികൾക്ക് തൃപ്തികരവും ആകൎഷകവുമാക്കിത്തീൎക്കുക എന്നതാണ് ഇവിടത്തെ അതിപ്രധാനമായ കാൎയ്യം. ലളിത മധുരമായ ഭാഷയിൽ രചിക്കപ്പെട്ട പുസ്തകങ്ങൾ വഴിയായും നാടകങ്ങൾ, സിനിമ മുതലായവ മുഖേനയും വിദ്യാൎത്ഥികൾക്കു ചരിത്രപഠനം സുഖകരമാക്കിത്തീൎക്കുന്നു. നാടകം വിദ്യാൎത്ഥികൾതന്നെ അഭിനയിക്കുകയാണ്. ശാസ്ത്രീയമായ ഗവേഷണങ്ങളിൽ അവരുടെ വികസിച്ചുവരുന്ന ബുദ്ധി പതിയുകയാണെങ്കിൽ പരീക്ഷണശാലകളിൽ അതിനുള്ള സാദ്ധ്യതകളുണ്ട്. കൃഷി, മൃഗസംരക്ഷണം മുതലായ വിഷയങ്ങളിൽ പ്രായോഗികമായ അഭ്യസനം നൽകപ്പെടുന്നു. ബാലപാഠശാലയിലെ ആദ്യത്തെ രണ്ടുകൊല്ലത്തെ പഠനത്തിനുശേഷം അടുത്ത രണ്ടുകൊല്ലക്കാലം അന്താരാഷ്ട്രഭാഷ പഠിപ്പിക്കുവാൻ തുടങ്ങുകയായി. അക്കാലത്തും മററു വിഷയങ്ങൾ മാതൃഭാഷയിൽതന്നെ പഠിപ്പിക്കപ്പെ

ട്ടുന്നുണ്ട്. അന്താരാഷ്ട്രഭാഷ പഠിപ്പിച്ചു തുടങ്ങിയാൽ വിദ്യാർത്ഥികളെ ആ ഭാഷ സംസാരിക്കുന്ന ഹോസ്റ്റലുകളിൽ താമസിപ്പിക്കുന്നു. തന്നിമിത്തം ആ ഭാഷയിൽ നല്ലൊരു പരിജ്ഞാനം കരസ്ഥമാക്കാൻ സാധിക്കുമല്ലൊ?

എന്താണ് ഈ അന്താരാഷ്ട്രഭാഷയെന്നുവെച്ചാൽ? "എസ്പെരെൻേറാ" ഭാഷയുടെ പരിഷ്കരിച്ച ഒരു രൂപമാണിതു്. എസ്പെരെൻേറാ! ഭാഷയിൽ പ്രയോഗിക്കപ്പെട്ടിരുന്ന "ആർട്ടിക്കിൾസ്" മാററിക്കളഞ്ഞു് കേവലം പതിനഞ്ച് നിയമങ്ങൾകൊണ്ടു് ഈ ഭാഷയുടെ വ്യാകരണം പൂർത്തിയാക്കുകയും ചെയ്തു. ലോകത്തിലുള്ള എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു പദ്ധതിയാണ് ഈ ഭാഷയിലൂടെ ആവിഷ്കരിച്ചിട്ടുള്ളതു്. ആദ്യമായിതന്നെ പാലി, പ്രാകൃതം, ജന്ദ്, സംസ്കൃതം മുതലായ പൗരാണിക ഭാഷകളിലെ അന്യോന്യം ഐകരൂപ്യമുള്ള ധാതുക്കളെ ശേഖരിക്കുകയാണ് ചെയ്തതു്. അനന്തരം ഈ ധാതുക്കളെ ഗ്രീക്, ലാററിൻ, ട്യൂട്ടാനിക്, റോമൻ, സ്ലാവ്, കാൾടിക് മുതലായ ഭാഷാധാതുക്കളോടു താരതമ്യംചെയ്തതിനുശേഷം മിക്കഭാഷകളിലുമുൾക്കൊള്ളുന്ന ധാതുരൂപങ്ങൾ മാത്രം തിരഞ്ഞെടുത്തിരിക്കുകയാണ്. ഈ ധാതുരൂപങ്ങളിൽ നിന്നും സംജാതമായിട്ടുള്ള പദങ്ങളാണ് ഇന്നു് അന്തരാഷ്ട്രഭാഷയിലുള്ളതു്. എന്നാൽ, യൂറോപ്യൻ ഭാഷകളിൽ പ്രചുരപ്രചാരത്തിലുണ്ടായിരുന്ന ശാസ്ത്രസംബന്ധമായ പദങ്ങൾതന്നെയാണ് ഇന്നും ഉപയോഗിക്കുന്നതു്. അവയിൽ പറയത്തക്ക യാതൊരു പരിവർത്തനവും വരുത്തിയിട്ടില്ല. ഇന്നെല്ലാവർക്കും, തങ്ങളുടെ രാഷ്ട്രീയാവശ്യങ്ങൾക്കും യാത്രാസൗകര്യങ്ങൾക്കും അന്താരാഷ്ട്രഭാഷ അത്യന്താപേക്ഷിതമാണ്. അതുകൊണ്ടാണ് ബാലപാഠശാലയിൽ തന്നെ പ്രസ്തുത ഭാഷാദ്ധ്യയനം അനിവാര്യമാക്കിയിരിക്കുന്നതു്.

ഹോസ്റ്റലിലേക്കു് ചെന്നപ്പോൾ എല്ലാ വിദ്യാർത്ഥികളും അന്താരാഷ്ട്രഭാഷയിൽ സംസാരിക്കുന്നതായിട്ടാണ് എനിക്കറിയാൻ സാധിച്ചതു്. അവർ എന്നോടുള്ള അഭിനന്ദനം രേഖപ്പെട്ട

ത്തിയതുതന്നെ ആ ഭാഷയിലാണ് എനിക്കതിലെ മിക്ക പദങ്ങളും മനസ്സിലാകാനും സാധിച്ചു എന്നുള്ളതാണ് പരമാർത്ഥം. ലോകത്തിലുള്ള എല്ലാ ഭാഷകളോടും ബന്ധപ്പെട്ടുകിടക്കുന്ന ഒരു ഭാഷയെന്ന നിലക്ക് എല്ലാവർക്കും ഇതു പഠിക്കുവാൻ എളുപ്പമാണത്രെ! ചൈന, ജപ്പാൻ, സയാം, തിബ്ബത്, ബർമ്മ മുതലായ ദേശങ്ങളിൽ ഈ ഭാഷക്ക് സർവ്വതോമുഖമായ പ്രചാരമുണ്ട്. യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ആസ്ത്രേലിയ മുതലായ വൻകരകളിലെ സ്ഥിതിയും ഏതാണ്ടിതുപോലെത്തന്നെയാണ്.

മുൻപ് ഞാൻ പ്രസ്താവിച്ചല്ലൊ, ഇയ്യിടെ നടപ്പിലുള്ള വിദ്യാഭ്യാസപദ്ധതിയുടെ മൗലികമായ അടിസ്ഥാനം, വിദ്യാർത്ഥികളുടെ അഭിരുചിയും അഭിലാഷവുമനുസരിച്ച്, അവരുടെ ബുദ്ധിപരമായ കഴിവനുസരിച്ച് പഠിപ്പിക്കുക എന്നതാണെന്നു്. അതുകൊണ്ട് മനശ്ശാസ്ത്രപരമായ പരീക്ഷണം നടത്തി വിദ്യാർത്ഥികളുടെ അഭിലാഷവും ജിജ്ഞാസയും മനസ്സിലാക്കുന്നു. ആ വഴിക്ക് അവരുടെ ബുദ്ധിമണ്ഡലത്തെ തിരിച്ചുവിടുകയും ചെയ്യുന്നു. രണ്ടു നൂററാണ്ടുകളിലെ അനുഭവം പഠിപ്പിച്ചതു് ഇതാണ് യഥാർത്ഥമായ വിദ്യാഭ്യാസപദ്ധതിയെന്നാണ്. കയറാത്തതിനെ അടിച്ചു കയററിയും ഇഷ്ടമില്ലാത്തതിനെ ശക്തിപൂർവ്വം ഇഷ്ടപ്പെടുത്തിയും നടത്തുന്ന വിദ്യാഭ്യാസപദ്ധതി അടിയോടെ തെററാണെന്നു് തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. പണ്ടുള്ളവരൊക്കെ ആ കുടുക്കിൽപെട്ട് കഴിഞ്ഞിട്ടുള്ളവരാണ്—വിശേഷിച്ചും ഇരുപതാം നൂററാണ്ടിലെ ആളുകൾ അന്നത്തെ വിദ്യാഭ്യാസംകൊണ്ട് പറയത്തക്ക യാതൊരു പുരോഗതിയുമുണ്ടായിട്ടില്ലെന്നു തന്നെയല്ല; ഹൃദയത്തിൽ ഒരു തരം സങ്കുചിത മനോഭാവം കുത്തിവെക്കപ്പെടുകയാണ് ചെയ്തിട്ടുള്ളതു്.

ഇന്നു് എല്ലാ വിഷയങ്ങളും പ്രായോഗിമായിതന്നെ പഠിക്കുന്നതുകൊണ്ട് നല്ല പരിജ്ഞാനം സിദ്ധിക്കുന്നു. ഇന്നു് ബാലപാഠശാലയിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക്, കണക്കിലും സയൻസിലും ഉള്ളത്ര പാണ്ഡിത്യം ഇരുപതാംനൂററാണ്ടിലെ

എം. എ. ക്കാരനുണ്ടായിരിക്കുകയില്ല. സാഹിത്യം, ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങി എല്ലാ വിഷയങ്ങളിലും മേൽപറഞ്ഞ അനുഭവം തന്നെയാണ്. അതിന്ന് തക്കതായ കാരണവുമുണ്ട്. അവരുടെ ദൈനംദിനജീവിതത്തിൽ—സംഭാഷണത്തിലും സംസാരത്തിലും—ഈ കാര്യങ്ങൾ ആവശ്യമായിക്കൊണ്ടിരിക്കുകയാണ്.

20-ാം നൂററാണ്ടിൽ വിദ്യാഭ്യാസപദ്ധതിപ്രകാരം പാഠ്യപുസ്തകങ്ങൾ നിയമപരമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നതുപോലെ ഇന്നൊരു പദ്ധതിയേ ഇല്ല. ഇന്ന്, ഏതേതു പുസ്തകങ്ങൾ പഠിപ്പിക്കണം, ഏതേതു പുസ്തകങ്ങൾ വഴിയാണ് ഓരോ വിദ്യാത്ഥിക്കും വിദ്യാഭ്യാസം സുഖകരമാക്കാൻ സാദ്ധ്യമാകുക എന്നെല്ലാം തീരുമാനിക്കേണ്ടതു അദ്ധ്യാപകനാണ്. ആ അദ്ധ്യാപകനാണ് വിദ്യാത്ഥികളുടെ ദൈനംദിനമെന്നോണം മാറിമാറിക്കൊണ്ടിരിക്കുന്ന ചിന്താഗതിയേയും ആശയാഭിലാഷങ്ങളേയും പററി സസൂക്ഷ്മം നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്നതു്. വിദ്യാത്ഥികളുടെ ഹൃദയത്തിന്റെ ഉള്ളറകളിലേക്കു അവർ എത്തിനോക്കുകയാണ്. അതിലൂടെ അവക്കെല്ലാം അനായാസേന ഗ്രഹിക്കുവാൻ സാധിക്കുന്നു.

തുല്യപ്രകൃതിക്കാരായ വിദ്യാത്ഥികളെ സംഘംസംഘമായി തിരിച്ച്, അവക്കനുയോജ്യമായ വിഷയങ്ങൾ നിരീക്ഷണപടുക്കളായ അദ്ധ്യാപകന്മാർ പഠിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്നാവശ്യമുള്ള എല്ലാ സാമഗ്രികളും ഇന്ന് തയ്യാറാണ് ചുരുക്കത്തിൽ ഇന്നത്തെ വിദ്യാഭ്യാസം മുന്നോട്ട് കുതിച്ചുപായുകയാണ്.

ഞങ്ങൾ വിദ്യാലയത്തിന്റെ എല്ലാ വിഭാഗങ്ങളും സന്ദശിച്ചു. ഏകദേശം 5 ഗ്രാമങ്ങൾ ചേന്നതു വിസ്തൃതിയിൽ വിദ്യാലയം സ്ഥിതിചെയ്യുന്നു. വിദ്യാത്ഥികളുടെ പുസ്തകങ്ങളും മററു ചില സാധനങ്ങളും സൂക്ഷിക്കുന്നതിനുവേണ്ടി വെവ്വേറെ അലമാരികൾ—പഠിക്കാൻ വേറെ വിശാലമായ കെട്ടിടങ്ങൾ—(കെട്ടിടങ്ങളിൽ മുറികളൊന്നുമില്ല) കളിക്കാനും, കുളിക്കാനും, ഓടാനും,

ചാടാനും—എന്തിന്! എല്ലാററിനും പ്രത്യേകം പ്രത്യേകം സൗകര്യങ്ങളുണ്ട്. ശാരീരികമായ ഉന്നമനത്തിൽ എത്രകണ്ട് ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നു് അവരുടെ ശരീരം കാണുമ്പോഠം തന്നെ വ്യക്തമാകും.

ഇന്നു് 14 വയസ്സ് പ്രായമായ ഒരു വിദ്യാർത്ഥിനിക്കുള്ള പരിജ്ഞാനം 20-ാം നൂററാണ്ടിലെ പകുതവന്ന ഒരു സ്ത്രീക്കുണ്ടായിരിക്കുകയില്ല. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികഠക്കാണു് സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, ചികിത്സ എന്നീ വിഷയങ്ങളിൽ കൂടുതൽ അഭിരുചി കാണുന്നതും; അവരാണു് മിക്കവാറും നിപുണരായിത്തീരുന്നതും. ഇന്നു് പെൺകുട്ടികളുടെ പ്രബുദ്ധമായ സ്ഥിതിവിശേഷം കാണുമ്പോഠം അവരിൽ പല ദൌർബ്ബല്യങ്ങളും ദർശിച്ചിരുന്നവരോ; അഥവാ, തീരാദൌർബ്ബല്യങ്ങളുണ്ടെന്നു് വിശ്വസിച്ചിരുന്നവരോ ആയ 20-ാം നൂററാണ്ടിലെ ചില ആളുകളെയാണു് എനിക്കോർമ്മവരുന്നതു്. "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നുപോലും അക്കൂട്ടർ വ്യാഖ്യാനിച്ചുവിട്ടു. ഇന്നു് ആ വക അരോഗ്യകരമല്ലാത്ത അഭിപ്രായങ്ങളെല്ലാം തിരുത്തിയെഴുതപ്പെട്ടിരിക്കുന്നു. ഇക്കാണുന്ന സർവ്വവിധ പുരോഗതികളും പ്രഥമ കാരണം ഈ വിദ്യാഭ്യാസമാണെന്നു് യാതൊരു സംശയവുമില്ല. ഈ വിദ്യാഭ്യാസംകൊണ്ട് ആയിരക്കണക്കിനു ആപത്തുകളുടേയും അസമത്വങ്ങളുടേയും നാരായവേരുതന്നെ അറുത്തു മാററിയിരിക്കുന്നു. പിന്നെന്തുകൊണ്ട് മനുഷ്യലോകം ഭാവനയിലെ പഴയ സ്വർഗ്ഗരാജ്യത്തേക്കാഠം സുന്ദരവും സംപുഷ്ടവുമായിക്കൂടാ.........?

---

4319
L241

# വിദ്യാഭ്യാസപദ്ധതി:—യുവപാഠശാല.

ഞാൻ ദിവസേന വിദ്യാലയത്തിന്റെ ഓരോ ഭാഗവും നിരീക്ഷിച്ചുകൊണ്ടിരുന്നു. അങ്ങിനെ തുടച്ചയായി 12 ദിവസത്തോളം പരിശ്രമിച്ചതിന്റെ ഫലമായി എനിക്കെല്ലാം കണ്ടു മനസ്സിലാക്കാൻ കഴിഞ്ഞു. ശിശുപാഠശാലയിലും ബാലപാഠശാലയിലും ലോകത്തിലുള്ള കാര്യങ്ങളെപ്പററി സമഗ്രമായി മനസ്സിലാക്കുവാൻ സാമാന്യേന എല്ലാ വിഷയങ്ങളും അദ്ധ്യയനം നടത്തേണ്ടതായിരിക്കുമ്പോൾ യുവപാഠശാലയിൽ അങ്ങിനെയൊന്നുമല്ല ഓരോ വിദ്യാർത്ഥിക്കും ഏതേതു വിഷയങ്ങളാണോ പ്രത്യേകം രുചികരമായിതോന്നുന്നതു്, ആ വിഷയങ്ങളിൽ ഗഹനമായി അദ്ധ്യയനം നടത്തപ്പെടുന്നു. അതിന്റെ ഫലമായി വിദ്യാർത്ഥികൾക്കു ഓരോ വിഷയത്തിലും വേണ്ടത്ര പ്രാവീണ്യം നേടാൻ സൗകര്യം സിദ്ധിക്കുന്നു

യുവപാഠശാലയിൽതന്നെ പലപല ശാഖകളുമുണ്ടു്. ആകെ പതിനഞ്ചു് വിദ്യാലയങ്ങളായി തരം തിരിച്ചിരിക്കുകയാണു്.

ഭാഷാശാസ്ത്രം, വാനശാസ്ത്രം, തത്വശാസ്ത്രം, സയൻസ്, സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, വാസ്തുകല (Civil Engineering) ആയുർവ്വേദം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, കൃഷി മുതലായി ഓരോന്നിനും പ്രത്യേകം വിദ്യാലയമാണുള്ളത്. ഓരോ വിഷയത്തിലും അഗാധമായ പ്രാഗൽഭ്യം നേടിയിട്ടുള്ള പണ്ഡിതശ്രേഷ്ഠന്മാരാണ് അദ്ധ്യാപകന്മാർ

ഭാഷാശാസ്ത്രവിദ്യാലയത്തിൽ ചരിത്രരേഖകൾ കണ്ടെടുത്ത് അവയെപ്പററി അതിഗഹനമായ നിരീക്ഷണം നടത്താനുമുള്ള സമ്പ്രദായങ്ങളാണ്. പഠിപ്പിക്കുന്നത്. പൗരാണിക ഭാഷയെ അതർഹിക്കുന്ന ഗൗരവത്തിൽ എടുത്തു അതിൻെറ അജ്ഞാതമായ രഹസ്യത്തിൽ പ്രകാശം പരത്തുകയും ചെയ്യുന്നു ഇപ്പോൾ ഭൂമിയുടേയും സമുദ്രത്തിൻേറയും അടിയിൽനിന്നും ധാരാളം പ്രാചീന വസ്തുക്കൾ ലഭിച്ചിട്ടുണ്ട്. അതിപ്രാചീനരായ മനുഷ്യരുടെ മതം, ജീവിതരീതി, ചരിത്രം മുതലായവയിൽ വേണ്ടത്ര പ്രകാശം പരന്നിട്ടുണ്ട്. ഇന്ത്യ, ഈജിപ്ത്, ഇറാൻ, മെക്സിക്കോ, ബ്രസീൽ മുതലായ അനേകം നാടുകളിലെ പ്രാചീന സംസ്കാരത്തിൻെറ ധാരാളം തെളിവുകൾ കണ്ടുകിട്ടിയിരിക്കുന്നു രാഷ്ട്രം ഇന്നേവരെ ഈ സാമഗ്രികൾ നേടുവാൻ യാതൊരു വൈമനസ്യവും പ്രകടിപ്പിച്ചിട്ടില്ല പഴയപഴയ അവശിഷ്ടങ്ങളെ കുഴിച്ചെടുക്കുവാനും അങ്ങിനെ ലഭിക്കുന്ന പദാർത്ഥങ്ങളെ സുരക്ഷിതമായി വെക്കുവാനും വേണ്ടി ലക്ഷക്കണക്കിനാളുകൾ പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, ആയിരക്കണക്കിന് ഗവേഷണവിദഗ്ദ്ധന്മാർ ആ പദാർത്ഥങ്ങളിൽ അന്തർലീനമായി കിടക്കുന്ന രഹസ്യത്തെ കണ്ടുപിടിക്കുവാൻ അവിശ്രമം പരിശ്രമിക്കുകയാണ്. ഇന്ത്യയുടെ സംസ്കാരത്തെപ്പററിയും അതിൻെറ സുദീർഘമായ ചരിത്രത്തെപ്പററിയും വിപുലമായ പരിജ്ഞാനം നേടുന്നതിനുവേണ്ടി മദ്ധ്യേഷ്യ, തിബ്ബത്, ജാവ, ബാലി, സയാം, സുമാട്രാ, സിലോൺ മുതലായ സ്ഥലങ്ങളിൽ ഗവേഷണം ആരംഭിച്ചിരിക്കുന്നു. ഈ മഹത്തായ പ്രവൃത്തനത്തിനുവേണ്ടി നളന്ദാസർവ്വകലാശാല വഹിച്ചിട്ടുള്ള പങ്ക് എന്നുമെന്നും അനു

മോദനാർഹമായിട്ടാണിരിക്കുന്നത്. ഭാഷാശാസ്ത്രവിദ്യാലയത്തോട നുബന്ധിച്ച് പ്രാചീന വസ്തുസംരക്ഷണകേന്ദ്രമുണ്ട്. അതിൽ ഇന്ത്യയിലെയെന്നല്ല, ഈജിപ്റ്റ്, മെക്സിക്കോ രാജ്യങ്ങളിലെ ചരിത്ര രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ, ലോകത്തിലുള്ള എല്ലാ സംരക്ഷണകേന്ദ്രങ്ങളിലും സൂക്ഷിച്ചിട്ടുള്ള വസ്തുക്കളുടെ മാതൃകയുമുണ്ട്. ഏററവും രസകരമായിട്ടുള്ള ഒരു കാര്യംകൂടിയുണ്ട് ആ കേന്ദ്രത്തിൽ നളന്ദാ സർവ്വകലാശാലയുടെ പ്രാചീനരേഖകൾ തന്നെ അനവധിയുണ്ട്. ഇവിടത്തെ ചരിത്രപരമായ ഗവേഷണങ്ങൾക്ക വേണ്ടി മറുനാടുകളിലേക്ക് കൊണ്ടുപോയിരുന്ന വസ്തുക്കളെല്ലാം തിരിച്ച് കിട്ടിയിട്ടുണ്ട്. അങ്ങിനെ ചരിത്രാതീത കാലഘട്ടം മുതൽ നാളിതുവരെയുള്ള എല്ലാ കാര്യങ്ങളെപ്പററിയും വസ്തുനിഷ്ഠമായി അപഗ്രഥനം ചെയ്ത് അദ്ധ്യയനം നടത്തുകയാണ്. എല്ലാം കൊണ്ടും ഇന്ന് ഭാഷാദ്ധ്യയനം സുഖകരമായിത്തീർന്നിരിക്കുന്നു.

വാനശാസ്ത്രവിദ്യാലയത്തെപ്പററിയാണ് ഇനി കൂടുതലായി പറയാനുള്ളത്. ആ വിദ്യാലയത്തോടനുബന്ധിച്ച് ഒരു വലിയ ഗ്രഹനിരീക്ഷണകേന്ദ്രവും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഒരുയന്ന കുന്നിലാണതു സ്ഥിതിചെയ്യുന്നത്. ഈ നിരീക്ഷണകേന്ദ്രത്തിൽ അനേകം ദൂരദർശിനിക്കുഴലുകളുണ്ട്. അവയിലൊന്ന് ലോകത്തിലെ ഏററവും വലിയ ദൂരദർശിനിക്കുഴലുകളിൽ പെട്ടതായി ഗണിക്കപ്പെടുന്നു. ആ വലിയ കുഴലിലൂടെ വീക്ഷിക്കുമ്പോൾ സാധാരണ നമ്മുടെ ദൃഷ്ടിക്കു ഗോചരമായിത്തീരുന്ന ഗ്രഹങ്ങളുടെ രൂപം ലക്ഷക്കണക്കിനു് ഇരട്ടിയായി കാണപ്പെടുന്നു. ഇതുപോലെതന്നെയാണ് വർണ്ണനിരീക്ഷണയന്ത്രവും (Spectroscope) ഇതുമൂലം ചൊവ്വാഗ്രഹത്തെപ്പററി ഇന്ന് വേണ്ടത്ര പരിജ്ഞാനം കിട്ടിക്കഴിഞ്ഞിരിക്കുന്നു. ഇക്കാര്യത്തിൽ വയർലസ് പ്രവർത്തനം പ്രത്യേകം ഫലപ്രദമായിത്തീർന്നിട്ടുണ്ട്.

ഭൂമണ്ഡലത്തിൽ ഒരു സ്ഥലത്തുനിന്നും ഇതരസ്ഥലങ്ങളിലേക്കും സംഭാഷണം നടത്തുന്നതുപോലെ സുഗ്രഹമായിത്തീർന്നിരിക്കുകയാണ്; ഇന്നു ചൊവ്വയിലെ കാര്യങ്ങൾ അറിയുവാൻ. ആദ്യ

മാത്യം ചൊവ്വാഗ്രഹത്തിലുള്ളവരോട്ട സംസാരിച്ചപ്പോഠം അവരു ടെ ഭാഷ മനസ്സിലാക്കുവാൻ സാരമായ ക്ലേശങ്ങഠം സഹിക്കേണ്ടി വന്നു. പക്ഷെ, പതുക്കെപ്പതുക്കെ ആ ബുദ്ധിമുട്ട് നീങ്ങുകയും ചെയ്തു.

ഇന്നു', അസഹ്യമായ ചൂടും, ജലദാരിദ്ര്യവും ചൊവ്വാക്കാരു ടെ ജീവിതത്തെയാകമാനം ബാധിക്കുന്ന പ്രശ്നങ്ങളായിത്തീൎന്നിരി ക്കുകയാണ്. അതിനൊരു നിവാരണം കണ്ടുപിടിക്കുവാൻ അവർ അനവരതം പരിശ്രമിക്കുന്നുണ്ടത്രെ! പലതരത്തിലുള്ള അസൌക സൎയ്യങ്ങഠം കാരണം ഈ ഗ്രഹമുപേക്ഷിച്ച് മറെറാരു ഗ്രഹത്തി ലേക്കു പോകുവാൻ അവർ ഗവേഷണം നടത്തിതുടങ്ങിയിട്ടുണ്ട്. പക്ഷെ, അതിനുള്ള മാർഗ്ഗങ്ങളെല്ലാം തെളിഞ്ഞുകഴിഞ്ഞിട്ടില്ലത്രെ അതിനുവേണ്ടി ഭൂമിയിലുള്ള ശാസ്ത്രജ്ഞന്മാരും പ്രവൎത്തനമാരംഭിച്ചി ട്ടുണ്ട്. ഏതായാലും വേഗത്തിൽതന്നെ തെളിഞ്ഞ സാദ്ധ്യതകഠം കൈവരാതിരിക്കുകയില്ല ആസന്നഭാവിയിൽതന്നെ ഒരു ഗ്രഹ ത്തിൽനിന്നും മറെറാരു ഗ്രഹത്തിലേയ്ക്കു യാത്രചെയ്യാൻ എളുപ്പ ത്തിൽ സാധിക്കുമെന്നു ചിലർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അങ്ങിനെയാകുമെങ്കിൽ, നമ്മുടെ ജീവിതരീതിയിലും സാഹോദൎയ്യ ഭാവത്തിലും കെട്ടുറപ്പുള്ള ഒരു സ്ഥിതി സംജാതമാകാതിരിക്കുക യില്ല. ഓരോ ഗ്രഹവും തണുത്തുതുടങ്ങുമ്പോഠം ജനങ്ങഠംക്കു ങ്ങോട്ടു പോകാൻ സാധിക്കുമെങ്കിൽ... ...!

ഇനി ഫിലോസഫി (തത്വശാസ്ത്രം) വിദ്യാലയമാണ്. വാന ശാസ്ത്രവിദ്യാലയത്തിൽനിന്നു് ഏകദേശം രണ്ടുനാഴിക പിന്നി ലോട്ടു മാറി സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം ലോകത്തിലുള്ള സൎവ്വവിധ തത്വശാസ്ത്രങ്ങളുടേയും അദ്ധ്യയനാദ്ധ്യാപനകേന്ദ്രമാണ്'. ആചാൎയ്യ വസിഷ്ഠൻ ഈ വിഷയത്തിൽ അനന്യസാധാരണമായ പാണ്ഡിത്യം നേടിയിട്ടുള്ള ഒരാളാണ്. അദ്ദേഹത്തിൻെറ സമയ ത്തിലധികവും ഏതൻവിഷയത്തെപ്പററിയുള്ള അഗാധമായ പരി ചിന്തനത്തിലും അഭൂതപൂൎവ്വമായ അദ്ധ്യാപനത്തിലും കഴിയുക

യാണ്. ഈ വിദ്യാലയത്തിൽ അന്യനാടുകളിൽനിന്നു് അസംഖ്യം വിദ്യാർത്ഥികൾ വന്നു പഠിയ്ക്കുന്നുണ്ട്.

എല്ലാ വിഷയങ്ങൾക്കും വെവ്വേറെ വിദ്യാലയങ്ങളാണെന്നു ഞാൻ പ്രസ്താവിച്ചു കഴിഞ്ഞല്ലോ. ഓരോ വിദ്യാലയവും ഒന്നിനോടൊന്നു അകന്നു് ദൂരെയാണ് സ്ഥിതിചെയ്യുന്നതു്. അവയ്ക്കിടയിലായി കായ്കനിത്തോപ്പുകളോ പുൽമൈതാനങ്ങളോ നീണ്ടുകിടക്കുന്നുണ്ടായിരിക്കും. ഓരോ വിദ്യാലയത്തിലും ഗ്രന്ഥാലയവും മററു ആവശ്യമുള്ള സാമഗ്രികളുമുണ്ടായിരിക്കും. വിദ്യാഭ്യാസപ്രചരണം സിദ്ധിക്കാനുതകുന്ന പലതരം പദ്ധതികളും ആവിഷ്കരിയ്ക്കപ്പെട്ടിട്ടുണ്ട്. ഇനി ഹോസ്റ്റലുകളാണ്. ഓരോ വിദ്യാലയത്തിന്നും അടുത്തടുത്തായിട്ടാണ് അവ സ്ഥിതിചെയ്യുന്നതു്. വിദ്യാത്ഥികളും വിദ്യാത്ഥിനികളും ഒരുമിച്ചുതന്നെയാണ് താമസിക്കുന്നതു്. അവിടെ പുരുഷനും സ്ത്രീയും തമ്മിലും വ്യത്യസ്ത മനോഭാവംതന്നെ തീരെയില്ല.

നിശ്ചിതമായ വിദ്യാഭ്യാസം പൂത്തിയാക്കിയതിനുശേഷം വീണ്ടും ഉപരിപഠനം നടത്തുന്നവരിൽ ഇന്ത്യക്കാരോടൊപ്പം തന്നെ സിലോൺ, ബമ്മ, സയാം, ജാവ, ചൈന, ജാപ്പാൻ, തിബത് മുതലായ രാജ്യങ്ങളിലെ ധാരാളം വിദ്യാർത്ഥികളുമുണ്ട്. മേൽപറഞ്ഞ രാജ്യങ്ങളിലെ പരാഗതശ്രേഷ്ഠന്മാരിലധികവും നളന്ദാസർവ്വകലാശാലയിൽ അദ്ധ്യയനംനടത്തിയവരാണ്. ഇവിടത്തെ വിദ്യാർത്ഥികളായിരുന്നിട്ടില്ലാത്തവർ ലോകത്തിന്റെ ഏതു ഭാഗത്തു നോക്കിയാലും വളരെ അപൂവ്വമായിട്ടേ കാണപ്പെടുകയുള്ളുവെന്നു തന്നെ പറയാം.

# ഭരണസമ്പ്രദായം.

ഇന്നത്തെ ഭരണസമ്പ്രദായങ്ങളെക്കുറിച്ച് വിശദമായ വിവരങ്ങൾ അറിയാനെനിക്കു ആഗ്രഹമുണ്ടായി അതിനുവേണ്ടി വിശ്വാമിത്രൻ എന്നെ സഹായിക്കുകയും ചെയ്തു. ഇതുവരെ പ്രസ്താവിച്ചതിൽനിന്നും ഇന്നു' സമത്വസുന്ദരമായ ഒരു വ്യവസ്ഥിതിയാണ് നടപ്പിലിരിക്കുന്നതെന്നു് മനസ്സിലാക്കിയിരിക്കുമല്ലോ? മതത്തിൻെറ പേരിൽ, ജാതിയുടെ പേരിൽ, നിറത്തിൻെറ പേരിൽ, പണത്തിൻേറയും പ്രതാപത്തിൻേറയും പേരിൽ, നടമാടിക്കൊണ്ടിരുന്ന അന്ധമായ അനീതികളും അതിൻെറ ഫലമായി അധഃപതനത്തിൻെറ അത്യഗാധതയിൽപെട്ട് ആജീവനാന്തം നരകിയ്ക്കുന്ന അനേകലക്ഷം മനുഷ്യരുടെ അവശസ്ഥിതികളൊന്നും ഇന്നില്ല. "തുല്യമായ അദ്ധ്വാനവും തുല്യമായ ഉപഭോഗവും—" ഇന്നു് ലോകത്തിൻെറ മുൻപിലുള്ള തത്വമാണിതു്. ഇന്നു് രാജാവും പ്രജയുമില്ല; പണക്കാരനും പാവപ്പെട്ടവനുമില്ല; ഉയന്നവനും താഴ്ന്നവനുമില്ല. എല്ലാവരും സമന്മാരാണ്. എല്ലാം ഒരു കുടുംബം;

ലോകത്തിലുള്ള സ്ഥാവരജംഗമസ്വത്തുക്കളെല്ലാം ആ കുഡുംബത്തിൻെറ സമ്പത്താണ്. ദൈനംദിനാവശ്യങ്ങളെ യഥായോഗ്യം നിർവഹിക്കുന്നതിനുവേണ്ടി ആ കുഡുംബത്തിലുള്ള എല്ലാവരും അദ്ധ്വാനിക്കുന്നു. കുറഞ്ഞതോതിലുള്ള അദ്ധ്വാനംകൊണ്ട് കൂടുതലുൽപാദനമുണ്ടാക്കാനാണ് അവർ പരിശ്രമിക്കുന്നത്. അദ്ധ്വാനസമയം നാലുമണിക്കൂറാക്കാൻ അവക്കിന്നു് സാധിച്ചിട്ടുണ്ട്. എല്ലാം യന്ത്രവൽക്കരിക്കപ്പെട്ടപ്പോൾ അവരുടെ അദ്ധ്വാനം കുറഞ്ഞുകുറഞ്ഞു വരികയാണ്. മുൻപും യന്ത്രങ്ങളുണ്ടായിരുന്നില്ലേ? തൊഴിൽവികേന്ദ്രീകരണമുണ്ടായിരുന്നില്ലേ? എല്ലാമുണ്ടായിരുന്നു. പക്ഷെ, ഇന്നു് മുൻപത്തേക്കാൾ വിപുലമായ രീതിയിലാണ് പ്രയോഗിക്കുന്നതെന്നു് മാത്രം; അന്നു് ഭരണകാര്യങ്ങളിൽ വിദ്ധ്വംസനപ്രവത്തനങ്ങൾക്കാണ് കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നത്. ഒരു യുദ്ധമുണ്ടാകുമ്പോൾ അതിൻെറ സവ്വവിധ സംഹാരരൂപവും ഗവർമ്മെണ്ട് കൈക്കൊണ്ടിരുന്നു ഇന്നോ; അതെല്ലാം എങ്ങോപോയ് മറഞ്ഞു. എങ്ങും നവീനമായ പരിവത്തനപ്രവണതകൾ സ്ഥലംപിടിച്ചിരിക്കുന്നു.

ഞാനിനി ഭരണരീതിയെപ്പററി അല്പമൊന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഗ്രാമഭരണരീതിയാണ് ഇന്നു അന്താരാഷ്ട്രഭരണത്തിൻെറ അടിസ്ഥാനമെന്നുവേണം പറയുവാൻ. അതിൻെറ വികസിച്ച രൂപമാണ്. അന്താരാഷ്ട്രഭരണം തന്നെ. ഗ്രാമഭരണസഭ, ജില്ലാഭരണസഭ, സാംസ്ഥാനികഭരണസഭ, രാഷ്ട്രഭരണസഭ, അന്തർരാഷ്ട്രഭരണസഭ—അങ്ങിനെ അഞ്ചു വിഭാഗങ്ങളിലായി ഭരണചക്രം തിരിയുകയാണ്.

ഗ്രാമസഭയിലേയ്ക്കു (പഞ്ചായത്തു) അതിൻെറ കീഴിലുള്ള പ്രദേശങ്ങളിലെ ജനസംഖ്യയനുസരിച്ച് നൂററുക്കു ഒരാളെ വീതം തിരഞ്ഞെടുക്കാനുള്ള അധികാരമുണ്ട്. അതായത്, ഏതെങ്കിലും ഗ്രാമത്തിൽ 5,000 ജനസംഖ്യയുണ്ടെങ്കിൽ അവിടത്തെ ഗ്രാമസഭയിൽ 50 പ്രതിനിധികളുണ്ടായിരിക്കും. മാനസികമായോ, ശാരീ

രികമായോ വൈകല്യങ്ങളുള്ളവരൊഴികെ (അങ്ങിനെയുള്ളവർ 99 ശതമാനവും കാണുകയില്ല) ഗ്രാമത്തിലുള്ള ഓരോ സ്ത്രീക്കും പുരുഷനും വോട്ടുചെയ്യുവാനും തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനും തുല്യാധികാരമുണ്ട്. ഈ സഭ അതിൻെറ പ്രസിഡണ്ടിനേയും 16 മെമ്പർമാരുള്ള പ്രവത്തകസമിതിയേയും തിരഞ്ഞെടുക്കുന്നു. ഈ പ്രവത്തകസമിതിയുടെ കയ്യിലാണ് ഗ്രാമത്തിലെ സകലവിധ കാര്യങ്ങളും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതു്. ഞാൻ മുൻപ് പ്രസ്താവിച്ചിട്ടുണ്ട്, നൂറു വീടുകൾ ചേന്ന ഓരോ "വിഭാഗ"ത്തിൽനിന്നും ഓരോ പ്രതിനിധിയെ തിരഞ്ഞെടുക്കാറുണ്ടെന്നു്. പ്രവത്തകസമിതിയുടെ ഉപദേശമനുസരിച്ച് ഓരോ വിഭാഗത്തിനും ആവശ്യമുള്ള കാര്യങ്ങളൊക്കെ പ്രവത്തിക്കുന്നതു് ഈ പ്രതിനിധികളാണു്. ഗ്രാമത്തിലെ ഓരോ ഉദ്യോഗസ്ഥാനത്തേയ്ക്കും—ഡോക്ടർ, സൂതികമ്മണി, ഗ്രന്ഥശാല പ്രസിഡണ്ട്, ഭക്ഷ്യവിഭാഗ പ്രസിഡണ്ട്—അങ്ങിനെ ഓരോരുത്തരേയും നിയമിക്കുന്നതു ഈ പ്രവത്തകസമിതിയാണ്. ഈ ഭരണസഭയുടെ കാലാവധി 3 വഷമാണ്. അന്തർരാഷ്ട്രഭരണസഭവരെ ഈ കാലാവധിതന്നെയാണ്. എന്നാൽ ഉദ്യോഗസ്ഥന്മാക്കാക്കും, ജനസമ്മതിയുള്ളപക്ഷം, അവരുടെ ജോലിയിൽനിന്നും വിരമിയ്ക്കേണ്ടയാവശ്യമില്ല.

അടുത്തതു് ജില്ലാഭരണസഭയാണ്. 20,000 ആളുകളിൽനിന്നാണ് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നതു്. ഉദാഹരണത്തിന് "പാട്ന"ജില്ലയെടുക്കുക. അവിടെ 10 ലക്ഷം ജനങ്ങളാണുള്ളതു്. 50 പ്രതിനിധികളാണ് ജില്ലാഭരണസഭയിലുള്ളതു്. അഞ്ചു പ്രതിനിധികളിൽ നിന്നും ഒരു പ്രവത്തകസമിതി മെമ്പർ വീതം തിരഞ്ഞെടുക്കപ്പെടുന്നു. അങ്ങിനെ നോക്കുമ്പോൾ അവിടത്തെ പ്രവത്തകസമിതി മെമ്പർമാർ 10 പേരാണ്. അവരെ താഴെ കൊടുത്തിരിക്കുന്ന വിഭാഗങ്ങൾ ചുമതലപ്പെടുത്തിയിരിക്കുന്നു.

1. വിദ്യാഭ്യാസം.
2. ആരോഗ്യം.

3. സമാധാനം; ന്യായം.

4. സാമ്പത്തികം.

5. അടുത്തടുത്ത ജില്ലകളും സംസ്ഥാനങ്ങളുമായി കൊള്ളലും കൊടുക്കലും.

6. കൃഷി.

7. യന്ത്രങ്ങൾ, ഗൃഹങ്ങൾ മുതലായവയുടെ നിമ്മാണവും കേടുപാടുകൾ തീക്കലും.

8. തപാൽ, കമ്പി, തീവണ്ടി, വിമാനം.

9 പ്രാചീന വസ്തുസംഭരണം.

10 പ്രസ്സ്.

തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ അയോഗ്യരാണെന്നു് തെളിയുന്നപക്ഷം, അവരെ ആ സ്ഥാനത്തുനിന്നും ഒഴിവാക്കി വേറെ പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള പരമാധികാരം ജനങ്ങൾക്കുണ്ടു്. മൂന്നു കൊല്ലത്തെ കാലാവധി കഴിയുമ്പോൾ ഭരണസഭ പിരിച്ചുവിടുമെങ്കിലും മേൽപറഞ്ഞ വിഭാഗങ്ങളിലേയ്ക്കു നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ പ്രവൃത്തി തുടന്നു കൊണ്ടിരിക്കും.

മേൽപറഞ്ഞ വിഭാഗങ്ങളിൽ മൂന്നാംഭാഗത്തെപ്പററി ചെറിയൊരു വിവരണം നൽകണമെന്നുണ്ടു്. കുററക്കാരെ പിടിച്ചു കഴിഞ്ഞാൽ സാക്ഷികളോടൊപ്പം ന്യായാലയത്തിലേയ്ക്കു കൊണ്ടുപോകുന്നു. അവിടെ പക്ഷമതികളായ രണ്ടു ജഡ്ജിമാരൊഴികെ വക്കീൽമാരോ ശിരസ്തദാർമാരോ ഉണ്ടായിരിക്കുകയില്ല. ഇന്നത്തിനെയുള്ള ഉദ്യോഗസ്ഥന്മാർതന്നെയില്ല. ജഡ്ജിമാർ വാദികളുടേയും പ്രതികളുടേയും വിവരണങ്ങൾ വിശദമായി കേട്ടു് കൂലങ്കഷമായി ചിന്തിച്ചതിനുശേഷം ന്യായമായ തീപ്പു് കല്പിക്കുന്നു. അഹിക്കുന്ന ഗൗരവത്തോടെ കുററക്കാരെ ഏതെങ്കിലും ജനശൂന്യമായ ദ്വീപിലേക്കു നാടുകടത്തി ചികിത്സിക്കുകയോ, അല്ലെങ്കിൽ

സാംസ്ഥാനിക ജയിലിലേയ്ക്കു പറഞ്ഞയയ്ക്കുകയോ ചെയ്യും. ഇന്നു അപരാധികളെ മർദ്ദിക്കുകയോ, ജീവപര്യന്തം നാടുകടത്തുകയോ മരണശിക്ഷക്ക് വിധേയരാക്കുകയോ ചെയ്യുന്നില്ല. അപരാധികളുടെ സ്വഭാവത്തിൽ പരിവർത്തനംവരുത്താൻവേണ്ട ചികിത്സകളം നടത്തുന്നു. കാര്യക്ഷമമായ വിദ്യാഭ്യാസം നൽകുന്നു. അവരെക്കൊണ്ടു സമുദായത്തിന് മേലിൽ യാതൊരു ദോഷവുമുണ്ടാകുകയില്ലെന്നു് തീർച്ചയായാൽ വീണ്ടും പൂർവ്വസ്ഥാനത്തേയ്ക്കു പറഞ്ഞയയ്ക്കുകയും ചെയ്യുന്നു.

ഇനി, സാംസ്ഥാനികഭരണസഭയാണ്. രണ്ടുലക്ഷം ജനങ്ങളിൽനിന്നും ഓരോ പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു. ജില്ലാപ്രവർത്തനങ്ങളിൽ പെട്ട വിഭാഗങ്ങളുടെ കുറച്ചുകൂടി വിസ്തൃതമായ പ്രവർത്തനമാണ് ഇതിലുള്ളതു്.

അടുത്തതു് രാഷ്ട്രഭരണസഭയാണ്. 10 ലക്ഷം ജനങ്ങളിൽനിന്നും ഓരോ പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു. ഇന്നു് ഇന്ത്യയിൽ 20 കോടി വോട്ടധികാരമുള്ളവരും ബാക്കി 5 കോടി ഇരുപതുവയസ്സിനു താഴെയുള്ളവരും വിദ്യാർത്ഥിജീവിതത്തിൽനിന്നു് ഇനിയും വിരമിച്ചിട്ടില്ലാത്തവരുമാണ്. ഇവിടെയും മുകളിൽ പ്രസ്താവിച്ച 10 വിഭാഗങ്ങളും അവയ്ക്കു പത്തു മന്ത്രിമാരുമാണുള്ളതു്. പ്രവർത്തനപരിധി കുറേകൂടി വിസ്തൃതമായിരിക്കുമെന്നല്ലാതെ വിഭാഗങ്ങൾക്കു വ്യത്യാസമൊന്നുമില്ല.

അവസാനമായി അന്താരാഷ്ട്രഭരണസഭയാണ്. 50 ലക്ഷം ജനങ്ങളിൽനിന്നും ഓരോ പ്രതിനിധി വീതം തിരഞ്ഞെടുക്കപ്പെടുന്നു ഇന്നു ലോകത്തിൽ 188 കോടി ജനങ്ങളാണുള്ളതു്. അവരിൽ 38 കോടി വിദ്യാർത്ഥികളും ബാക്കി 150 കോടി വോട്ടധികാരമുള്ളവരുമാണ്. അന്താരാഷ്ട്രഭരണസഭയിലെ 300 പ്രതിനിധികളിൽ 40 പേർ ഇന്ത്യയിൽനിന്നു് തിരഞ്ഞെടുക്കപ്പെടുന്നു. ഇതിൻെറ കീഴിൽ 15 വിഭാഗങ്ങളാണ്; ഓരോ വിഭാഗത്തിനും മന്ത്രിമാരെ നിയമിക്കുന്നു.

തെക്കെ അമേരിക്കയുടെ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് ബ്രസീൽ. അവിടെ പ്രകൃതിയുടെ മടിത്തട്ടിൽ കിടന്നു് പൊട്ടിച്ചിരിച്ചൊഴുകുന്ന ഒരു നദിയുണ്ടു്—ഓറഞ്ചുനദി. ഈ നദിയുടെ തീരത്തായി, തികച്ചും ഭൂമദ്ധ്യരേഖയിൽതന്നെയാണ്. ഇവിടെയാണ് അക്ഷാംശരേഖ ശൂന്യമായി കണക്കാക്കപ്പെടുന്നതു്—അന്താരാഷ്ട്രഭരണസഭാമന്ദിരം സ്ഥിതിചെയ്യുന്നതു്. അവിടെ ഒരു നഗരം സ്ഥാപിതമായിട്ടു് 100 വഷം കഴിഞ്ഞിരിക്കുന്നു. സ്ഥാപിതമായതു മുതൽ ഒരു പുതുവത്സരദിനമാരംഭിക്കുകയും ചെയ്തു; ഇന്നു് സാവ്വഭൗമി സംവത്സരം—(International) എന്ന പേരിലറിയപ്പെടുന്നു. എല്ലാ പ്രതിനിധികളും കാലാവധി അവസാനിക്കുന്നതുവരെ "അന്തരാഷ്ട്നഗര"ത്തിൽ തന്നെയാണ് താമസിക്കുന്നതു്. എല്ലാ എഴുത്തുകുത്തുകളും അന്താരാഷ്ട്രഭാഷയിൽ തന്നെ നടത്തുന്നു. ഈ നഗരത്തിലാകെ 50,000 ജനങ്ങൾ താമസിക്കുന്നുണ്ടു്: ഇവരെല്ലാവരും ഉദ്യോഗസ്ഥന്മാരാണ്. എല്ലാ നാട്ടുകളിൽനിന്നും വന്നിട്ടുള്ളവരാണിവർ, അന്താരാഷ്ട്രഭരണസഭയുടെ ചുമതലയിൽപെട്ട വിഭാഗങ്ങൾ താഴെ കൊടുക്കുന്നു:—

1. വിദ്യാഭ്യാസം.
2. ആരോഗ്യം.
3. സമാധാനം.
4. സാമ്പത്തികം.
5. ഉൽപാദനവിനിമയം.
6. കൃഷി.
7. ശില്പവ്യവസായം.
8. യന്ത്രം.
9. വീട്-വഴി-നിമ്മാണം.
10. കമ്പിത്തപാൽ.
11. തീവണ്ടി, വിമാനം.
12. പ്രസ്സ്.

13. ജനനനിയന്ത്രണം.
14. പ്രാചീന വസ്തുസംഭരണം.
15. ശാസ്ത്രീയ ഗവേഷണങ്ങൾ.

ജനനനിയന്ത്രണം നടപ്പിലാക്കാൻവേണ്ടി പരിശ്രമം തുടങ്ങിയിട്ട് രണ്ടു നൂററാണ്ടുകളായി. അതിൽ തികച്ചും വിജയം കൈവരിക്കുകയും ചെയ്തു. രണ്ടുദ്ദേശങ്ങളെ മുൻനിത്തിയാണ് ഈ പ്രവൎത്തനം ആരംഭിച്ചത്. ഒന്നാമതായി, ജനസംഖ്യാവൎദ്ധനവിനെ തടയുക; രണ്ടാമതായി ചിരകാലമായി രോഗികളായിരിക്കുന്നവരിൽ നിന്നും സന്താനോൽപാദനം നിരോധിക്കുക. ഇന്ന് ക്ഷയം, കുഷ്ഠം, മുതലായ മഹാവ്യാധികളൊന്നും സമുദായത്തിൽ കാണാത്തതിൻെറ പ്രധാന കാരണം തന്നെ ഇതാണ്. ലോകത്തിലുള്ള ഉല്പാദനവും ഉപഭോഗവും തമ്മിൽ തിട്ടപ്പെട്ടുത്തിനോക്കിയപ്പോൾ 180-ൽ പരം കോടി ജനങ്ങൾക്ക് സുഖമായി ജീവിക്കാനുള്ള സാദ്ധ്യതയുണ്ടെന്നു മനസ്സിലായി. മരിക്കുന്നവരുടെ സംഖ്യയും ഉൽപ്പാദനവസ്തുക്കളുടെ നിലവാരവുംവെച്ച് നോക്കിയപ്പോൾ ഇന്നുള്ളതിൽ കവിഞ്ഞു് ജനസംഖ്യ വൎദ്ധിക്കുകയാണെങ്കിൽ ഉൽപ്പാദനപദാൎത്ഥങ്ങൾ മതിയാകുകയില്ലെന്നു കണ്ടു. അതുകൊണ്ട്, ഓരോ ദമ്പതിമാരും സന്താനോൽപ്പാദനത്തിൽ വളരെ ശ്രദ്ധിച്ചാൽ, അവൎക്ക് രണ്ടോ മൂന്നോ കുട്ടികൾ മാത്രമുണ്ടാകുകയാണെങ്കിൽ, ജനസംഖ്യാവൎദ്ധനവുണ്ടാകുകയില്ല; ഉൽപ്പാദനത്തിൻെറ ശരിയായ ഉപഭോഗം നടത്തുകയും ചെയ്യാം. ഉപഭോഗപദാൎത്ഥങ്ങളിൽ യാതൊരു കമ്മിയും ഉണ്ടാകുകയില്ല. അതുകൊണ്ട് ബീജസംക്രമണശക്തിയെ നശിപ്പിക്കുകയാണ് ചെയ്യുന്നതു്. ജനങ്ങളിതു് ഇഷ്ടപ്പെടുകയും ചെയ്യുന്നു. വാൎദ്ധക്യജീവിതം സുഖമയമാക്കിത്തീൎക്കാനുള്ള അഭിവാഞ്ചയോടെ സന്താനോൽപ്പാദനത്തിൽ കൂടുതൽ ആസക്തിയുളവാക്കുന്ന സമ്പ്രദായം ഇന്നു് അനാവശ്യമായിത്തീൎന്നിരിക്കുകയാണ്. കാരണം, ഇന്നു് വാൎദ്ധക്യത്തിലെ സൎവ്വവിധ ശുശ്രൂഷാഭാരവും ഗവൎമെണ്ടിൻെറ കയ്യിലാണ്. ആത്യമാത്യം ഈ ജനനനിയന്ത്രണസമ്പ്രദായം നടപ്പിലാക്കുന്നതിനു

വേണ്ടി ബീജസംക്രമണശക്തി നശിപ്പിക്കുവാൻ തുടങ്ങിയപ്പോൾ ചിലർ പ്രതിഷേധം പുറപ്പെടുവിക്കുകയുണ്ടായി. അവർ പറഞ്ഞിരുന്നത് ആത്മസംതൃപ്തികൊണ്ട് വിഷയാസക്തികുറക്കാൻ സാധിക്കുമെന്നാണ്. പക്ഷെ, മറെറാരു കൂട്ടർ പറഞ്ഞിരുന്നത്, ലോകത്തിലുള്ള എല്ലാ ദമ്പതിമാരേയും കുറിച്ചോർക്കുമ്പോൾ, ആത്മസംയമനം താൽക്കാലികമായൊന്നും പ്രായോഗികമാകുകയില്ലെന്നാണ്. എന്തായാലും ഇതിൻെറ ഫലമായി ജനസംഖ്യ വദ്ധിപ്പിക്കുവാനും കുറയ്ക്കുവാനും രാഷ്ട്രത്തിന് ഇന്ന് എളുപ്പം സാധിക്കാമെന്നായിത്തീർന്നു.

# നളന്ദായിൽനിന്നു്

രണ്ടാഴ്ചക്കാലത്തോളം നളന്ദായിൽ താമസിച്ചതിനുശേഷം ഞാനെൻെറ യാത്രയാരംഭിച്ചു മിക്ക കാര്യങ്ങളിലും അസാധാരണമായ പരിജ്ഞാനം നേടിയിട്ടുള്ള പക്വബുദ്ധിയായ ഒരാളാണു് വിശ്വാമിത്രൻ. കഴിഞ്ഞ കാലത്തേയും ഇക്കാലത്തേയും സംഭവവികാസങ്ങൾ തമ്മിൽ താരതമ്യം ചെയ്തു് പറഞ്ഞുതരുവാൻ എനിക്കദ്ദേഹത്തെ കിട്ടിയതിൽ ഞാനത്യധികം സന്തോഷിച്ചു. എൻെറ ഇപ്പോഴത്തെ യാത്രയിലും ഞാനദ്ദേഹത്തെതന്നെയാണു് കൂട്ടുകാരനായി തിരഞ്ഞെടുത്തതു്. അദ്ദേഹമതിൽ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.

ആദ്യമായി ഞങ്ങൾ പാട്നയിലേയ്ക്കാണു് തിരിച്ചതു്. ഞാൻ നളന്ദായിലേയ്ക്കു പോയതു പാട്ന വഴിക്കാണെങ്കിലും അപ്പോൾ രാത്രിയായിരുന്നതുകൊണ്ടു് എനിയ്ക്കൊന്നും കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടു് ഇപ്പോഴത്തെ യാത്ര പകൽ സമയ

ത്താക്കുകയാണ് ചെയ്തതു്. ഇരച്ചുപായുന്ന തീവണ്ടി ഓരോ സ്റ്റേഷനിലും നിൽക്കുമ്പോഠം അദ്ദേഹം എനിയ്ക്കുതാതു വിഭാഗങ്ങളിലെ നാഠംനവങ്ങളായ പ്രവണതകളെപ്പററി വിസ്തരിച്ചു പറഞ്ഞു തന്നിരുന്നു. തികച്ചും ആനന്ദപ്രദമായിരുന്നു ആ യാത്രയെന്നു പറഞ്ഞാൽ മതിയല്ലൊ. ഏകദേശം രണ്ടു മണിക്കൂറിനുള്ളിൽ ഞങ്ങഠം പാട്നയിലെത്തിച്ചേൎന്നു.

പാട്നയിലെത്തിയപ്പോഠം എന്നെ അത്യധികം ആകഷിച്ചതു അവിടത്തെ മാന്തോപ്പുകളാണ്. വളരെ നാളുകഠംക്കുമൻപു ഞാനവിടെ പോകുമ്പോഴൊക്കെ എന്നെ സ്വാഗതം ചെയ്തിരുന്നതു് അവിടത്തെ മാന്തോപ്പുകളായിരുന്നു ഇപ്പോഴും അവിടെ മനോഹാരിതയിൽ മുങ്ങിക്കുളിച്ച് ഒരിളം മന്ദഹാസത്തോടെ തൂങ്ങിക്കിടക്കുന്ന പലതരം മാങ്ങകളും കാണുമ്പോഠം ഞാൻ മുഗ്ദ്ധനായിത്തീരുകയാണ് ചെയ്തതു്. ഇന്നു് പാട്നയിൽനിന്നും ലോകത്തിൻെറ നാനാ ഭാഗങ്ങളിലേയ്ക്കും മാമ്പഴം കയററി അയയ്ക്കുന്നുണ്ടത്രെ. ഇതിനുള്ള ഗതാഗത സൗകര്യവുമുണ്ടു്. തീവണ്ടി മാൎഗ്ഗം ഒന്നാംകിടയിലാണിപ്പോഠം. ജപ്പാൻ, ആസ്ത്രേലിയ മുതലായ ദ്വീപുകളൊഴികെ ലോകത്തിലെല്ലായിടത്തേയ്ക്കും തീവണ്ടി പോകുന്നുണ്ടു്.

ലോകത്തിലാകമാനം തീവണ്ടിമാൎഗ്ഗം ബന്ധപ്പെട്ടുകിടക്കുന്നുണ്ടെന്നു് പറയുമ്പോഠം അതേപ്പററി അറിയാൻ കൂടുതൽ ആഗ്രഹമുണ്ടായിരിക്കും. കാട്ട്മാണ്ഡ്, ഡാർജിലിങ്ങ്, സഭിയ—വഴിയായി ഹിമാലയ പൎവ്വതവും കടന്നു് വണ്ടി തിബ്ബത്തിലെത്തുന്നു. തിബ്ബത്തിലൂടെ മാങ്കോളിയയിൽ പ്രവേശിച്ച് പൎവ്വതവും കടന്നു് സൈബിരിയയിലെത്തുന്നു മാങ്കോളിയയിൽ നിന്നു് മഞ്ചൂറിയയിലേയ്ക്കും ചൈനയിലെ വിവിധ ഭാഗങ്ങളിലേയ്ക്കും പോകുന്നു. ചൈനയിൽ നിന്നു്, ഇന്തോചീന, ബൎമ്മ, ആസാം മുതലായ സ്ഥലങ്ങളിലേയ്ക്കും; ബൎമ്മയിൽനിന്നും സാമുദ്രിക തുരങ്കം വഴി സിങ്കപ്പൂരിലേയ്ക്കും സുമാട്രയിലേയ്ക്കും പോകുന്നു.

..............

ഇനി, തിബ്ബത്തിൽനിന്നു് പടിഞ്ഞാട്ടു് കാർഖണ്ഡ്, കാശ്ഗർ, താഷ്ക ണ്ഡ്, സമർഖണ്ഡ്, അഫ്ഘാനിസ്ഥാൻ, ഇറാൻ, തുക്കി അറേബിയ മുതലായ സ്ഥലങ്ങളിലേയ്ക്കും; യൂറൽ പർവ്വതം കടന്നു് റഷ്യയിലേയ്ക്കും പോകുന്നു. ഏഷ്യയും യൂറോപ്പും, അതുപോലെത്തന്നെ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യോജിപ്പിക്കുന്നതു് സാമുദ്രിക തുരങ്കങ്ങൾ വഴിയാണ്. ഉദാഹരണമായി, ഏഷ്യയേയും ആഫ്രിക്കയേയും തമ്മിൽ യോജിപ്പിക്കുന്നതു് "സൂയസ്" കനാലാണല്ലോ? ഇന്നു് സൂയസ് കനാലിൽ തുരങ്കംവഴി തീവണ്ടിപ്പാത യോജിപ്പിച്ചിരിക്കുകയാണ്. മുകളിലൂടെ കപ്പലുകൾക്കു പോകാൻ യാതൊരു തടസ്ഥവുമില്ലാത്ത രീതിയിലാണ് ഈ തുരങ്കനിർമ്മാണം. ഈ നവീനങ്ങളായ പദ്ധതികൾകൊണ്ടു് വളരെയധികം സഹായമുണ്ടായിരിക്കുന്നു.

ഈ സന്ദർഭത്തിൽ തന്നെ അതിപ്രധാനമായ ഒരു കാര്യംകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. കഴിഞ്ഞ ഏതാനും കൊല്ലക്കാലത്തെ നിരന്തര പരിശ്രമത്തിൻെറ ഫലമായി ഇന്നു് "സഹാറാ" മരുഭൂമി സസ്യശ്യാമളമായ ഒരു സ്ഥലമായിത്തീർന്നിരിക്കുകയാണ്. ഇന്നവിടെ ജലസമൃദ്ധമായ ഒരു സമുദ്രംതന്നെയുണ്ടായിരിക്കുന്നു. ഇന്നു് സഹാറായിലുള്ളത്ര തീവണ്ടിപ്പാതകൾ മറെറവിടെയെങ്കിലും കാണുമോ എന്നു് സംശയമാണ്. ഏഷ്യയിലേയും യൂറോപ്പിലേയും പകുതിയിലധികം ജനങ്ങൾക്കും ഇന്നവിടെ സുഖമായി താമസിക്കാൻ സാധിച്ചിരിക്കുന്നു. ഇന്നു് പാശ്ചാത്യനും പൗരസ്ത്യനുമെന്ന യാതൊരു വ്യത്യസ്ത മനോഭാവവുമില്ല. ഞാൻ മുൻപു് പ്രസ്താവിച്ചതുപോലെ, എല്ലാവരും ഒരേ കുഡുംബത്തിലെ കാര്യബോധമുള്ള അംഗങ്ങളേപ്പോലെ സംതൃപ്തിയായി ജീവിതം നയിക്കുകയാണ്. ഹബ്ഗിയെന്നോ, യൂറോപ്യനെന്നോ, ഏഷ്യക്കാരനെന്നോ ഉള്ള യാതൊരു ഭാവഭേദവും കൂടാതെ എല്ലാവരും വിദ്യാഭ്യാസത്തിലും ജീവിതരീതിയിലും ഒരുപോലെയായിത്തീർന്നിരിക്കുകയാണ്; നിറത്തിലും ഒരുപോലെത്തന്നെയായി വരുന്നു

.... ....... .......

ഇനി, പൂൎവ്വാൎദ്ധഗോളത്തിലെ തീവണ്ടിമാൎഗ്ഗത്തെപ്പററിയാണു് പറയാനുള്ളതു്. സൈബീരിയയിൽനിന്നും പുറപ്പെട്ടു് "ബെയറിംഗ്" സമുദ്രവാഹിനിയെ തുരങ്കംവഴി കടന്നു് വണ്ടി വടക്കെ അമേരിക്കയിലെ അലാസ്കയിലെത്തുന്നു. അവിടെ നിന്നു് കനഡ, യു. എസ്. എ; മെക്സിക്കോ വഴി പനാമ കടൽ കടന്നു് തെക്കെ അമേരിക്കയിലേയ്ക്കും, അവിടെനിന്നും കൊളമ്പിയ, പെറു, ബ്രസീൽ, ബൊളിവിയ, ചില്ലി, ആൎജ്ജൻടീന, ഉറുഗ്വെ, പടഗോണിയ മുതലായ ഭാഗങ്ങളിലേയ്ക്കും പോകുന്നു.

ജപ്പാൻ, ആസ്ത്രേലിയ മുതലായ ദ്വീപുകളൊഴികെ ലോകത്തിലെല്ലായിടത്തേയ്ക്കും തീവണ്ടിമാൎഗ്ഗം സുഗമമായിത്തീൎന്നിട്ടുണ്ടെന്നു് മനസ്സിലായല്ലോ. എന്നാൽ സാമാനങ്ങൾ കൊണ്ടുവരുവാനും കൊണ്ടുപോകുവാനും യാത്രയ്ക്കും കപ്പലുകൾ ധാരാളമുപയോഗിക്കുന്നുണ്ടു്. കൂടാതെ ദൂരദിക്കുകളിലേയ്ക്കുള്ള യാത്രയൊക്കെ വിമാനം വഴിക്കാണു് നിൎവ്വഹിക്കുന്നതു്.

വടക്കും തെക്കും ധ്രുവങ്ങളിൽ സൂൎയ്യനുദിക്കുന്ന 6 മാസക്കാലം ജനവാസയോഗ്യമാക്കിത്തീൎത്തിട്ടുണ്ടു് അക്കാലങ്ങളിൽ ശാസ്ത്രജ്ഞന്മാരധികവും അവിടെ നിരവധി ഗവേഷണങ്ങൾക്കുവേണ്ടി സൗകൎയ്യവുംപാൎത്തു് കഴിച്ചുകൂട്ടുക പതിവാണു്. അങ്ങോട്ടു വിമാനം വഴിയ്ക്കാണു് യാത്ര. എനിയ്ക്കിപ്പോൾ "സ്കോട്ടി"നെ (Scott) പ്പററിയാണോൎമ്മവരുന്നതു്. തന്റെ ലക്ഷ്യം കൈവരുത്തുന്നതിനു വേണ്ടി ജീവനെപ്പോലും തൃണവൽഗണിച്ചുകൊണ്ടു് മുന്നോട്ടുനീങ്ങിയ ആ മഹാന്റെ ജീവാപ്പണത്തെപ്പററിയുള്ള കഥകൾ ഇന്നുള്ളവർ വായിക്കുകയാണെങ്കിൽപോലും അവൎക്കു്, അന്നു് അദ്ദേഹത്തിനു അനുഭവപ്പെടേണ്ടിവന്നിട്ടുള്ള ബുദ്ധിമുട്ടുകളുടെ ലേശംപോലും മനസ്സിലാക്കുവാൻ സാധിക്കുമോ എന്നു് സംശയമാണു്. കാരണം, ഇന്നങ്ങിനെയുള്ള ക്ലേശങ്ങളുടെ ശതാംശംപോലും അനുഭവപ്പെടുന്നില്ല

അതെ, പാട്ന യാത്രയെക്കുറിച്ചു് പറഞ്ഞുവന്നപ്പോൾ ഇക്കാൎയ്യവും കൂടി സൂചിപ്പിച്ചുവെന്നേയുള്ളു. പാട്നനഗരത്തെ

പ്പററി പ്രസ്താവിക്കുമ്പോൾ ഞാൻ ഭൂതകാലത്തെപ്പററിയും സ്മരിക്കുന്നുണ്ട്. അന്നു് ആയിരം പേർ തിങ്ങിക്കൂടി താമസിച്ചിരുന്ന സ്ഥലത്ത് ഇന്നു് 50 മുതൽ 100 പേർ വരെ മാത്രമേയുള്ളു. ഓരോ തെരുവും ശുചിയുള്ളതായി, ഓരോ വീടും പരിശുദ്ധിനിറഞ്ഞതായി, ഓരോ തോട്ടവും ഹൃദയാകർഷകമായി—തികച്ചും ഗ്രാമത്തിൻെറ പ്രതിരൂപമായിതന്നെ കാണപ്പെട്ടു. പല നിലകളിലുള്ള കെട്ടിടങ്ങൾ—ഓഫീസുകളാണധികവും; പത്രറിക്കാർട്ടുകൾ സൂക്ഷിയ്ക്കുന്ന ഓഫീസുണ്ടവിടെ—50 നിലയിലുള്ള ഒരു കെട്ടിടമാണതു്. "അശോകഭവനം—" പാട്നയിലെ ഏററവും മനോഹരമായ ഒരു കെട്ടിടമാണിതു്.

ഞാനങ്ങിനെ പ്രാധാന്യമുള്ള പല സ്ഥലങ്ങളും സന്ദർശിച്ചു. അലഹബാദ്, ഡെൽഹി (ഇന്നും ഇന്ത്യയുടെ തലസ്ഥാനം ഡൽഹിതന്നെയാണ്) പഞ്ചാബ്, രാജസ്ഥാൻ, സിൻഡ്—തുടങ്ങി പല സ്ഥലങ്ങളിലും; അവിടെനിന്നു് തെക്കെ ഇന്ത്യയിലും യാത്ര ചെയ്തു. എൻെറ ഈ യാത്രയിൽനിന്നു് ഇന്ത്യയെ സംബന്ധിച്ചിടത്തോളം രണ്ടു കാര്യങ്ങൾ അതിപ്രധാനമായി തോന്നി. അതായതു്, "പാക്കിസ്ഥാനും സിലോണും ഇന്ത്യയോടുകൂടി സംയോജിച്ചിരിക്കുന്നു." എന്നാണ്.

ചില സ്ഥലങ്ങളിലുള്ള പഴയ ദേവാലയങ്ങളും ഞാൻ സന്ദർശിച്ചു. പഴയ ദേവാലയങ്ങളിന്നുമുണ്ടോ? ഉണ്ടു്. പക്ഷെ, ആരാധനാസ്ഥലമായിട്ടില്ല. ചരിത്രരേഖകളെന്ന നിലക്കു വളരെ ശ്രദ്ധയോടെ സൂക്ഷിക്കുന്നുണ്ടെന്നുമാത്രം. ഉദാഹരണമായി ബോധഗയ, സാരനാഥം മുതലായ സ്ഥലങ്ങളെടുക്കുക. അവിടങ്ങളിൽ മഹാനായ ബുദ്ധൻെറ പാവനസ്മരണയുടെ പ്രതീകങ്ങളായി നിലനിന്നിരുന്ന ക്ഷേത്രങ്ങളും സ്തൂപങ്ങളും ഇന്നും സുരക്ഷിതമാക്കി വെച്ചിരിക്കുകയാണ്. ചരിത്രപ്രാധാന്യമുള്ള ആ സ്ഥലങ്ങൾ സന്ദർശിക്കുവാൻ ഇന്നും അവിടെ ആയിരക്കണക്കിനാളുകൾ ദൈനംദിനം വന്നുകൊണ്ടിരിക്കുന്നു. ഇന്നു് ദാനവും ഗോദ്ദാനവും,

പൂജയും പുഷ്പാർച്ചനയുമൊന്നുമില്ല. അങ്ങുമിങ്ങും തെണ്ടിയലഞ്ഞു നടന്നിരുന്ന സന്യാസികളോ, ജനങ്ങളെ ഭീഷണിപ്പെടുത്തി തൻ കാര്യം നേടിയിരുന്ന മന്ത്രവാദികളോ ഇല്ല.

ചുരുക്കിപ്പറഞ്ഞാൽ, എല്ലായിടത്തും ആനന്ദിക്കുന്ന മനുഷ്യരാശിയാണ്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും പുരോഗതിയിലേയ്ക്കെത്തിയിട്ടുള്ളവരാണവർ.

4319

# ഇന്നു്.

മുൻകാലങ്ങളിൽ ധനോപാൎജ്ജനത്തിനുവേണ്ടി മനുഷ്യർ രാവും പകലും പരിശ്രമിച്ചിരുന്നു. അന്നവൎക്കതിനുള്ള സ്വാതന്ത്ര്യവുമുണ്ടായിരുന്നു. അന്നത്തെ ധനവാന്മാൎക്കു് നാടിൻെറ പുരോഗതിയെപ്പററിയോ അധോഗതിയെപ്പററിയോ ചിന്തിക്കാനോ സമയമുണ്ടായിരുന്നില്ല. പ്രത്യേകിച്ചും ഇരുപതാംനൂററാണ്ടിലാണു്. ഈ സ്ഥിതി അതിൻെറ പാരമ്യത്തിലെത്തിച്ചേൎന്നതു്. നാടിനെന്തു ഗതികേടുവന്നാലും വേണ്ടില്ല; പണമുണ്ടാക്കണം; അതാണന്നത്തെ ഓരോ പണക്കാരൻേറയും ലക്ഷ്യം അതിനുവേണ്ടി വ്യാപാരം ചെയ്തു കൊള്ളലാഭമെടുക്കുകയാണവർ ചെയ്തിരുന്നതു്. ആയിരക്കണക്കിനും ലക്ഷക്കണക്കിനും തൊഴിലാളികളെക്കൊണ്ടു് തൊഴിൽശാലകളിൽ പണിയെടുപ്പിക്കുക. മദ്യം, സിഗററ്, ബീഡി, കറപ്പു് മുതലായ ഹാനികരങ്ങളായ പദാൎത്ഥങ്ങൾ നിൎമ്മിക്കുക; അതിനുവേണ്ടി ലക്ഷക്കണക്കിനേക്ര സ്ഥലമുപയോഗിക്കുക—ഇതായിരുന്നു അന്നത്തെ ഏറിയഭാഗവും പണക്കാരുടെ

സ്ഥിതി. പക്ഷെ, ഇന്നു് അതൊക്കെ മാറിക്കഴിഞ്ഞുവെന്നു് ഞാനാവർത്തിച്ചാവർത്തിച്ചു പറയുകയാണു്. മനുഷ്യനു് ആവശ്യമായിട്ടുള്ള ശാരീരികമായും മാനസികമായും സംതൃപ്തിദായകമായ പദാർത്ഥങ്ങൾ കുറഞ്ഞ അദ്ധ്വാനംകൊണ്ടു് കൂടുതൽ ഉൽപ്പാദിപ്പിക്കുക; ബാക്കി സമയങ്ങളിൽ ആനന്ദപ്രദമായി ജീവിതം നയിക്കുക—ഇന്നത്തെ ലോകവ്യാപകമായ നിയമവും ലക്ഷ്യവുമിതാണു്. യാതൊരു വക ലഹരിപദാർത്ഥങ്ങളും (കാപ്പിയോ ചായയോപോലും) ഇന്നുപയോഗിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്നില്ല. ഭക്ഷണകാര്യങ്ങളിൽ വലിയ നിഷ്കർഷയാണിന്നു്. നല്ലനല്ല പുഷ്ടികരമായ ധാന്യങ്ങളാണിന്നുൽപ്പാദിപ്പിക്കപ്പെടുന്നതു്. അതുപോലെതന്നെ ജീവിതാവശ്യങ്ങൾക്കുള്ള എല്ലാ പദാർത്ഥങ്ങളും ഒന്നാംതരത്തിലുള്ളവയാണു്.

ഇനി, പണം! എന്താണതു്? ഇന്നങ്ങിനെയൊരു പേരുപോലും കേൾക്കാനില്ല . വ്യക്തിപരമായ സമ്പാദ്യമില്ലാത്തതുകൊണ്ടു് നികുതിനിയമങ്ങളൊന്നുമില്ല. വക്കീലും വക്കാലത്തും കോടതിയും കച്ചേരിയുമൊക്കെ നാമാവശേഷമായിട്ടെത്രനാളായി! കളവില്ല, ചതിയില്ല, വഞ്ചനയില്ല, പരദൂഷണമില്ല പിന്നെയെന്തിനു പോലീസും പട്ടാളവും? മനുഷ്യർക്കിന്നു് പരസ്പരം ആത്മാർത്ഥമായ വിശ്വാസം കൈവന്നിരിക്കുന്നു. അതിൻെറ പ്രധാനമായ കാരണം, വ്യക്തിപരമായ ഉടമസ്ഥത, അധികാരകേന്ദ്രീകരണം മുതലായവ നഷ്ടപ്പെട്ടതുകൊണ്ടാണു് ഇന്നു് സംശ്ലിഷ്ടമായ വിദ്യാഭ്യാസവും ഉൽകൃഷ്ടമായ ചികിത്സാസമ്പ്രദായവുമുള്ളതുകൊണ്ടു് സമുദായത്തിലെല്ലാവരും സംസ്കൃതചിത്തരും ആരോഗ്യസമ്പന്നരുമാണു്.

ഇന്ത്യയുടെ നാനാഭാഗങ്ങളിലും ചുററിസ്സഞ്ചരിച്ചു് അതാതിടങ്ങളിലെ ജീവിതരീതിയെപ്പററി സമഗ്രമായ ഒരു പഠനം നടത്തിയതിനുശേഷം എനിക്കു് ഇവരിലൊരു "കുറവ്"കണ്ടെത്താൻ സാധിച്ചിരിക്കുന്നു. ഇവർ വഴക്കടിക്കുന്നുണ്ടോ? ഇല്ല. പക്ഷെ, നിശ്ശേഷമില്ലെന്നു പറയാമോ? അത്രയ്ക്കായിട്ടില്ല; ആയിവരുന്നു. അതിനു ഞാൻ കണ്ടെത്തിയ കാരണങ്ങൾ രണ്ടാണു്—

ഒന്നാമതായി, മനുഷ്യരിൽ പരമ്പരാഗതമായിതന്നെ അന്തർലീനമായിട്ടുള്ള അഹങ്കാരമാണു്.

രണ്ടാമതായി, സ്ത്രീപുരുഷബന്ധവും.

ഞാൻ രണ്ടാമതു പറഞ്ഞ കാരണത്തെപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഇന്നു് എല്ലാ തുറകളിലും സ്ത്രീകൾക്കും പുരുഷന്മാക്കും തുല്യമായ അധികാരമുണ്ടു്. അവർ പവിത്രമായ പ്രേമബന്ധത്തിൽ അടിയുറച്ചു് വിശ്വസിക്കുന്നവരാണു്; ആ അടിസ്ഥാനത്തിൽ ജീവിതയാത്ര തുടരുന്നവരാണു്. ഇന്നു് സാമ്പത്തികമായ അസ്വാതന്ത്ര്യമോ സാമുദായികമായ വിദ്രോഹമോ ജനിക്കുന്നില്ല. പിന്നെന്തുകൊണ്ടു് ആ ദാമ്പത്യജീവിതം ആജീവനാന്തം നിലനിന്നുകൂടാ? സമുദായത്തിനുണ്ടായിരിക്കേണ്ട പ്രധാനമായ ഒരു ഗുണമാണതു്. പക്ഷെ, യാദൃശ്ചികമായ ചില സംഭവവികാസങ്ങൾമൂലം ആ പ്രേമപാശത്തിൻെറ ചില നേരിയ "ഇഴകൾ" പൊട്ടിപ്പോകുകയാണെങ്കിൽ (99 ശതമാനവും അതസംഭാവ്യമാണ്. ആസക്തിയുള്ള ഒരു ശതമാനത്തെപ്പററിയാണ് ഞാൻ പരാമശിക്കുന്നതും) ചില വ്യതിയാനങ്ങൾ സംഭവിക്കാനിടയുണ്ടു്. ഈ വ്യതിയാനത്തിൻെറ പരിണാമം ആ ബന്ധമങ്ങു വേർപെടുത്തുക എന്നുള്ളതുമാത്രമാണു്. എന്തായാലും ഈ കുഴപ്പം വളരെ വളരെ വിരളമായിട്ടേ കാണപ്പെടുന്നുള്ളു ആ ദോഷം നിശ്ശേഷം പരിഹരിക്കാനുള്ള പോംവഴികൾ ഉടനടി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ചിന്തകന്മാരുടെ ദൃഷ്ടി അങ്ങോട്ടു പതിഞ്ഞിട്ടുണ്ടു്. ആസന്നഭാവിയിൽതന്നെ ഈ ദോഷവും പരിഹരിക്കപ്പെടുമെന്നു് വിശ്വസിക്കാതെ തരമില്ല.

ഇന്നു് വക്കീലും, പുരോഹിതനും, തൂപ്പുകാരിയും, വ്യഭിചാരിണിയും, ഭിക്ഷക്കാരനും, സന്ന്യാസിയും, കച്ചവടക്കാരനും വേലക്കാരനുമില്ല. ദൈവവും ദേവാലയവുമില്ല: പൂജാരിയും പൂജയുമില്ല; ബലിയും മോഷണവുമില്ല ജാതിഭേദമോ, നിറഭേദമോ, ഇല്ല. കുഷ്ഠം, ഭ്രാന്തു്, ക്ഷയം മുതലായ മഹാരോഗങ്ങളൊന്നുമില്ല. കഴിഞ്ഞ നൂററാണ്ടിൽ രാഷ്ട്രത്തിന്നു് ഈ ഭീകരരോഗങ്ങളോടു പോരാടേണ്ടിവന്നു. അതിൽ അതിശയകരമാംവിധം വിജയംനേടുകയും ചെയ്തു. ഇന്നു് ഭൂമുഖത്തെവിടെനോക്കിയാലും അന്ധനോ, ബധിരനോ, ഭ്രാന്തനോ, വികൃതദേഹിയോ ആയ യാതൊരാളെയും കാണുകയില്ല.

L. 241

# ഇരുപത്തിരണ്ടാം നൂററാണ്ട്

രാഹുൽ
സാംകൃത്യായൻ

Indic Digital Archive Foundation
gpura.org